No. 235

AUGUST 2012

KERALA PRIVATE

# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



# ഉന്നതവിദ്യാഭ്യാസത്തെ തകർക്കുന്ന ഹൃദയകുമാരി കമ്മിററി റിപ്പോർട്ട്


KERALA PRIVATE
COLLEGE TEACHER
a monthly journal of
the all kerala private college teachers' association
No. 235 August 2012

EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar
*Managing Editor*
Dr. G. S. Suresh
*Assistant Editor*
Dr. M.S.Vasanthakumar

*Members*
Prof. P. Mammed
Dr. K. Sreevalsan
Dr. K. P. Sukumaran Nair
Dr. P.S. Geetha Kumari
Prof. R. Mohanakrishnan
Dr. Mathew J. Muttath
Dr. V. Rajendran Nair
Prof. A.G. Oleena
Dr. K.Biju kumar
Prof. Promod Vallachal
Prof. Ajith. G. KrishnaP
Prof. M.D. Ratheesh kumar
Dr. C. Unnikrishnan
Dr. N.Gopa kumar
Prof. N. Vipin Chandran
Dr. Soju

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org




# 235

# inside

**ഉന്നതവിദ്യാഭ്യാസത്തെ തകർക്കുന്ന ഹൃദയകുമാരി റിപ്പോർട്ട്**
*നിഷാന്ത്. എ*

**Old Wine in New Bottle**
*K. Krishnadas*

**ഉന്നതവിദ്യാഭ്യാസവും ഗുണമേന്മയും നിർവ്വചനത്തിന്റെ രാഷ്ട്രീയം**
*സി. പത്മനാഭൻ*

**Dalit**
*Vinod kumar Edacherry*

**Filing of Income Tax Return**
*Tomichan Joseph*

- General Secretary's Page
- Economic Focus
- വാർത്താമധ്യം
- ശാസ്ത്രജാലകം
- വനിതാവേദി
- സർവ്വീസ് പംക്തി
- സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ
- പുസ്തകലോകം
- സർക്കാർ ഉത്തരവുകൾ

*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

ഓണാശംസകൾ

Chief Editor's Desk



# സഹൃദയത്വം തീരെയില്ലാതെ ഹൃദയകുമാരി കമ്മിററി റിപ്പോർട്ട്

ഡിഗ്രിതല പഠനത്തിൽ നാല് ദശകത്തിലേറെക്കാലം കേരളത്തിലെ സർവകലാശാലകളുടെ കീഴിലുള്ള കോളജുകളിൽ നിലനിന്നിരുന്ന വാർഷിക പരീക്ഷാ സമ്പ്രദായത്തിന് മാററം വരുത്തിക്കൊണ്ട് നിലവിൽ വന്ന ചോയിസ്ബേസ്ഡ് ക്രെഡിററ് ആൻറ് സെമസ്റ്റർ സമ്പ്രദായത്തിൻെറ ഉദ്ദേശ ലക്ഷ്യങ്ങളോ ഗുണപരമായ മേന്മയോ ഹൃദയം തുറന്ന് പരിശോധിക്കാൻ തയ്യാറാകാതെ കമ്മീഷൻെറ മുൻവിധിയും രാഷ്ട്രീയ ധാർഷ്ട്യവും പ്രഖ്യാപിക്കുന്നതും തികച്ചും ഹൃദയശൂന്യവുമായ ഒരു റിപ്പോർട്ടാണ് പ്രൊഫ. ഹൃദയകുമാരി കമ്മിററി സമർപ്പിച്ചിരിക്കുന്നത്. പരസ്പര വിരുദ്ധമായ നിരവധി നിർദ്ദേശങ്ങൾ അടങ്ങുന്നതും കമ്മീഷനെ ആരോ കൈപിടിച്ചെഴുതിപ്പിച്ചതെന്ന് തോന്നുന്ന തരത്തിൽ യുക്തിരഹിതവുമാണ് പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം. ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ അടിസ്ഥാന തത്വങ്ങളെ കമ്മീഷൻ നിരാകരിക്കുകയാണ്. ബിരുദ തലത്തിൽ ഈ സമ്പ്രദായം നടപ്പാക്കിയപ്പോൾ ഒരു പുതിയ സമ്പ്രദായം എന്ന നിലയിൽ ഉയർന്നു വന്ന അഭ്യൂഹങ്ങളും പ്രായോഗിക പ്രശ്നങ്ങളും പഠിച്ച് പരിഹാരം കാണുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വേണ്ടിയാണ് പ്രൊഫസർ. ബി.ഹൃദയകുമാരി അദ്ധ്യക്ഷയായ സമിതിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചത്. എന്നാൽ കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾക്ക് ഇണങ്ങാത്തതാണ് ഈ സമ്പ്രദായം എന്നാണ് ഈ കമ്മിറ്റിയുടെ കണ്ടെത്തൽ.

നാലു പതിററാണ്ടുകളായി നിലനിന്നു വന്ന സമ്പ്രദായം വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസത്തിനും ധിഷണാപരമായ വളർച്ചയ്ക്കും ഉതകുന്ന തരത്തിലല്ലെന്ന് പരക്കെ വിമർശിക്കപ്പെട്ടിരുന്നു. ദേശീയമോ അന്തർദേശീയമോ ആയ മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പിന്തള്ളപ്പെടുകയാണെന്നും ഡിഗ്രി കഴിഞ്ഞിറങ്ങുന്ന ഒരു വിദ്യാർത്ഥിക്ക് സ്വന്തമായി ഒരു കത്തെഴുതാൻ പോലും കഴിവുണ്ടാകുന്നില്ലെന്നും ഏവരും വിലപിച്ചിരുന്നു. അതിന് പരിഹാരം കാണാനായി ഗുണമേന്മയുള്ള വിദ്യാഭ്യാസസമ്പ്രദായം നടപ്പാക്കാനാണ് പരിഷ്കാരത്തിലൂടെ ശ്രമിച്ചത്. പഴയ സമ്പ്രദായത്തെ വിമർശിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നവരാണ് ഇപ്പോൾ അതിനെ തള്ളിപ്പറയുന്നത്. ഐ ഐ ടി തുടങ്ങിയ സ്ഥാപനങ്ങളിലും ബിരുദാനന്തര ബിരുദതലത്തിലും കാര്യക്ഷമമായി നടപ്പാക്കി വരുന്ന ഒരു സമ്പ്രദായമാണ് സി ബി സി എസ് എന്ന കാര്യം വിമർശകർ മറക്കുകയാണ്. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന ആർട്സ് ആൻറ് സയൻസ് കോളജുകളിലെ ഡിഗ്രിതല പഠനത്തിൽ മാത്രം അത് ഇണങ്ങിച്ചേരാതെ പോകുന്നതായി തോന്നുന്നത് എന്തുകൊണ്ടെന്ന് മനസ്സിലാകുന്നില്ല. പാവപ്പെട്ടവർക്ക് മാററങ്ങളൊന്നും വേണ്ട; വരേണ്യ വിദ്യാലയങ്ങളിൽ മതി പരിഷ്കാരങ്ങൾ എന്നതാണോ കമ്മിഷൻെറ മനസിലിരിപ്പ്? കേന്ദ്രസർക്കാരും യു.ജി.സി, നാക് തുടങ്ങിയ ദേശീയ സമിതികളും ഈ പരിഷ്കരണത്തെ ശക്തമായി പിൻതുണയ്ക്കുന്ന സാഹചര്യത്തിൽ ഇത് പൂർണ്ണമായി നിരാകരിച്ചാൽ സർക്കാരിനും സർവ്വകലാശാലകൾക്കും കോളജുകൾക്കും ഉണ്ടാകാവുന്ന ബുദ്ധിമുട്ട് പരിഗണിച്ച് മാറ്റങ്ങളോടെ ഈ സമ്പ്രദായം തുടരാമെന്നും കമ്മിറ്റി അഭിപ്രായപ്പെടുന്നു.

ഓരോ സർവ്വകലാശാലയുടെയും കീഴിൽ രണ്ടോ മൂന്നോ കോളജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്ത് സ്വയംഭരണാവകാശം നൽകണമെന്നും, ഈ സ്ഥാപനങ്ങളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം തുടരണമെന്നും, മറ്റ് സാധാരണ കോളജുകൾ പഴയ വാർഷിക സമ്പ്രദായത്തിലേക്ക് മടങ്ങിപ്പോകണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നിഷേധിക്കുന്ന കമ്മിറ്റിയുടെ ഈ സമീപനം പ്രതിഷേധാർഹമാണ്.

ഡിഗ്രി തലത്തിലേക്ക് വരുന്ന വിദ്യാർത്ഥികൾക്ക് ഭാഷാപരമായ കഴിവ് തീരെ കുറവാണെന്നും, ടെസ്റ്റ് പേപ്പറുകൾ, അസൈൻമെന്റുകൾ, സെമിനാറുകൾ എന്നിവ പരിശോധിച്ച് തെറ്റ് തിരുത്തിക്കൊടുക്കുവാൻ വിദ്യാർത്ഥി ബാഹുല്യം മൂലം അധ്യാപകർക്ക് കഴിയാറില്ലെന്നും, ഇതു മൂലം തെറ്റായ ഭാഷയ്ക്ക് സ്വീകാര്യത ഉണ്ടാകുന്ന കാര്യം പരിഗണിച്ച് ആന്തരിക മൂല്യനിർണ്ണയം തന്നെ ഉപേക്ഷിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഇത് അപഹാസ്യമാണ്. അധ്യാപക - വിദ്യാർത്ഥി അനുപാതം. യുക്തിസഹമാകണമെന്നതിൽ സംശയമില്ല. എന്നാൽ ആന്തരിക മൂല്യനിർണ്ണയത്തിനായി നിർദ്ദേശിക്കുന്ന അസൈൻമെൻറ് ടെസ്ററ് പേപ്പർ, സെമിനാർ തുടങ്ങിയവ ഏതാനും ചില മാർഗ്ഗങ്ങൾ മാത്രമാണ്. തൻെറ ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ശ്രദ്ധയിലേയ്ക്കു വരേണ്ടതായ പാഠ്യവും പാഠ്യേതരവുമായ വിഷയങ്ങളിലേക്ക് അവരുടെ മനസ്സും പ്രതികരണവും അന്വേഷണ തൃഷ്ണയും പോത്സാഹിപ്പിക്കുന്ന ഏതു മാർഗ്ഗവും അവലംബിക്കാൻ അധ്യാപകന് കഴിയണം. പ്രൊഫഷണൽ കോളജുകളിൽ ഇപ്പോൾ നിലനിന്നു വരുന്ന ഈ സമ്പ്രദായത്തിലും അധ്യാപക-വിദ്യാർത്ഥി അനുപാതം . യുക്തിസഹമായി പരിഷ്കരിക്കപ്പെട്ടിട്ടില്ല എന്നും മനസ്സിലാക്കേണ്ടതുണ്ട്. ക്രമേണ വിദ്യാർത്ഥി അനുപാതം നിജപ്പെടുത്തുവാൻ കഴിയേണ്ടതാണ്. പക്ഷെ അതുവരെ ഒരു മാററവും ആശാസ്യമല്ല എന്ന വാദഗതി തികച്ചും യാഥാസ്തികവും പിന്തിരിപ്പനുമാണ്.

ഒരു സെമസ്റ്ററിൽ ലഭിക്കേണ്ട 90 സാധ്യായ ദിവസങ്ങളിൽ പകുതി പോലും ലഭിക്കാത്ത സാഹചര്യത്തിൽ ഇംഗ്ലീഷ് പേപ്പറുകളും കോർ വിഷയങ്ങളുടെ പേപ്പറുകളും വാർഷിക രീതിയിലേക്ക് മാറ്റണമെന്നും അനുബന്ധ വിഷയങ്ങൾക്ക് മാത്രം സെമസ്റ്റർ രീതി തുടർന്നാൽ മതിയെന്നും ഉള്ള സങ്കര നിർദ്ദേശം, ഇന്ത്യയിലെ പ്രശസ്തമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.റ്റികൾ,എൻ.ഐ.റ്റികൾ,കേരളത്തിലെ എൻജിനിയറിംഗ് കോളജുകൾ എന്നിവടങ്ങളിൽ ദശാബ്ദങ്ങളായി തുടർന്ന് വരുന്ന സെമസ്റ്റർ സമ്പ്രദായത്തിന്റെ അന്തസത്തയ്ക്ക് നിരക്കാത്തതാണ്. സെമസ്റ്ററിലെ സാധ്യായദിവസങ്ങളുടെ നഷ്ടം വാർഷിക സമ്പ്രദായത്തിൽ പരിഹരിക്കപ്പെടുമെന്നുള്ള വാദം യുക്തിസഹമല്ല. സാധാരണ രീതിയിൽ ഒരു പേപ്പറിന് കൊടുക്കാവുന്ന പരമാവധി ക്രെഡിറ്റ് 4 ആകണമെന്നിരിക്കെ കോർ വിഷയങ്ങളിൽ പേപ്പറുകളുടെ എണ്ണം കുറയ്ക്കണമെന്നും എന്നാൽ ആകെ ക്രെഡിറ്റ് 120 തന്നെയായി നിലനിർത്തണമെന്നുള്ള നിർദ്ദേശങ്ങൾ പരസ്പരവിരുദ്ധമാണ്. സെമസ്റ്റർ സമ്പ്രദായത്തിൽ പാഠങ്ങൾ പഠിപ്പിച്ചു തീർക്കാൻ വേണ്ടത്ര സമയം ലഭിക്കുന്നില്ല എന്നു പരിതപിക്കുന്നവർ ഒന്നോർക്കണം. വാർഷിക സമ്പ്രദായത്തിൽ ധാരാളം സമയം ഒരു വർഷം മുഴുവനായി ലഭിച്ചിരുന്നപ്പോഴും എല്ലാം പഠിപ്പിച്ചു തീർത്തു എന്നോ, പരീക്ഷകൾ കൃത്യസമയത്തു തന്നെ നടത്തി ഫലം വരുത്തിയിരുന്നുവെന്നോ അധികമാർക്കും അവകാശപ്പെടാൻ കഴിഞ്ഞിരുന്നില്ല അലസമായി കാര്യങ്ങൾ കൈകാര്യം ചെയ്യുവാനാഗ്രഹിക്കുന്നവർക്ക് സെമസ്റ്റർ സമ്പ്രദായം പ്രയാസകരമായിക്കുമെന്നതിൽ സംശയം വേണ്ടാ. കാമ്പസും വിദ്യാർത്ഥികളും അധ്യാപകരും ഗൗരവതരമായ ഒരു പഠനപ്രക്രിയയ്ക്ക് കൃത്യമായ മോണിട്ടറിംഗോടെ വിധേയമാക്കുകയാണ് വേണ്ടത്. അതിന് മാനസികമായി തയ്യാറാകാത്തവർക്കുള്ള കുറിക്കെഴുത്താണ് കമ്മിഷൻ റിപ്പോർട്ട്. ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നിതിന്റെ ഭാഗമായി വാർഷിക സമ്പ്രദായത്തിൽ നിലവിലുണ്ടായിരുന്ന ഏപ്രിൽ, മെയ് വെക്കേഷൻ നവംബർ, മെയ് മാസങ്ങളിലായി പുനഃക്രമീകരിക്കണമെന്ന് എല്ലാ സർവ്വകലാശാലകളുടെയും റെഗുലേഷൻ അനുശാസിക്കുന്നു. വെക്കേഷൻ പുനഃക്രമീകരണം ഒഴിവാക്കി പഴയപടി നിലനിർത്തണമെന്ന കമ്മിറ്റിയുടെ ശുപാർശ ക്രെഡിറ്റ് അന്റ് സെമസ്റ്റർ സമ്പ്രദായത്തെ തകർക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

രണ്ട് ദശകത്തിലധികമായി സർവ്വകലാശാലകളിലും ഒരു ദശകത്തിലധികമായി കോളജുകളിലും സെമസ്റ്റർ രീതിയിൽ കാര്യമായ പരാതികൾ ഇല്ലാതെ നടന്നു വരുന്ന പി.ജി. കോഴ്സുകളിൽ സെമസ്റ്റർ രീതി ഉപേക്ഷിക്കണമെന്ന കമ്മീഷൻെറ നിർദ്ദേശത്തിന്റെ ലക്ഷ്യം ദുരൂഹമാണ്. കോളജുകളും സർവ്വകലാശാലകളും അഭിമുഖീകരിക്കുന്ന പ്രതികൂല സാഹചര്യങ്ങളെ മറികടന്ന് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം വിജയിപ്പിക്കാൻ ആവശ്യമായ ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പകരം പരിഷ്കാരത്തിൽ വെള്ളം ചേർത്ത് നശിപ്പിക്കാൻ ശ്രമിക്കുന്ന സമീപനം ചെരുപ്പിനനുസരിച്ച് കാല് മുറിക്കുന്നതിന് സമാനമാണ്. ഈ സമീപനം അക്കാദമിക രംഗത്ത് ഒട്ടും ആശാസ്യമല്ല.

ബാർ കോഡഡ് ആൻസർ ബുക്കുകൾ, വികേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ, മൂല്യനിർണ്ണയ ഫലങ്ങളുടെ ഓൺലൈൻ ടാബുലേഷൻ, ഓൺ ലൈൻ ഹാൾടിക്കറ്റ്, ഏകജാലക വിദ്യാർത്ഥി പ്രവേശനം, വെക്കേഷൻ പുനഃക്രമീകരണം, ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി ഉപയോഗിച്ചുള്ള അധ്യാപനരീതി എന്നീ നടപടി ക്രമങ്ങളിലൂടെ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം അതിന്റെ ഗുണമേന്മ നിലനിർത്തിക്കൊണ്ട്തന്നെ ഭംഗിയായി നടപ്പിലാക്കാൻ കഴിയുമെന്നാണ് എം.ജി, കണ്ണൂർ സർവ്വകലാശാലകളിലെ അനുഭവം തെളിയിക്കുന്നത്. ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം അട്ടിമറിക്കാനുള്ള കമ്മിറ്റിയുടെ നിർദ്ദേശം അംഗീകരിക്കുന്നതിന് പകരം എം.ജി.യൂണിവേഴ്സിറ്റിയിലും കണ്ണൂർ യൂണിവേഴ്സിറ്റിയിലും വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരത്തെ കൂടുതൽ ആരോഗ്യകരമായി കേരളത്തിലെ ഇതര സർവ്വകലാശാലകളിലും നടപ്പിലാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉപദേശിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഏതൊരു പരിഷ്കാരത്തിനും അതിൻെറ തുടക്കത്തിൽ സ്വാഭാവികമായ പരിമിതികളും കുറവുകളും ഉണ്ടാകുമെന്നതിൽ സംശയമില്ല. എന്നാൽ അത്തരം പരിമിതികളെയും കുറവുകളെയും സഹിഷ്ണതയോടെ പഠിച്ച് പരിഹാരം നിർദ്ദേശിക്കുവാനുള്ള സഹൃദയത്വം പ്രകടിപ്പിക്കാത്ത കമ്മീഷൻെറ റിപ്പോർട്ടിനെ കേരളത്തിലെ അദ്ധ്യാപക- വിദ്യാർത്ഥി സമൂഹം അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുമെന്നതിൽ സംശയമില്ല

# സെബാസ്ററ്യൻ കെ. ആൻറണിയെ **സർവ്വീസിൽ** തിരികെ പ്രവേശിപ്പിക്കുക

ഡോ.കെ.ശ്രീവത്സൻ
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ



എറണാകുളം സെൻറ് ആൽബർട്ട് കോളജ് മലയാള വിഭാഗം അദ്ധ്യാപകനും, എ കെ പി സി ടി എ എറണാകുളം ജില്ലാ പ്രസിഡൻറുമായിരുന്ന പ്രൊഫ. സെബാസ്ററ്യൻ കെ. ആൻറണിയെ കോളജിൽ നിന്നും പുറത്താക്കാൻ മാനേജ്മെൻറ് നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ ആദ്യത്തേത് കോളജിൻെറ നാളിതു വരെ നിലനിന്നിരുന്ന പ്രവർത്തന സമയമാററവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ നയിച്ച സമരത്തിൻെറയും പ്രസ്തുത വിഷയത്തിൽ മാനേജ്മെൻറിൻെറ നടപടിക്കെതിരെ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ പിന്നിലെ പ്രേരകശക്തി പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണി ആയിരുന്നുവെന്ന മിഥ്യാധാരണയിൽ അദ്ദേഹത്തെ രണ്ടായിരത്തി അഞ്ച് ജൂൺ മാസം പതിനാറാം തിയതി സർവ്വീസിൽ നിന്നും സസ്പെൻറു ചെയ്യുകയുണ്ടായി. ഈ നടപടി സാമാന്യനീതിക്ക് നിരക്കാത്തതാകയാൽ എ കെ പി സി ടി എ ശക്തമായ സമരവുമായി മുന്നോട്ടു വന്നു. ഈ സമരവുമായി ബന്ധപ്പെട്ട് ഗാന്ധി പീസ് ഫൗണ്ടേഷൻെറ നേതൃത്വത്തിൽ നടന്ന അനുരഞ്ജന ശ്രമങ്ങളുടെ ഫലമായി അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയുണ്ടായി. എന്നാൽ 2008 ഫെബ്രുവരി എട്ടാം തിയതി അററൻഡൻസ് ബുക്കിൽ തിരുത്തൽ വരുത്തി എന്നാരോപിച്ച് വീണ്ടും സർവ്വീസിൽ നിന്നും സസ്പെൻറു ചെയ്തു. സസ്പെൻഷനെത്തുടർന്ന് എ കെ പി സി ടി എയുടെയും മററു പുരോഗമന പ്രസ്ഥാനങ്ങളുടെയുംമായ നേതൃത്വത്തിൽ കോളജിലേക്ക് ബഹുജന മാർച്ചും അനിശ്ചിതകാല സത്യാഗ്രഹസമരവും ആരംഭിക്കുകയുണ്ടായി. ആറുനാൾ നീണ്ടു നിന്ന ഈ സമരം എ കെ പി സി ടി എ യുടെ സമരചരിത്രത്തിലെ ഐതിഹാസികമായ ഒരേടാണ്. ഈ ഐതിഹാസിക സമരത്തിൽ കേരളത്തിലെ മുഴുവൻ സ്വകാര്യ കോളജുകളുടെയും പങ്കാളിത്തമുണ്ടായി എന്നത് ഏററവും അഭിമാനാർഹമാണ്.

മാനേജ്മെൻറിൻെറ ഇംഗിതത്തിനുസരിച്ച് പ്രവർത്തിക്കുന്ന ഒരന്വേഷണ കമ്മീഷനെ വച്ച് അന്വേഷണം നടത്തുകയുണ്ടായി. ആവശ്യമായ മുഴുവൻ രേഖകളും വിളിച്ചു വരുത്തി പരിശോധിക്കാതെ മാനേജ്മെൻറ് സാക്ഷികളുടെ മൊഴിയനുസരിച്ച് സെബാസ്ററ്യൻ കെ ആൻറണി കുററം ചെയ്തതായി കണ്ടെത്തുകയാണ്. അന്വേഷണ കമ്മീഷൻ ചെയ്തത് ഈ കണ്ടെത്തലിൻെറ അടിസ്ഥാനത്തിൽ സെബാസ്ററ്യൻ കെ ആൻറണിയെ 17.1.2009 ൽ സർവ്വീസിൽ നിന്ന് പുറത്താക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ പുറത്താക്കലിനെ തുടർന്ന് ഉടലെടുത്ത നിയമപ്രശ്നങ്ങളുടെ വെളിച്ചത്തിൽ എ കെ പി സി ടി എയുടെ നേതൃത്വത്തിൽ നടന്നു വന്ന സമരപരിപാടികൾ ഒരു ബഹുജനമാർച്ചോടു കൂടി താത്ക്കാലികമായി നിർത്തിവെയ്ക്കുകയുണ്ടായി.

സർവ്വീസിൽ നിന്ന് പുറത്താക്കപ്പെട്ട നടപടിയ്ക്കെതിരെ സെബാസ്ററ്യൻ കെ. ആൻറണി യൂണിവേഴ്സിററി അപ്പലേററ് ട്രിബ്യൂണലിൽ പരാതിപ്പെട്ടെങ്കിലും ട്രിബ്യൂണൽ വിധി അദ്ദേഹത്തിന് എതിരായിരുന്നു. ഇതിനെതിരെ സെബാസ്ററ്യൻ കെ ആൻറണി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സിവിൽ റിവിഷൻ പെററിഷൻ സമർപ്പിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 27-4-2012 ൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ സെബാസ്ററ്യൻ കെ ആൻറണിയെ നിരുപാധികം സർവ്വീസിൽ പ്രവേശിപ്പിക്കാനും അദ്ദേഹത്തിന് അർഹമായ എല്ലാ ആനുകൂല്യങ്ങളും എത്രയും പെട്ടെന്ന് നൽകുവാനും ആവശ്യപ്പെട്ടു. പ്രസ്തുത വിധിന്യായം കേരളത്തിലെ എയ്ഡഡ് കോളജ് അധ്യാപകരുടെ മാഗ്നാകാർട്ടയെന്ന് വിശേഷിപ്പിക്കപ്പെടുന്ന യൂണിവേഴ്സിററി നിയമത്തെ ഉയർത്തിപ്പിടിക്കുന്ന ഒന്നാണ്.

സെബാസ്ററ്യൻ കെ ആൻറണിക്ക് നൽകിയ ചാർജ് മെമ്മോയിൽ ചൂണ്ടിക്കാട്ടിയിരുന്ന എല്ലാ ദിവസങ്ങളിലും അദ്ദേഹം കോളജിൽ ഹാജരാക്കുകയും തൻെറ ജോലികൾ യഥാസമയം നിറവേററിയെന്നുമുള്ള കാര്യം തനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് പ്രിൻസിപ്പലിൻെറ സ്റേറററ്മെൻറിൻെറ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് എല്ലാ മാസവും കൃത്യമായി ശമ്പളം നൽകിയിട്ടുണ്ട്. യൂണിവേഴ്സിററി നിയമനം അനുശാസിക്കുന്ന പ്രസ്തുത അററൻറൻസ് സ്റേറററ്മെൻറിനേയും വർക്ക് സ്റേറററ്മെൻറിനേയും തെളിവായി സ്വീകരിക്കാതെ നടത്തിയ അന്വേഷണത്തിൻെറ പൊള്ളത്തരങ്ങളാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിലൂടെ ബോദ്ധ്യപ്പട്ടത്. എന്നാൽ മേൽപ്പറഞ്ഞ ഹൈക്കോടതി വിധിയ്ക്കെതിരെ മാനേജ്മെൻറ് സുപ്രീം കോടതിയെ സമീപിച്ചിരിക്കയാണ്. സുപ്രീം കോടതിയിൽ സമർപ്പിച്ച കേസിൻെറ പരിഗണനാ വേളയിൽ സെബാസ്ററ്യൻ കെ ആൻറണിയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ നടപടിയെടുക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി ഡിവിഷൻ ബഞ്ചിൻെറ പരാമർശം കണക്കിലെടുത്ത് അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് സെൻറ് ആൽബർട്ട്സ് കോളജിൻെറ യശസ്സുയർത്താണമെന് ആപ്തവാക്യം സർത്ഥകമാക്കണമെന്ന് സെൻറ് ആൽബർട്ട്സ് കോളജ് മാനേജ്മെൻറിനോട് എ കെ സി ടി എ ആവശ്യപ്പെടുന്നു



# എ.കെ.പി.സി.ടി.എ 54-ാം സംസ്ഥാന സമ്മേളനം

ഉന്നതവിദ്യാഭ്യാസ രംഗത്തെ കരുത്തുറ്റ സംഘടനയായ എ.കെ. പി.സി.ടി.എയുടെ 54-ാം സംസ്ഥാന സമ്മേളനം കേരളത്തിൻെറ സാംസ്കാരിക നഗരിയായ തൃശൂരിലെ ബ്രഹ്മസ്വംമഠം ഹാളിൽ വെച്ച് 2012 മാർച്ച് 9,10,11 തീയതികളിൽ നടന്നു.

*സർവ്വകലാശാലകളെ രക്ഷിക്കൂ, ഉന്നത വിദ്യാഭ്യാസം സംരക്ഷിക്കൂ* എന്നതായിരുന്നു ഈ സമ്മേളനത്തിൻെറ പ്രധാന മുദ്രാവാക്യം. ഉന്നതവിദ്യാഭ്യാസരംഗത്ത് ഉയർന്നുവന്നിരിക്കുന്ന നിരവധി സങ്കീർണ്ണ പ്രശ്നങ്ങൾ, കേന്ദ്ര സർക്കാരിൻെറ നവലിബറൽ സമീപനം, ഉന്നത വിദ്യാഭ്യാസ മേഖലയിൽ വ്യാപകമായി സംഭവിക്കാൻ പോകുന്ന സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും, ഉന്നത വിദ്യാഭ്യാസരംഗത്ത്

## സർവ്വകലാശാലകളെ രക്ഷിക്കൂ,

## ഉന്നതവിദ്യാഭ്യാസം സംരക്ഷിക്കൂ

സംസ്ഥാനങ്ങൾക്കുള്ള പരിമിതമായ അധികാരം പോലും കവർന്നെടുക്കുന്ന കേന്ദ്രസർക്കാരിൻെറ പുത്തൻനിയമനിർദ്ദേശങ്ങൾ, അധികാര കേന്ദ്രീകരണത്തിന് അവസരമൊരുക്കുന്ന കേന്ദ്രനയം, കേന്ദ്രനയത്തെ അപ്പാടെ പിൻതുടരുന്ന സംസ്ഥാന സർക്കാരിൻെറ വിദ്യാഭ്യാസ കച്ചവടനയം, കേരളത്തിലെ സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന ഭരണസമിതികളെ പിരിച്ചുവിട്ടുകൊണ്ടുള്ള അധികാരം പിടിച്ചെടുക്കൽ, ജനാധിപത്യ മര്യാദകളുടെ ധ്വംസനം പ്രോത്സാഹിപ്പിക്കപ്പെടുന്ന സ്വജന പക്ഷപാതവും അഴിമതിയും, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം ഇല്ലാതാക്കൽ, സർക്കാർ വകുപ്പിനു തുല്യമായി സർവ്വകലാശാലകളെ തരംതാ






ഴ്ത്തൽ എന്നിങ്ങനെയുള്ള നിരവ
ധി കാരണങ്ങളാണ് ഈ മുദ്രാവാ
ക്യത്തെ സാർത്ഥകമാക്കുന്നത്

**സ്വാഗതസംഘം**

സംഘടനയുടെ കഴിഞ്ഞ
വർഷത്തെ പ്രവർത്തനങ്ങളെ വില
യിരുത്തിക്കൊണ്ട്, സമകാലിക
വെല്ലുവിളികളെ നേടുന്നതിനുള്ള
പ്രവർത്തന പരിപാടികൾ രൂപകല്പ
ന ചെയ്യുക എന്നായിരുന്നു ഈ
സമ്മേളനത്തിൻെറ മുഖ്യലക്ഷ്യം.
ഇതിൻെറ ഉജ്ജ്വലമായ നടത്തിപ്പി
നായി സഹോദര സംഘടനകളു
ടെ സഹകരണം എ . കെ പി സി
ടി എ സ്വീകരിക്കുകയുണ്ടായി. 2
012 ജനുവരി 21 -ാം തിയതി സ്വാ
ഗത സംഘരൂപീകരണയോഗം ബ്ര
ഹ്മസ്വംമഠം ഹാളിൽ വെച്ച് ന
ടന്നു. സി പി ഐ (എം) സംസ്ഥാ
ന കമ്മററിയംഗം സ. ബേബി
ജോൺ യോഗം ഉദ്ഘാടനം ചെ
യ്തു. എ കെ പി സി ടി എ സം
സ്ഥാന പ്രസിഡൻറ് പ്രൊഫ. പി.
മമ്മദ് യോഗത്തിൽ അധ്യക്ഷത വ
ഹിച്ചു. എ കെ പി സി ടി എ യു
ടെ മുൻകാല പ്രവർത്തനങ്ങളെക്കു
റിച്ചും ഏറെറടുക്കേണ്ട പ്ര
വർത്തനങ്ങളെക്കുറിച്ചും സമകാലി
ക വിദ്യാഭ്യാസ പ്രശ്നങ്ങളെക്കു
റിച്ചുമെല്ലാം ഡോ. എസ് കെ വ
സന്തൻ, പ്രൊഫ. സി ജെ ശിവ
ശങ്കരൻ, പ്രൊഫ. എം മുരളീധരൻ,
ഇ പി കെ സുഭാഷിതൻ, ഡോ.
കാവുമ്പായി ബാലകൃഷ്ണൻ,
ഡോ. ഹരിദാസ് എന്നിവർ സംസാ
രിച്ചു. ജില്ലാ സെക്രട്ടറി ഡോ. വി
കെ വിജയൻ ഭാരവാഹികളുടെ പാ
നൽ അവതരിപ്പിച്ചു. സബ് കമ്മിററി
കളും രൂപീകരിച്ചു. സ്വാഗതസംഘം
ചെയർമാൻ- ശ്രീ. കെ രാധാകൃ
ഷ്ണൻ എം എൽ എ, ജനറൽ
കൺവീനർ- എ കെ പി സി ടി എ
മേഖലാ സെക്രട്ടറി ഡോ.ഡി.കെ.
ബാബു. സ്വാഗതസംഘത്തിൽ 50
1 അംഗങ്ങൾ ഉണ്ടായിരുന്നു

**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം**

എം. ജി റോഡിലെ യൂറീക്കാ
ഓഫീസിനോടു ചേർന്നുള്ള ഹാ
ളിൽ സ്വാഗതസംഘം പ്ര
വർത്തിക്കാൻ തിരുമാനിക്കുകയും
ഓഫീസ് പ്രവർത്തനത്തിൻെറ ഔ
പചാരികമായ ഉദ്ഘാടനം സി പി
എ (എ) ജില്ലാ സെക്രട്ടറി സ. എ.
സി മൊയ്തീൻ നിർവ്വഹിക്കുകയും
ചെയ്തു. പ്രോഗ്രാം കമ്മിററി ചെ
യർമാൻ സ. ചന്ദ്രദത്ത്, ഡോ. കാ
വുമ്പായി ബാലകൃഷ്ണൻ, ഡോ.
എം എൻ സുധാകരൻ എന്നിവർ
പ്രസംഗിച്ചു. ഡോ. വി കെ വിജ
യൻ സ്വാഗതവും ഡോ. പി എസ്
ഫിറോസ് നന്ദിയും പ്രകാശിപ്പിച്ചു

**ലോഗോ പ്രകാശനം**

സ്വാഗതസംഘം ഹാളിൽ വെച്ച്
ഡോ. എസ്. കെ വസന്തൻ എ കെ
പി സി ടി എ യുടെ 54-ാം സമ്മേള
നത്തിൻെറ ലോഗോ പ്രകാശിപ്പിച്ചു.
ഡോ. എൻ ആർ ഗ്രാമപ്രകാശ്
അധ്യക്ഷത വഹിച്ചു. ഡോ. കാ
വുമ്പായി ബാലകൃഷ്ണൻ സംസാ
രിച്ചു. ഡോ. വി കെ വിജയൻ സ്വാ
ഗതവും ഡോ. വി കെ കുശലകു
മാരി നന്ദിയും പറഞ്ഞു.

ലോഗോ രൂപകല്പന ചെയ്ത
ത് വിദ്യാഅക്കാദമി ഓഫ് സയൻസ്
ആൻറ് ടെക്നോളജിയിലെ 6-ാം
സെമസ്റ്റർ മെക്കാനിക്കൽ വി
ദ്യാർത്ഥിയായ അരവിന്ദ് ആർ. വി
ആണ്

**വെബ്സൈററ് ഉദ്ഘാടനം**

54-ാം സംസ്ഥാന സമ്മേളനവു
മായി ബന്ധപ്പെട്ട വെബ് സൈററി
ൻെറ ഉദ്ഘാടനം ശ്രീ ശങ്കരാചാ
ര്യ സംസ്കൃത സർവ്വകലാശാലാ





വൈസ് ചാൻസലറായ ഡോ. ജെ പ്രസാദ് നിർവ്വഹിച്ചു. സംസ്ഥാന പ്രസിഡൻറ് അധ്യക്ഷത വഹിച്ചു. വെബ്സൈററ് ഡിസൈൻ ചെയ്ത് വിദ്യാ അക്കാദമി ഓഫ് സയൻസ് ആൻറ് ടെക്നോളജി എം. സി എ. വിദ്യാർത്ഥിയായ പ്രീത്. സി പി ആണ്

## അനുബന്ധ സെമിനാറുകൾ

സമ്മേളനത്തിൻെറ ഭാഗമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകൾ നടത്താൻ തീരുമാനിക്കുകയും വളരെ വിജയപ്രദമായും ശ്രദ്ധേയമായും സെമിനാറുകൾ നടത്തുകയും ചെയ്തു. അഞ്ചു സെമിനാറുകളാണ് നടത്തിയത്. ഇരിങ്ങാലക്കുട, തൃപ്രയാർ, കുന്നംകുളം, തൃശൂർ കേരള സാഹിത്യ അക്കാദമി ബഷീർവേദി, തെക്കേഗോപുരനട മുണ്ടശ്ശേരി നഗർ എന്നിവിടങ്ങളിലാണ് സെമിനാർ നടന്നത്

## സെമിനാർ-I
## സാംസ്കാരിക അധിനിവേശം ഉയർത്തുന്ന വെല്ലുവിളികൾ


2012 ഫെബ്രുവരി 24, ഇരിങ്ങാലക്കുട ആർത്തറയിൽ വെച്ച് ആദ്യ സെമിനാർ *സാംസ്കാരിക അധിനിവേശം ഉയർത്തുന്ന വെല്ലുവിളികൾ* എന്ന വിഷയത്തെ ആസ്പദമാക്കി നടന്നു. സെമിനാർ ഉദ്ഘാടനം ചെയ്തത് സി പി ഐ (എം) സംസ്ഥാന കമ്മിററിയംഗം സ. ബേബി ജോൺ ആണ്. പി എസ് സി അംഗവും കഥാകൃത്തുമായ അശോകൻ ചരുവിൽ അധ്യക്ഷനായി . പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന സെക്രട്ടറി പ്രൊഫ. വി എൻ മുരളി വിഷയം അവതരിപ്പിച്ചു. വേദിയിൽ വെച്ച് മുൻകാല സംഘടനാ പ്രവർത്തകരായിരുന്ന പ്രൊഫ. മാമ്പുഴ കുമാരൻ, പ്രൊഫ. സി. ജെ ശിവശങ്കരൻ എന്നിവരെ ആദരിച്ചു. ഡോ. വി. കെ വിജയൻ സംസാരിച്ചു. ഉല്ലാസ് കളക്കാട്ട് സ്വാഗതവും ഡോ. ബി പി അരവിന്ദ നന്ദിയും പറഞ്ഞു

## സെമിനാർ-II
## കേരളീയ സമൂഹവും മതനിരപേക്ഷതയും

2012 ഫെബ്രുവരി 29, തൃപ്രയാർ ശ്രീനാരായണ യൂണിയൻ ഹാൾ

മനുഷ്യ മനസ്സിൽ സ്നേഹവും കരുണയും നീതിയും നിറയ്ക്കുക എന്നതാണ് മതങ്ങളുടെ സ്ഥാപക ലക്ഷ്യം. സ്ഥാപകോദ്ദേശ്യങ്ങൾ വിസ്മരിച്ച് സമ്പത്തിൻെറയും സ്ഥാപനങ്ങളുടെയും ബലത്തിൽ സിവിൽ സൊസൈററിയെ നിയന്ത്രിക്കുന്ന വർത്തമാനകാല കേരള സാഹചര്യമാണ് ഈ സെമിനാറിനെ പ്രസക്തമാക്കുന്നത്.

തൃപ്രയാർ ശ്രീ നാരായണ ഹാളിൽ വെച്ചു നടന്ന സെമിനാർ ബിഷപ് യോഹന്നാൻ മാർ മിലിത്തിയൂസ് ഉദ്ഘാടനം ചെയ്തു. കേരളീയ സമൂഹത്തെ കലുഷിതമാക്കുന്നതിൽ ക്രൈസ്തവ സമൂഹമടക്കമുള്ള ന്യൂനപക്ഷ സമുദായങ്ങൾക്ക് പങ്കുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എന്തിനെയാണോ യേശു എതിർത്തത് അതെല്ലാം ഇന്ന് പുന:സ്ഥാപിക്കുകയാണ്. ന്യൂനപക്ഷ അപ്രമാദിത്വത്തെ എതിർക്കേണ്ടത് ഭൂരിപക്ഷ അപ്രമാദിത്വം കൊണ്ടല്ല. ഇന്ന് ഭൂരിപക്ഷ സമൂഹം കുറുവടി എടുക്കുന്നത് അവരുടെ അനുയായികൾക്കെതിരെയാണെന്നും അദ്ദേഹം പറഞ്ഞു. ഗുരുവായൂർ എം എൽ എ സ. അബ്ദുൾ ഖാദർ അദ്ധ്യക്ഷത വഹിച്ചു. ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡൻറ് എം. സ്വരാജ് വിഷയം അവതരിപ്പിച്ചു. പി എം. അഹമ്മദ് സ്വാഗതവും വി എസ് റെജി നന്ദിയും പറഞ്ഞു



**സെമിനാർ-III**
**മാധ്യമങ്ങളുടെ രാഷ്ട്രീയം**

2012 മാർച്ച്2, കുന്ദംകുളം

കുന്ദംകുളം ജവഹർ സ്റേറഡിയത്തിൽ വെച്ചാണ് *മാധ്യമങ്ങളുടെ രാഷ്ട്രീയം* എന്ന സെമിനാർ നടന്നത്. മാധ്യമപ്രവർത്തകയായ സ. ആർ പാർവ്വതീദേവി വിഷയം അവതരിപ്പിച്ചു.

പ്രൊഫ. ഇ. രാജൻ, ഡോ. കെ എസ് ജയചന്ദ്രൻ എന്നിവർ സംസാരിച്ചു. പ്രൊഫ. ബാഹുലേയൻ സ്വാഗതവും ഡോ. കെ എൽ ജോഷി നന്ദിയും പറഞ്ഞു. സത്യസന്ധതയും പക്ഷപാതരഹിതവുമായിരിക്കണം പത്രപ്രവർത്തനം എന്ന മാധ്യമധർമ്മം പൊലിഞ്ഞു പോയിരിക്കുന്ന വർത്തമാന സാഹചര്യം ഈ സെമിനാറിനെ കൂടുതൽ അർത്ഥവത്താക്കി.




**സെമിനാർ-IV**
**ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമകാലിക പ്രശ്നങ്ങൾ**

**2012 മാർച്ച് 6, ബഷീർ വേദി**

തൃശൂർ കേരള സാഹിത്യ അക്കാദമി ബഷീർ വേദിയിലാണ് *ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമകാലിക പ്രശ്നങ്ങൾ* എന്ന സെമിനാർ നടന്നത്. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ജെ പ്രസാദ് വിഷയം അവതരിപ്പിച്ചു. എ കെ ജി സി ടി തൃശൂർ ജില്ലാ സെക്രട്ടറി ഹരിദാസ്, ഡോ. വി കെ വിജയൻ എന്നിവർ സംസാരിച്ചു. പ്രൊഫ. പി. മമ്മദ് അദ്ധ്യക്ഷനായി.

ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദേശ സർവ്വകലാശാലകൾക്ക് യഥേഷ്ടം കടന്നു വരാനുള്ള സാഹചര്യമൊരുക്കുക, കല്പിത സർവ്വകലാശാലകൾ വ്യാപകമായി തുടങ്ങാൻ തീരുമാനിക്കുക, യു ജി സി അടക്കമുള്ള ഏജൻസികളെ ഇല്ലാതാക്കുക തുടങ്ങിയ തീരുമാനങ്ങളുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്ന സാഹചര്യം ഈ സെമിനാറിൻെറ പ്രസക്തി വർദ്ധിപ്പിച്ചു.

**സെമിനാർ-V**
**സമകാലിക ലോക സാഹചര്യങ്ങളും ജനമുന്നേററങ്ങളും**

**2012 മാർച്ച് 8**
**തൃശൂർ മുണ്ടശ്ശേരി നഗർ**

തൃശൂർ തേക്കിൻകാട് മൈതാനിയിലെ തെക്കേ ഗോപുര നടയിൽ മുണ്ടശ്ശേരി നഗറിൽ വെച്ചാണ് സമകാലിക ലോക സാഹചര്യങ്ങളും ജനമുന്നേററങ്ങളും എന്ന വിഷയത്തെ അധികരിച്ചുള്ള സെമിനാർ നടന്നത്. സ. എം ബി രാജേഷ് എം പി സെമിനാർ ഉദ്ഘാടനം ചെയ്തു. ലോക രാജ്യങ്ങൾ കമ്മ്യൂണിസത്തിലേക്കു നീങ്ങുന്നതും മുതലാളിത്തം സ്വയം തകർച്ചയ്ക്ക് വിധേയമാകുന്നതും രാജേഷ് ഉദ്ഘാടന പ്രസംഗത്തിൽ വിശദമാക്കി. വാൾസ്ട്രീററ് സമരം പോലെ ലോകത്തെമ്പാടും ഉയർന്നു വരുന്ന ചെറുതും വലുതമായ ജനമുന്നേററങ്ങളെ അദ്ദേഹം എടുത്തു പറഞ്ഞു. പ്രൊഫ. ഇ രാജൻ വിഷയം അവതരിപ്പിച്ചു. ഡോ. വി രാജേന്ദ്രൻ നായർ, പ്രൊഫ. പി. മമ്മദ്, ഡോ. വി കെ വിജയൻ, ഡോ. സി കെ ബാബു എന്നിവർ സംസാരിച്ചു





## സംസ്ഥാന സമ്മേളനം
ഒന്നാം ദിവസം
2012 മാർച്ച് 9

54-ാം സംസ്ഥാന സമ്മേളനം ആരംഭിച്ചത് മാർച്ച് 9 ന് ആണ്. ഈ ദിവസം മുഴുവനായും സംഘടനാ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഉപയോഗിച്ചു. രാവിലെ 9 മണിക്ക് പ്രവർത്തക സമിതിയും 10 മണിക്ക് സംസ്ഥാന കമ്മിററി യോഗവും നടന്നു. 12 മണിക്ക് സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. മമ്മദ് പതാക ഉയർത്തി. തുടർന്ന് സംസ്ഥാന കൗൺസിൽ യോഗം നടന്നു. ജനറൽ സെക്രട്ടറി വി. രാജേന്ദ്രൻനായർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ഡോ. കെ. ശ്രീവത്സൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. ഇടയ്ക്ക് എല്ലാവർക്കും സന്തോഷം പകർന്നുകൊണ്ട് വൈകിട്ട് 6 മുതൽ എട്ടുവരെ അധ്യാപകരുടെയും കുടുംബാം-

## സംസ്ഥാന സമ്മേളനം
രണ്ടാം ദിവസം
മാർച്ച് 10 ശനി

ഗങ്ങളുടെയും കലാവിരുന്ന് അരങ്ങേറി. വീണ്ടും തുടർന്ന പ്രതിനിധി സമ്മേളനം ഗ്രൂപ്പ് ചർച്ച, റിപ്പോർട്ടിംഗ്, മറുപടി എന്നിവയെല്ലാം കഴിഞ്ഞപ്പോൾ 10-ാം തിയതി പുലർച്ച മൂന്നു മണിയായി. പ്രതിനിധി സമ്മേളനം ആദ്യ ദിവസത്തേയ്ക്ക് ക്രമപ്പെടുത്തിയതു മൂലം പങ്കെടുത്ത പ്രതിനിധികളുടെ എണ്ണം ഗണ്യമായി കൂടുകയും ചെയ്തു. എല്ലാ വിഷയങ്ങളെ സംബന്ധിച്ചും വിശദമായ ചർച്ചയ്ക്ക് സമയവും അവസരവും ലഭിച്ചതു മൂലം പ്രതിനിധി സമ്മേളനം ശ്രദ്ധേയവും സംതൃപ്തവുമായി.

സമ്മേളനത്തിൻെറ രണ്ടാം ദിവസം രജിസ്ട്രേഷൻ കൗണ്ടറിൽ രജിസ്ട്രേഷൻ ആരംഭിച്ചു. ഓരോ യൂണിവേഴ്സിററിക്കും പ്രത്യേക കൗണ്ടർ ഒരുക്കിയത് രജിസ്ട്രേഷൻ സുഗമമാക്കി. സമ്മേളനത്തിൽ ആകെ 1000 ത്തോളം പേർ റജിസ്റ്റർ ചെയ്തു.

### ഉദ്ഘാടന സമ്മേളനം

തൃശൂർ ശ്രീ കേരളവർമ്മ കോളജിലെ പ്രൊഫ. ആർ ബിന്ദു എഴുതി ചിട്ടപ്പെടുത്തിയ അവതരണ ഗാനം ആ കോളജിലെ തന്നെ വിദ്യാർത്ഥികൾ ആലപിച്ചു കൊണ്ട് ഉദ്ഘാടന സമ്മേളനത്തിന് പ്രാരംഭം കുറിച്ചു. ഡോ. കെ എസ് ജയചന്ദ്രൻ അനുശോചന പ്രമേയവും ഡോ. എ പ്രദീപ് കുമാർ രക്തസാക്ഷി പ്രമേയവും അവതരിപ്പിച്ചു.

എ കെ പി സി ടി എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. മമ്മദ് അദ്ധ്യക്ഷത വഹിച്ചു. സി പി ഐ (എം) കേന്ദ്ര കമ്മിററിയംഗവും



ഡോ. എ.ആർ.രാജൻ
*എഫ്.യു.ടി.എ*



പ്രൊഫ. ജയകുമാർ
*എ.കെ.ജി.സി.ടി*



എഡിസൺ
*കെ.ജി.ഒ.എ*



കെ. എൻ. സുകുമാരൻ
*എൻ. ജി. ഒ. യൂണിയൻ*







മുൻ ധനകാര്യ മന്ത്രിയുമായ ഡോ. തോമസ് ഐസക് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവല്കരണം ശക്തമാക്കുകയും ഗുണമേന്മ തകർക്കുകയും ചെയ്യുന്ന നവലിബറൽ നയങ്ങൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്താൻ അധ്യാപക സമൂഹം മുന്നോട്ടു വരണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. ആഗോളവൽക്കരണ നവലിബറൽ നയങ്ങൾക്കെതിരെ ബദൽ സമീപനം നേടുക എന്നത് ജനാധിപത്യത്തിലെ സുപ്രധാന കടമയാണ് ഉന്നതവിദ്യാഭ്യാസ മേഖല വിപുലീകരിക്കുകയും ഗുണനിലവാരം ഉയർത്തുകയും ചെയ്തെങ്കിൽ മാത്രമേ ആധുനിക സാമ്പത്തിക വളർച്ചയ്ക്കനുസരിച്ച് വിദ്യാഭ്യാസത്തെ പ്രയോജനപ്പെടുത്താനാവൂ. ഇന്ത്യാ ഗവൺമെൻറ് മുറുകെപ്പിടിക്കുന്ന നവലിബറൽ നയം മൂലം പൊതുമേഖലയിലെ വിദ്യാഭ്യാസം തകരുന്നു.

വിദ്യാഭ്യാസത്തിൻെറ ഗുണമേന്മ ഉയർത്താനുള്ള എളുപ്പ മാർഗ്ഗം സർക്കാർ നിയന്ത്രണം എടുത്തുകളയലാണെന്നാണ് നവലിബറൽ നയങ്ങളുടെ വക്താക്കൾ അവകാശപ്പെടുന്നത്. ഈ സാഹചര്യം മുതലെടുത്ത് വിദേശത്തെ മൂന്നാംകിട സർവ്വകലാശാലകൾ ഇവിടെ വന്ന് സ്ഥാപനങ്ങൾ തുടങ്ങുന്നു. ജനാധിപത്യ ബദലിനു വേണ്ടിയുള്ള പോരാട്ടത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമെല്ലാം പങ്കുണ്ട്. കുട്ടികളെ നന്നായി വായിപ്പാനും നന്നായി പ്രവർത്തിക്കാനും പ്രേരിപ്പിക്കുക എന്നത് അധ്യാപകർ സംഘടനാപരമായ കടമയായി കണക്കിലെടുക്കണമെന്നും തോമസ് ഐസക് പറഞ്ഞു.

**ആർ ആർ സി അനുസ്മരണം**

ഉദ്ഘാടന സമ്മേളനത്തെത്തുടർന്ന് ആർ. ആർ. സി അനുസ്മരണം നടന്നു. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണൻ ഡോ. വിനോദ്റെയ്ന *ഉന്നതവിദ്യാഭ്യാസ രംഗത്തെ സമകാലീന വെല്ലുവിളികൾ* എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി.




**ആർ. ആർ. സി അനുസ്മരണ പ്രഭാഷണം**
**ഡോ. വിനോദ് റെയ്ന**



പ്രൊഫ. പി. മമ്മദ്



ഡോ. വി. രാജേന്ദ്രൻനായർ

ലോക പ്രശസ്ത സർവ്വകലാശാലകളൊന്നും ഇന്ത്യയിലേക്ക് വരാൻ തയ്യാറായിട്ടില്ല. വിദേശത്തെ മൂന്നാംകിട സർവ്വകലാശാലകൾ മാത്രമാണ് പുതിയ വിദ്യാഭ്യാസ നയത്തിൻെറ ഭാഗമായി ഇന്ത്യയിലേയ്ക്കെത്തുന്നതെന്ന് ഡോ. വിനോദ് റെയ്ന പറഞ്ഞു. 65 വർഷം കൊണ്ട് 350 സർവ്വകലാശാലകളാണ് ഇന്ത്യയിലുണ്ടായത്. ഇത് 1500 ആക്കി ഉയർക്കാനാണ് യു പി എ സർക്കാർ ലക്ഷ്യമിടുന്നത്. 83% ആളുകൾ അനൗപചാരിക മേഖലയിൽ പണിയെടുക്കുന്ന രാജ്യമാണ് ഇന്ത്യ. അവരുടെ വിജ്ഞാനത്തെ ഉയർത്താൻ ലക്ഷ്യമിടുന്ന വിദ്യാഭ്യാസ നയമില്ല പകരം ശാസ്ത്രജ്ഞന്മാരെയും മാനേജ്മെൻറ് വിദഗ്ദ്ധരെയും കണക്കപ്പിള്ളമാരെയും ഉൽപ്പാദിപ്പിക്കുകയാണ് ഇന്ത്യൻ വിദ്യാഭ്യാസം. 1500 സർവ്വകലാശാലകൾക്ക് പണം കണ്ടെത്തുന്നത് എവിടെ നിന്ന് എന്ന ചോദ്യത്തിൻെറ ഉത്തരമാണ് കോർപ്പറേറ്റുകൾ. നഗരങ്ങളിൽ മാത്രം പണം മുടക്കാനാണ് അവർക്ക് താല്പര്യം. ഗ്രാമങ്ങളിലെ വിദ്യാഭ്യാസത്തെക്കുറിച്ച് ആരും സംസാരിക്കുന്നില്ല.

ഗാട്ട് കരാറോടുകൂടിയാണ് വിജ്ഞാനത്തെ കുത്തകവൽക്കരിക്കാനും സ്വകാര്യസ്വത്താക്കാനുമുള്ള അനുവാദമുണ്ടായത്. വിത്തുല്പാദനത്തിൻെറയും മരുന്നുല്പാദനത്തിൻെറയും വിജ്ഞാനം കുത്തകവല്ക്കരിക്കപ്പെട്ടു സാമൂഹ്യ ശാസ്ത്ര വിഷയങ്ങൾ പഠിക്കാൻ താല്പര്യം കുറഞ്ഞതു പോലെ അതിനായുള്ള സ്ഥാപനങ്ങൾ ആരംഭിക്കാനും താല്പര്യമില്ലാതായി

ഇന്ത്യയിൽ എന്തു പഠിപ്പിക്കണമെന്നാണ് ആദ്യം ചിന്തിക്കേണ്ടത്. ഒപ്പം ഗുണപരമായ രീതിയിൽ അന്തർദേശീയ നിലവാരത്തിലേക്ക് അധ്യാപനവും വളരണമെന്ന് റെയ്ന അഭിപ്രായപ്പെട്ടു.




ഡോ.കെ.എൻ.രവീന്ദ്രനാഥ്




പ്രൊഫ. ലളിതാ ലെനിൻ




സ്ത്രീകൂട്ടായ്മയുടെ ആദ്യപ്രസാധന സംരംഭമായ സമതയുടെ അഞ്ചാമത് പുസ്തകം *ഞാൻ സഫിയ* സ. കെ .എൻ രവീന്ദ്രനാഥ് പ്രകാശനം ചെയ്യുന്നു.

സമ്മേളനത്തിൽ അഭിവാദ്യമർപ്പിച്ച് വിവിധ സർവ്വീസ് സംഘടനാ നേതാക്കൾ സംസാരിച്ചു.

**സമ്മാനദാനം**

സമ്മേളനത്തിൻെറ ഭാഗമായി അഖിലകേരളാടിസ്ഥാനത്തിൽ കലാലയ വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരം നടത്തിയിരുന്നു. മത്സരത്തിലെ വിജയികൾക്ക് സമ്മാനം നല്കി.

സ്വാഗത സംഘം വൈസ് പ്രസിഡൻറ് പ്രൊഫ. എം മുരളീധരൻ സ്വാഗതവും ജനറൽ കൺവീനർ ഡോ. ഡി കെ ബാബു നന്ദിയും പറഞ്ഞു.

**ട്രേഡ് യൂണിയൻ-വനിതാ സമ്മേളനം**

ഉച്ചയ്ക്കു നടന്ന ട്രേഡ് യൂണിയൻ വനിതാ സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ഡോ. കെ പ്രദീപ്കുമാർ സ്വാഗതം പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ . ലേഖാ നരേന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സി ഐ ടി യു സംസ്ഥാന പ്രസിഡൻറ് കെ എൻ രവീന്ദ്രനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫ. ലളിതാ ലെനിൻ മുഖ്യപ്രഭാഷണം നടത്തി. സ്ത്രീകൂട്ടായ്മയുടെ ആദ്യപ്രസാധന സംരംഭമായ സമതയുടെ അഞ്ചാമത് പുസ്തകം *ഞാൻ സഫിയ* സ. കെ . എൻ രവീന്ദ്രനാഥ് പ്രകാശനം ചെയ്തു. സംസ്ഥാന സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ നന്ദി പറഞ്ഞു

**പ്രകടനവും പൊതുസമ്മേളനവും**

തൃശൂർ ബ്രഹ്മസ്വമഠം സമ്മേളന നഗരിയിൽ നിന്ന് ആരംഭിച്ച് എം . ജി റോഡ് വഴി റൗണ്ട് ചുററി തെക്കേ ഗോപുര നടയിലെ മുണ്ടശ്ശേരി നഗറിൽ എത്തിച്ചേർന്ന പ്രകടനം എ കെ പി സി ടി എ യുടെ ശക്തിയും സംഘടനാശേഷിയും വിളിച്ചോതുന്നതായിരുന്നു. വിദ്യാഭ്യാസ കച്ചവടത്തിനും കോർപ്പറേററ് വൽക്കരണത്തിനുമെതിരെയുള്ള പ്രതിഷേധത്തിൻെറ ശക്തി വിളംബരം ചെയ്യുന്നതായിരുന്നു പ്രകടനം.






*പൊതുസമ്മേളനം സ.പി.കെ.ബിജു എം. പി ഉദ്ഘാടനം ചെയ്യുന്നു.*

മുണ്ടശ്ശേരി നഗറിൽ എത്തിച്ചേർന്ന പ്രകടനത്തെ പെൺപെരുമയുടെ തനിമ വിളിച്ചോതിയ ഡോ. നന്ദിനി വർമ്മ നയിച്ച തായമ്പക വരവേററു. എ.കെ.പി.സി.ടി.എ വൈസ് പ്രസിഡൻറ് ഡോ. കെ പി സുകുമാരൻ നായർ പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. എസ് എഫ് ഐ അഖിലേന്ത്യാ പ്രസിഡൻറ് സ. പി.കെ.ബിജു എം പി



സ. കടന്നപ്പള്ളി രാമചന്ദ്രൻ

ഉദ്ഘാടനം ചെയ്തു. മുൻ റവന്യു വകുപ്പു മന്ത്രി സ.കെ.പി.രാജേന്ദ്രൻ, മുൻ ദേവസ്വം മന്ത്രി ശ്രീ.കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ഡോ. വി രാജേന്ദ്രൻ നായർ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. പി തോമസ് മാത്യു നന്ദിയും പറഞ്ഞു

.

## യാത്രയയപ്പ് സമ്മേളനവും മുൻകാല നേതൃസംഗമവും

എ കെ പി സി ടി എയുടെ അംഗങ്ങളായ ഇരുന്നൂറിലധികം അധ്യാപകർ ഈ വർഷം കലാലയാധ്യാപന രംഗത്തു നിന്നും വിരമിക്കുകയാണ്. സമുജ്ജ്വലമായ ഒരു യാത്രയയപ്പ് സമ്മേളനമാണ് 11-ാം തീയതി രാവിലെ അരങ്ങേറിയത്. വിരമിക്കുന്ന അദ്ധ്യാപകരോടുള്ള ആദരസൂചകമായി പാദമുദ്ര എന്ന പേരിൽ ഒരു സോവനീർ പ്രകാശനം ചെയ്തു. അധ്യാപകരുടെ ഫോട്ടോയും ലഘുകുറിപ്പും ഉൾപ്പെടുത്തിയ സോവനീറിൽ എ കെ പി സി ടി എ യുടെ നാൾവഴികളിൽ നാഴികക്കല്ലുകളായി മാറിയ സമരങ്ങളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ഇന്നത്തെ അവസ്ഥയെക്കുറിച്ചും ഇനി ചെയ്യേണ്ടതിനെക്കുറിച്ചും, സമുന്നത നേതാക്കന്മാരുടെ ലേഖനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എ.കെ.പി.സി.ടി.എയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലൊരു സോവനീർ പുറത്തിറക്കുന്നത്.

പ്രസിഡൻറ് പ്രൊഫ. പി.മമ്മദ് ആണ് യാത്രയയപ്പ്- മുൻകാല നേതൃസംഗമ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചത്. മുൻ പ്ലാനിംഗ് ബോർഡ് അംഗം സ. സി പി നാരായണൻ ഉദ്ഘാടനം നിർവ്വഹിച്ചു. സംഘടനയുടെ ചരിത്ര രചനയ്ക്ക് പ്രാരംഭം കുറിച്ചു കൊണ്ട് തയ്യാറാക്കിയ സംഘടനാ ചരിത്രത്തിന്റെ കരട് രേഖ അദ്ദേഹം ഈ സമ്മേളനത്തിൽ പ്രകാശനം ചെയ്തു. എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. പി നാരായണൻകുട്ടി, കണ്ണൂർ സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ ഡോ. എ. പി കുട്ടികൃഷ്ണൻ, എം. ജി സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ ഡോ. രാജൻ വർഗ്ഗീസ് എന്നിവർ സംസാരിച്ചു. തുടർന്ന് വിരമിക്കുന്ന അദ്ധ്യാപകരുടെ മറുപടി പ്രസംഗമായിരുന്നു. സമയപരിധിക്കുള്ളിൽ നിന്നു കൊണ്ട് സംഘടന നല്കിയ ശക്തിയും സംരക്ഷണവും നേട്ടവും അഭിമാനവും അന്തസ്സും സമ്മിശ്ര വികാരങ്ങളോടെ അവതരിപ്പിച്ചു കൊണ്ട് എ കെ പി സി ടി എ യുടെ ഐക്യത്തെയും ശക്തിയെയും വിളംബരം ചെയ്തു കൊണ്ടാണ് ഓരോരുത്തരും മറുപടി പറഞ്ഞത്.



സ. കെ. പി. രാജേന്ദ്രൻ




യാത്രയയപ്പ് സമ്മേളനം സ. സി.പി.നാരായണൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.

തുടർന്ന് പുതിയ ഭാരവാഹികളെ എതിരില്ലാതെ തെരഞ്ഞെടുത്തു. പ്രസിഡൻറ് പ്രൊഫ. പി. മമ്മദ്, വൈസ് പ്രസിഡൻറുമാരായി ഡോ . ഗീതാകുമാരി, ഡോ. സുകുമാരൻ നായർ, ജനറൽ സെക്രട്ടറിയായി ഡോ. കെ ശ്രീവത്സൻ, ട്രഷററായി പ്രൊഫ. മോഹന കൃഷ്ണൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**ക്രെഡൻഷ്യൽ റിപ്പോർട്ട്**

ക്രെഡൻഷ്യൽ റിപ്പോർട്ട് ഡോ. പി.കെ.കുശലകുമാരി അവതരിപ്പിച്ചു. (തയ്യാറാക്കിയത് ഡോ. ഗീത, ഡോ. കെ.എസ്.ജയചന്ദ്രൻ)

സമ്മേളനത്തിന് ഡോ. കെ ശ്രീവത്സൻ സ്വാഗതവും ഡോ. വി കെ വിജയൻ നന്ദിയും പറഞ്ഞു.

വികാരതീക്ഷ്ണമായ അഭിവാദ്യ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് വിരമിക്കുന്ന അദ്ധ്യാപകരെ അംഗങ്ങൾ ഉച്ചഭക്ഷണത്തിനായി ആനയിച്ചു. മുദ്രാവാക്യത്താൽ മുഖരിതമായ അന്തരീക്ഷം രോമാഞ്ചമുണർത്തി. ഒരുമയുടെയും ഐക്യത്തിൻെറയും പോരാട്ട വീര്യത്തിൻെറയും ഉറവകളെ തോററിയുണർത്തി ഈ സംഗമം.

വിപ്ലവാഭിവാദനങ്ങൾ!!



പ്രൊഫ. വി.നാരായണൻകുട്ടി



ഡോ. എ. പി. കുട്ടികൃഷ്ണൻ



ഡോ. രാജൻ വറുഗ്ഗീസ്



*വിരമിക്കുന്ന അധ്യാപകരോടുള്ള ആദരസൂചകമായി പാദമുദ്ര എന്ന സുവനീറിൻെറ പ്രകാശനം പ്രൊഫ. വി. നാരായണൻ കുട്ടി നിർവ്വഹിക്കുന്നു*



# എ. കെ പി സി ടി എ 54-ാം സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

1. സാമ്രാജ്യത്വ അധിനിവേശത്തിനും ജനാധിപത്യ ധ്വംസനത്തിനും സാമ്പത്തിക ചൂഷണത്തിനും എതിരായി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നടന്നു വരുന്ന ജനകീയ പ്രക്ഷോഭങ്ങളോട് എ കെ പി സി ടി എ സംസ്ഥാന സമ്മേളനം ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.
2. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തിക്കൊണ്ട് രൂക്ഷമായ വിലക്കയററം നിയന്ത്രിക്കണമെന്ന് കേന്ദ്രസംസ്ഥാന ഗവൺമെൻറുകളോട് ആവശ്യപ്പെടുന്നു.
3. പെട്രോളിയം ഉൽപന്നങ്ങൾ, വളം, മരുന്നുകൾ എന്നിവയുടെ വിലനിയന്ത്രണം എടുത്തുകളഞ്ഞ കേന്ദ്രഗവൺമെൻറ് നടപടി പിൻവലിക്കണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.
4. എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.
5. ചില്ലറ വിൽപന മേഖലയിൽ വിദേശനിക്ഷേപം അനുവദിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.
6. നിലവിലുള്ള പെൻഷൻ സമ്പ്രദായം അട്ടിമറിക്കുകയും പെൻഷൻ സ്വകാര്യവൽക്കരണത്തിന് വഴിവെക്കുകയും ചെയ്യുന്ന പി എഫ് ആർ ഡി എ ബിൽ ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നു.
7. വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിൽ യഥേഷ്ടം പ്രവർത്തനാനുമതി നൽകുന്നതിന് വേണ്ടി കൊണ്ടു വന്നിട്ടുള്ള വിദേശ സർവ്വകലാശാലാ ബിൽ ഉടൻ പിൻവലിക്കണമെന്ന് എ കെ പി സി ടി എ 54-ാം സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.
8. ആറാം യു ജി സി ശമ്പള പരിഷ്കരണത്തിൻെറ ഭാഗമായി 2006 ജനുവരി 1 മുതൽ ലഭിക്കേണ്ട ശമ്പള കുടിശ്ശിക ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു.
9. യു ജി സി റഗുലേഷനിലെ അപാകതകൾ പരിഹരിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്നു.
10. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വ്യാപകമായ തോതിൽ സ്വകാര്യവൽക്കരണത്തിനും വാണിജ്യവൽക്കരണത്തിനും അവസരം ഒരുക്കുന്ന നയപരിപാടികളിൽ നിന്ന് പിന്തിരിയണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു.
11. ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണമേൻമ ഉറപ്പാക്കാനുള്ള വകുപ്പുകൾ നിലനിർത്തിക്കൊണ്ടും അധ്യാപക വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായ വകുപ്പുകൾ ഭേദഗതി ചെയ്തു കൊണ്ടും മാത്രമേ യു ജി സി റഗുലേഷൻ കേരളത്തിലെ സർവ്വകലാശാലകളിൽ പ്രാവർത്തികമാക്കാവൂ എന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.
12. ആറാം യു ജി സി ശമ്പളപരിഷ്കരണത്തിൻെറ ഭാഗമായി എംഫിൽ, പി എച്ച് ഡി ബിരുദമുള്ളവർക്ക് ലഭിക്കേണ്ട അഡ്വാൻസ് ഇൻക്രിമെൻറ് ഉടൻ അനുവദിക്കണമെന്ന് സംസ്ഥാന ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.
13. ആയുർവ്വേദ കോളജധ്യാപകരുടെ ശമ്പളപരിഷ്കരണം എത്രയും വേഗം നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു. ഹോമിയോ കോളജധ്യാപകരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നും എ കെ പി സി ടി എ 54-ാം സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.
14. നിശ്ചിത യോഗ്യതയുള്ള അറബിക് കോളജധ്യാപകർക്കും യു ജി സി ശമ്പള പരിഷ്കരണം ഉടൻ നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു. പാർട് ടൈം ലോ അധ്യാപകരുടെ ശമ്പള പരിഷ്കരണം എത്രയും വേഗം നടപ്പാക്കണമെന്നും ആവശ്യപ്പെടുന്നു.
15. എയ്ഡഡ് എൻജിനീയറിങ് കോളജുകളിലെ അധ്യാപകരുടെ എ ഐ സി ടി ഇ ശമ്പള നിർണയം ഉടൻ പൂർത്തിയാക്കണമെന്ന് സംസ്ഥാന സർക്കാറിനോട് ആവശ്യപ്പെടുന്നു.
16. അപാതകളില്ലാത്ത പി എഫ് ക്രെഡിററ് കാർഡ് ഉടൻ ലഭ്യമാക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു. ക്രെഡിററ് കാർഡ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകരെയും ജീവനക്കാരെയും അനാവശ്യമായി ബുദ്ധിമുട്ടിപ്പിക്കുന്ന നടപടികളിൽ നിന്ന് അധികാരികൾ പിന്തിരിയണമെന്നും സമ്മേളനം ആവശ്യപ്പെടുന്നു.
17. കേരളത്തിലെ സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന ഭരണസമിതികളെ പിരിച്ചുവിട്ടുകൊണ്ട് അധികാരം പിടിച്ചെടുത്ത സംസ്ഥാന ഗവൺമെൻറിൻെറ ജനാധിപത്യ വിരുദ്ധ നടപടികളിൽ സമ്മേളനം ശക്തിയായി പ്രതിഷേധിക്കുന്നു. സർവ്വകലാശാലകളുടെ സ്വയംഭരണം ഹനിക്കുന്ന രീതിയിൽ കൊണ്ടു വന്നിരിക്കുന്ന നിയമഭേദഗതി ഉടൻ പിൻവലിക്കണമെന്നും ആവശ്യപ്പെടുന്നു.
18. ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണമേൻമ ഉറപ്പാക്കുന്നതിന് വേണ്ടി നടപ്പാക്കിയ ക്രെഡിററ് സെമസ്റ്റർ സമ്പ്രദായം അട്ടിമറിക്കാനുള്ള നീക്കത്തിൽ നിന്നും സംസ്ഥാന ഗവൺമെൻറും

ഉന്നതവിദ്യാഭ്യാസ കൗൺസിലും പിന്തിരിയണ മെന്ന് ആവശ്യപ്പെടുന്നു.

19. ഓഫ് ക്യാമ്പസ് കേന്ദ്രങ്ങൾ വ്യാപിപ്പിക്കുവാനും അവയെ സർവ്വകലാശാലാ പരീക്ഷാകേന്ദ്രങ്ങളായി അംഗീകരിക്കുവാനും ഉള്ള നീക്കത്തിൽ നിന്നും പിന്തിരിയണമെന്നും ഈ സമ്മേളനം എം ജി സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു. ലേർണർ സപ്പോർട്ട് സെൻറർ എന്ന ഓമനപ്പേരിൽ ഓഫ് ക്യാമ്പസ് കച്ചവടം ആരംഭിക്കുവാനുള്ള നീക്കത്തിൽ നിന്ന് കേരള സർവ്വകലാശാല പിന്തിരിയണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

21. എം ജി സർവ്വകലാശാലയിൽ പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട് ആരോപണവിധേയനായ വ്യക്തിയെ പരീക്ഷയുമായി ബന്ധപ്പെട്ട സിൻഡിക്കേററ് സബ്ബ്കമ്മിററിയുടെ കൺവീനറാക്കിയ നടപടിയിൽ ഈ സമ്മേളനം ശക്തിയായി പ്രതിഷേധിക്കുന്നു. ഇദ്ദേഹത്തെ സിൻഡിക്കേററിൽ നിന്നും പുറത്താക്കണമെന്ന് ചാൻസലറോട് ആവശ്യപ്പെടുന്നു.

22. അധികാരികളുടെ തെററായ നയങ്ങൾക്കെതിരെ പ്രതികരിക്കുവാനുള്ള ജനാധിപത്യ അവകാശം നിഷേധിക്കുന്ന കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലറുടെ നടപടിയിൽ ഈ യോഗം പ്രതിഷേധിക്കുന്നു. സംഘടനാ പ്രവർത്തനത്തിൻെറ പേരിൽ അധ്യാപകർക്കും ജീവനക്കാർക്കുമെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ പിൻവലിക്കണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

23. കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പുതുതായി നിയമനം ലഭിച്ച അധ്യാപകരുടെ അപ്രൂവൽ തടഞ്ഞുവെച്ചിരിക്കുന്ന അധികാരികളുടെ നടപടിയിൽ ഈ സമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു. നിയമനാംഗീകാരം ഉടൻ നൽകണമെന്നും ഇക്കാര്യത്തിൽ അനുവർത്തിച്ചു വരുന്ന സ്വജനപക്ഷപാതം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

24. പാർട്ട് ടൈം ഗവേഷണവുമായും അഫിലിയേററഡ് റിസർച്ച് സെൻററുകളുമായും ബന്ധപ്പെട്ട് എം ജി സർവ്വകലാശാല അക്കാദമിക് കൗൺസിൽ എടുത്ത തീരുമാനം പ്രാവർത്തികമാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

25. കണ്ണൂർ സർവ്വകലാശാല മുൻഭരണസമിതി അംഗീകരിച്ച ഫാക്കൽട്ടി നോമിനേഷൻ ലിസ്റ്റ് അട്ടിമറിക്കാനുള്ള നീക്കത്തിൽ നിന്നും നിലവിലുള്ള ഭരണസമിതി പിന്തിരിയണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

26. കേരള, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിലെ വിവിധ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് അടിയന്തിരമായി നടത്തണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

27. ക്രെഡിററ് സെമസ്റ്റർ സമ്പ്രദായത്തിൻെറ സുഗമമായ നടത്തിപ്പിനായി എം ജി സർവ്വകലാശാലസമാതൃകയിൽ നവംബർ മെയ് മാസങ്ങളിലായി വെക്കേഷൻ പുനഃക്രമീകരിക്കണമെന്ന് മററ് സർവ്വകലാശാലകളോട് ആവശ്യപ്പെടുന്നു.

28. സ്വകാര്യ കോളജധ്യാപകരുടെ സംഘടനാ പ്രവർത്തനം തടയുന്ന നടപടികളിൽ നിന്നും ബന്ധപ്പെട്ട മാനേജ്മെൻറുകൾ പിന്തിരിയണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

29. കേരളത്തിലെ സ്വകാര്യ എയ്ഡഡ് കോളജുകളിലെ അധ്യാപക നിയമനത്തിന് അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള കോളജ് സർവ്വീസ് കമ്മീഷൻ രൂപീകരിക്കണമെന്ന് സംസ്ഥാന ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.

30 നിലവിൽ സർവ്വീസിൽ ഉള്ള സ്കൂൾ അധ്യാപകർക്ക് അനാവശ്യമായി യോഗ്യതാ പരീക്ഷ നടത്താനുള്ള നീക്കത്തിൽ നിന്ന് പിൻമാറണമെന്ന് എ കെ പി സി ടി എ സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

31. സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം പോലും നൽകാത്ത മാനേജ്മെൻറ് നടപടിയിലും സർക്കാറിൻെറ നിഷ്ക്രിയത്വത്തിലും ഈ സമ്മേളനം ശക്തിയായി പ്രതിഷേധിക്കുന്നു . നഴ്സുമാർ നടത്തുന്ന അവകാശ സമരത്തിനോട് എ കെ പി സി ടി എ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും ആവശ്യപ്പെടുന്നു.

32. ട്രെയിനിൽ യാത്ര ചെയ്യുന്ന വനിതകളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അധികൃതരോട് ആവശ്യപ്പെടുന്നു. കേരളത്തിൻെറ സാമൂഹിക ഇടങ്ങളിൽ വനിതകൾക്ക് ഉണ്ടാകുന്ന എല്ലാതരം ദുരിതങ്ങൾക്കും അറുതി വരുത്തുവാനുള്ള കൂട്ടായ ശ്രമങ്ങളുണ്ടാകണമെന്ന് സമ്മേളനം അഭ്യർത്ഥിക്കുന്നു.

33. തമിഴ്നാടിന് വെള്ളവും കേരളത്തിന് സുരക്ഷയും ഉറപ്പാക്കുന്നതിന് വേണ്ടി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സമ്മേളനം കേന്ദ്ര സംസ്ഥാന സർക്കാരോട് ആവശ്യപ്പെടുന്നു

# സംസ്ഥാന ഭാരവാഹികൾ
# 2012-2013



പ്രൊഫ. പി. മമ്മദ്
പ്രസിഡൻറ്



ഡോ. കെ. ശ്രീവത്സൻ
ജനറൽ സെക്രട്ടറി



ഡോ.കെ.പി.സുകുമാരൻനായർ
വൈ. പ്രസിഡൻറ്



ഡോ.പി.എസ്.ഗീതാകുമാരി
വൈ. പ്രസിഡൻറ്



പ്രൊഫ.മോഹനകൃഷ്ണൻ
ട്രഷറർ

## സംസ്ഥാന സെക്രട്ടറിമാർ



ഡോ.കെ.പ്രദീപ്കുമാർ
കണ്ണൂർ സർവ്വകലാശാല



പ്രൊഫ. ഡി.കെ.ബാബു
കാലിക്കറ്റ് സർവ്വകലാശാല



ഡോ.പി.തോമസ് മാത്യു
എം.ജി. സർവ്വകലാശാല



ഡോ. കെ.എസ്.വിവേകാനന്ദൻ
കേരള സർവ്വകലാശാല

# AKPCTA
# Office Bearers 2012-2013

## STATE OFFICE BEARERS

**PRESIDENT**

**Prof. P. Mammed**
PSMO College,
Thirurangadi
Ph: 0494-2463889
Ph: 9447243321

**VICE PRESIDENTS**

**Dr. K. P. Sukumaran Nair**
SD College,Kanjirapally
Ph: 04828-228141
Mob: 9447134637

**Dr. P.S. Geethakumari**
NSS College, Vazhoor,
Kottayam
Ph: 0481-2460088
Mob: 9495081122

**GENERAL SECRETARY**

**Dr. K. Sreevalsan**
SN College, Kollam
Ph: 0474-2746536
Mob: 9447280806

**TREASURER**

**Prof. R. Mohanakrishnan**
MG College,
Thiruvananthapuram
Ph: 0471-3299409
Mob: 9497592458

**SECRETARIES**

*Kannur University*

**Dr. K. Pradeep Kumar**
NSS College, Mattannur
Ph: 0490-2472424
Mob: 9496359390

*Calicut University*

**Dr.D.K.Babu**
Guruvayoorappan College
Kozhikode
Ph: 0495-2430533
Mob: 9447424714

*MG University*

**Dr. P. Thomas Mathew**
UC College, Aluva
Ernakulam
Ph: 0484-2609124
Phone: 9446479124

*Kerala University*

**Dr. K.L. Vivekandan**
S N. College,
Chempazhanthy
Ph: 0471-2470631
Ph:9447019722

## DISTRICT OFFICE BEARERS

**KANNUR - KASARGOD**

*President*

**Prof. Krishnanvannarath**
SES College,
Sreekandapuram

*Secretary*

**Prof. Nishanth.A**
Payyannur College,
Payyannur
Ph : 9447690687

**KOZHIKODE**

*President*

**Dr. P.T. Malini**
Guruvayoorappan College,
Kozhikkode

*Secretary*

**Dr. Sunny.N.M**
Malabar Christian College
Kozhikode, Ph:
9447418715

**WAYANAD**

*President*

**Dr. K. P. Saju**
Pazhassy Raja College
Pulpalli, Wayanad

*Secretary*

**Prof. James Mathew**
St. Mary's College
Sulthan batheri
Phone: 9495785401

**MALAPPURAM**

*President*

**Dr. P. Sayudevi**
N.S.S. College
Manjeri, Malappuram

*Secretary*

**Dr.C.Majeed**
Unity Women's College,
Malappuram.
Ph: 9446244359

**PALAKKAD**

*President*

**Prof. M. Naim**
MES College,
Mannarkkadu, Palakkad

*Secretary*

**Prof. V.K. Sudhakaran**
NSS College, Ottappalam
Palakkad, Ph: 9447943003

**THRISSUR**

*President*

**Dr.P.S.Feroz**
SN College, Nattika
Thrissur

*Secretary*

**Dr. V.K. Vijayan**
SKV College, Thrissur
Ph: 9446938195

**ERNAKULAM**
*President*
**Prof. Bakshi Paul**
St. Peters College,
Kolancherry

*Secretary*
**Dr.Krishnadas**
Sree Sankara College,
Kalady
Ph: 9446306732

**KOTTAYAM-IDUKKI**
*President*
**Dr. P.P. Chandrasekhara Pillai**
DB College,
Thalayolaparambu

*Secretary*
**Prof. Tommichan Joseph**
K.E. College, Mannanam,
Kottayam, Ph: 9447571690

**ALAPPUZHA**
*President*
**Prof. V.I. Johnson**
Bishopmoore college,
Mavelikkara

*Secretary*
**Prof. T.M. Sukumara Babu**
MSM College,
Kayamkulam
Mob: 9446973977

**PATHANAMTHITTA**
*President*
**Dr. P.J. James**
St. Thomas College
Kozhencherry

*Secretary*
**Dr. P.N. Harikumar**
DB College, Parumala
Ph: 9446396947

**KOLLAM**
*President*
**Prof. M. Sreekumar**
M.M .N.S.S. College,
Kottiyam, Kollam
*Secretary*
**Prof.K.Santhosh**
DB College, Sasthamcotta
Ph: 9447891464

**THIRUVANANTHAPURAM**
*President*
**Prof.A.G.Oleena**
VTM NSS College,
Dhanuvachapuram

*Secretary*
**Dr. M. Shahul Hameed**
Iqbal College,
Peringammala
Ph: 9447074366

## STATE COMMITTEE MEMBERS

(State Working Committee Members, District Presidents and Nominated Members)

**State Committee Nominations**

**Prof. V. Karunakaran**
NAS College Kanjangad

**Prof. K.R. Kiran**
NSS Eng. College,
Palakkad

**Prof. Sreejith.CM**
SNM College, Maliankara

**Dr.Georgie**
Marthoma College,
Chungathara

**Prof. M.V. Madhu**
SKV College, Thrissur

**Prof. M.J.Mathew**
MES College,
Nedumkandam

**Prof. Pramod Vellachal**
MG College, Irutti

**Prof. Premji Issac**
St Marys College,
Sulthanbethari

**Prof. Joby K. Jose**
St. Joseph College,
Devagiri, Kozhikode

**Prof. S.Shibu**
SN College, Varkala

**Prof. Praveen Kumar. V.S**
SAS SNDP Yogam College
Konni

**Prof. Vijayakumari.K**
SN College for Women,
Kollam

**Prof. K. R. Jayakumar**
NSS College, Pandalam

**Prof. K.R.Narayanan**
NSS College,
Changanasseri

**Prof. Joji Alex**
St. Thomas College, Pala,
Kottyam.

**Prof.Chandapilla Panicker**
TKM College of
Engg.Kollam

**Prof.Lalu Varghese**
Christian College,
Chenganoor.

## STATE WORKING COMMITTEE

**State Office Bearers, District Secretaries, Nominated Working Committee Members and Invitees**

## WORKING COMMITTEE NOMINATIONS

**Dr. V. Rajendran Nair**
MG College,
Thiruvananthapuram
Ph: 0471-2574769
Mob: 9447260047

**Prof. P. Reghunath**
MSM College,
Kayamkulam
Mob: 9447795285

**Prof. K. Radhakrishnan Nair**
NSS College, Vazhoor
Mob: 9447569651

**Dr. T. K. Sreedharan**
MES College, Mambad
യിക്കുന്ന അവസ്ഥാ വിശേഷത്തിന് ഒട്ടേറെ അപ്രായോഗികതകൾ ഉണ്ട് എന്നും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം എന്നത് അടിസ്ഥാനപരമായ് അതതു സ്ഥാപനങ്ങളുടെ കൂടി വിഷയമാണ് എന്നുമുള്ള ധാരണകൾ ഇത്തരണത്തിൽ ബലപ്പെട്ടു . അക്കാദമിക് കാര്യങ്ങളിൽ അവസാനവാക്ക് പറയാനുള്ള സർവ്വകലാശാലകളുടെ അധികാരം അംഗീകരിച്ചുകൊണ്ട് തന്നെ അഫിലിയേറ്റഡ് കോളജുകൾ സ്വന്തമായി *വിഷനും മിഷനു* മൊക്കെ ആവിഷ്ക്കരിക്കുകയും അവ സാക്ഷാൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾ ചെറിയ തോതിലെങ്കിലും ആരംഭിക്കുകയും ചെയ്തു.


ഒരുപക്ഷേ ചഅഅഇ വിഭാവനം ചെയ്തതുപോലെ കാര്യങ്ങൾ നടന്നിരുന്നെങ്കിൽ വളരെയേറെ ഗുണകരമായ ഒരു വിജ്ഞാനവിസ്ഫോടനം കേരളത്തിലെങ്കിലും സംഭവിക്കേണ്ടതായിരുന്നു. പ്രാദേശികമായ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ, പ്രായോഗികമായ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒക്കെ സ്വതന്ത്രമായ കാഴ്ചപ്പാടുകളും പ്രവർത്തനപന്ഥാവും വെട്ടിത്തെളിച്ചെടുത്ത നിരവധി സ്ഥാപനങ്ങളുടെ കൂട്ടായ്മയായിരുന്നു യഥാർഥത്തിൽ രൂപപ്പെടേണ്ടിയിരുന്നത്. പക്ഷേ ഭൂരിഭാഗം സ്ഥാപനങ്ങളിലും കാര്യങ്ങൾ നേരെ വിപരീതദിശയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. നിലവാരം കുറഞ്ഞ അനുകരണങ്ങളുടേയും അക്കാദമിക് വ്യായാമങ്ങളുടേയും വേദിയായി മിക്ക സ്ഥാപനങ്ങളും മാറിക്കൊണ്ടിരിക്കുന്നു. തികച്ചും അരാഷ്ട്രീയമായ നിലപാടുകൾ ഇത്തരം വേദികളിൽ നിരന്തരം ആവർത്തിക്കപ്പെടുകയും അക്കാദമിക് സമൂഹത്തിന്റെ നിർമ്മമമായ നിശബ്ദതയെ ഉപയോഗപ്പെടുത്തിക്കൊണ്ട് അത്തരം കാഴ്ചപ്പാടുകൾ ആധിപത്യം നേടുകയും ചെയ്യുന്നു . ചില സ്ഥാപനങ്ങളിൽ കാര്യങ്ങൾ കുറേക്കൂടി ഗുരുതരമായ അവസ്ഥയിലേക്കാണ് നീങ്ങുന്നത്. പരിമിതമായ ജനാധിപത്യാവിഷ്കാരങ്ങളിലെ വേദിയായി നേരത്തെ നിലനിന്നിരുന്ന കോളജ് യൂണിയൻ, കോളേജ് കൗൺസിൽ, പി.ടി.എ എന്നിവ പാർശ്വവൽക്കരിക്കപ്പെടുകയും ഇവയുടെയൊക്കെ സ്ഥാനം കഝഅഇ ഏറ്റെടുക്കുകയും ചെയ്യുന്ന വിചിത്രമായ അവസ്ഥാവിശേഷങ്ങൾ വരെ ചില സ്ഥാപനങ്ങളിൽ ഉരുത്തിരിഞ്ഞുവരുന്നുണ്ട്. ജനാധിപത്യേതരമായ ഗുണനിലവാരത്തിന്റെ വക്താക്കളായി മാറാനുള്ള വ്യഗ്രത സ്ഥാപനത്തോടുള്ള അർപ്പണമനോഭാവമായി തെറ്റിധരിക്കപ്പെടുന്നു.

എങ്ങനെയൊക്കെ ആയിരിക്കണം കഝഅഇ എന്നുമാത്രമല്ല, എന്താവരുത് കഝഅഇ എന്നും ചഅഅഇ എടുത്തുപറയുന്നുണ്ട്. ഏതൊരു സ്ഥാപനത്തിലും നിലനിൽക്കുന്ന അധികാര ഘടനകളുടെ ഇടയിൽ മറ്റൊരു അധികാരസ്ഥാപനമായി കഝഅഇ മാററുത് എന്ന് ചഅഅഇ നിഷ്കർഷിക്കുന്നു. ഫോട്ടോഗ്രാഫുകളും പത്രവാർത്തകളുടെ പകർപ്പുകളും സൂക്ഷിച്ചുവയ്ക്കുന്ന കേവലം ഒരു *റെക്കോർഡ് കീപ്പിംഗ്* വ്യായാമമായി കഝഅഇ മാറരുത് എന്നും ചഅഅഇ എടുത്തുപറയുന്നുണ്ട്. പക്ഷേ പലപ്പോഴും ഗുണനിലവാരത്തിന്റെ ഈ രഥമുരുട്ടലിൽ ആദ്യം ഞെരിഞ്ഞമരുന്നത് വിദ്യാർത്ഥികളുടെ സംഘടനാപ്രവർത്തന സ്വാതന്ത്ര്യമാണ്. വിദ്യാർത്ഥികളുടെ സംഘടനാപ്രവർത്തനം വളരെ ആദർശാത്മകമായ മണ്ഡലത്തിലാണ് നടക്കുന്നത് എന്ന് അവകാശപ്പെടുകയല്ല, മറിച്ച് സംഘടനാപ്രവർത്തനം ജനാധിപത്യപരമായ രീതിയിൽ ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ ആദർശാത്മകമായ മണ്ഡലങ്ങൾ സാക്ഷാൽക്കരിക്കാൻ കഴിയുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം.

ഭരണവർഗ്ഗത്തിന്റെ മൂല്യബോധവുമായി സമരസപ്പെടലാണ് ഗുണനിലവാരത്തിന്റെ മാനദണ്ഡം എന്ന് കരുതുന്നവർ അതിനനുസൃതമായ കൃത്രിമമായ ഒരുതരം അച്ചടക്കബോധവും കാമ്പസുകളിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് അവശ്യം വേണ്ട പ്രവർത്തന സ്വാതന്ത്ര്യത്തേയും ചിന്താസ്വാതന്ത്ര്യത്തേയും നിഷേധിച്ചുകൊണ്ട് അച്ചടക്കത്തിന്റെ വളരെ സങ്കുചിതമായ അനുശാസനങ്ങൾ കാമ്പസുകളിൽ വ്യാപകമാവുന്നുണ്ട്. കോളജിന്റെ ചിട്ടയായ പ്രവർത്തനങ്ങളെ അലോരസപ്പെടുത്തുന്ന പരിപാടികളാണ് കോളജ് യൂണിയൻ പ്രവർത്തനങ്ങളും കലോൽസവങ്ങളും എന്ന് കരുതുന്നവരും കുറവല്ല. ക്ലാസ്സുമുറികളിൽ തുടങ്ങുകയും തുടങ്ങിയേടത്തുതന്നെ അവസാനിക്കേണ്ടതുമായ ഒരു പ്രതിഭാസമാണ് ഉന്നതവിദ്യാഭ്യാസം എന്നൊക്കെയുള്ള അബദ്ധധാരണകൾ ഇക്കാലത്തു പ്രബലമാണ്.

അധ്യാപകസംഘടനാ പ്രവർത്തനത്തെക്കുറിച്ചുള്ള പൊതുധാരണകളും ഇപ്രകാരമുള്ള മാറ്റങ്ങൾക്ക് വിധേയമാവുന്നുണ്ട്. സേവന-വേതന വ്യവസ്ഥയെക്കുറിച്ചുള്ള ആശങ്കകൾ അതിവേഗം പുതിയ രൂപഭാവങ്ങൾ പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. സംഘടിതമായ പ്രവർത്തനങ്ങൾക്കുപകരം വ്യക്തിപരവും മൽസരാധിഷ്ഠിതവുമായ അക്കാദമിക് ആസൂത്രണങ്ങളിലേക്ക് പുതിയ തലമുറയെ നയിക്കുന്ന രീതിയിലാണ് യു. ജി. സി യുടെ പുതിയ പ്രമോഷൻ/ പ്ലേസ്മെന്റ് മാനദണ്ഡങ്ങൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത്. ആരോഗ്യകരവും ഒരുപക്ഷേ ആ അർഥത്തിൽ മൽസരാധിഷ്ഠിതവുമായ അക്കാദമിക് പ്രവർത്തനങ്ങൾക്ക് പകരം എണ്ണം തികയ്ക്കാനുള്ള വ്യഗ്രതയിൽ നിലവാരം കുറഞ്ഞ അക്കാദമിക് വ്യായാമങ്ങൾ വ്യാപകമാവുന്നുണ്ട്.

അക്കാദമിക് രംഗത്തെ ഗുണനിലവാരം എന്നത് ആത്യന്തികമായി ഒരു രാഷ്ട്രീയ പ്രശ്നമാണ്. നിലവിലുള്ള സമൂഹത്തെ പരിവർത്തനവിധേയമാക്കുകയും പുതിയ സമൂഹസൃഷ്ടിയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുമ്പോഴാണ് യഥാർഥത്തിൽ ഗുണനിലവാരം സാക്ഷാൽക്കരിക്കപ്പെടുന്നത്. ഈ രംഗത്തെ ഓരോ ചെറിയ പ്രവർത്തനവും വിശാലമായ സാമൂഹിക രാഷ്ട്രീയ പ്രവർത്തന പദ്ധതിയുമായി കണ്ണിചേർക്കപ്പെടേണ്ടതുണ്ട്. അത്തരം ശ്രമങ്ങളെ ശിഥിലീകരിക്കാനുതകുന്ന പുതിയ സാഹചര്യങ്ങളെ പുരോഗമനപക്ഷത്തു നിൽക്കുന്ന അധ്യാപകസമൂഹം കരുതലോടെ സമീപിക്കേണ്ടതുണ്ട്. ഗുണനിലവാരത്തെക്കുറിച്ച് വർധിച്ചുവരുന്ന ആശങ്കകളെ നേരിടുകയും പരിഹരിക്കുകയും ചെയ്യേണ്ടത് ജനാധിപത്യമൂല്യങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ട് തന്നെയാണ്. ജനാധിപത്യത്തിന്റെ ബുദ്ധിപരമായ സാക്ഷാൽക്കാരം തന്നെയാണ് ഉന്നതവിദ്യാഭ്യാസം




# ആറാം യു. ജി. സി ശമ്പളപരിഷ്ക്കരണവും കുടിശ്ശിക പ്രഖ്യാപനവും

കേരളത്തിലെ സർവ്വകലാശാലകളിലേയും കോളജുകളിലേയും അധ്യാപകർക്ക് 6-ാം യു.ജി.സി. ശമ്പള പരിഷ്ക്കാരം 2006 ജനുവരി 1 മുതൽ നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയശേഷം രണ്ടു വർഷം പിന്നിട്ടിരിക്കയാണ്. എന്നാൽ 2006 ജനുവരി മുതൽ 2010 ഫെബ്രുവരി വരെയുള്ള കാലയളവിലെ ശമ്പളക്കുടിശ്ശിക ഇനിയും അധ്യാപകർക്ക് ലഭ്യമാക്കിയിട്ടില്ല. ഈ കാലയളവിൽ ശമ്പള വർദ്ധനവിന്റെ ഭാഗമായി സംസ്ഥാന സർക്കാരുകൾക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയുടെ 80 ശതമാനം കേന്ദ്രസർക്കാർ വഹിക്കുമെന്നും ബാക്കിയുള്ള 20 ശതമാനം സംസ്ഥാനങ്ങൾ നേരിട്ട് വഹിക്കണമെന്നുമാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നത്. അതനുസരിച്ച് രാജ്യത്തെ ബഹുഭൂരിപക്ഷം സംസ്ഥാന സർക്കാരുകളും സ്വന്തം ഫണ്ടിൽ നിന്നും ശമ്പളക്കുടിശ്ശിക അദ്ധ്യാപകർക്ക് നൽകുകയുണ്ടായി. എന്നാൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിൻപടി ഗ്രാന്റ് അനുവദിക്കുകയുണ്ടായില്ല. അതിനെത്തുടർന്ന് ഒരു സംസ്ഥാനത്തിനും 80 ശതമാനം ഗ്രാന്റ് ലഭ്യമാകുകയുണ്ടായില്ല. കേരള സർക്കാരാകട്ടെ കേന്ദ്ര ഗ്രാന്റ് അനുവദിച്ചാൽ മാത്രമേ ശമ്പളക്കുടിശ്ശിക നൽകുകയുള്ളൂ എന്ന നിലപാടാണ് കൈക്കൊണ്ടത്. പെൻഷൻ പ്രായം 65 ആയി ഉയർത്തുക എന്നതുൾപ്പെടെയുള്ള യു.ജി.സി. പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയാൽ മാത്രമേ ഗ്രാന്റ് അനുവദിക്കൂ എന്ന നി



ലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുപോന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര ഗ്രാന്റ് അനുവദിക്കുന്നതിനായി സർവ്വകലാശാലാ-കോളജ് അദ്ധ്യാപകരുടെ സംഘടനകളുടെ ദേശീയ ഫെഡറേഷനായ ഐഫക്ടോ യുടെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലമായി ദേശവ്യാപകമായി പ്രക്ഷോഭം നടത്തിവരികയായിരുന്നു. സംസ്ഥാനതലത്തിലും നിരവധി പ്രക്ഷോഭസമരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഈ ആവശ്യമുന്നയിച്ചുകൊണ്ട് 2010 ജനുവരിക്കുശേഷം രണ്ട് നിയമസഭാ മാർച്ചുകളും മൂന്ന് രാജ്ഭവൻ മാർച്ചുകളും നാം സംഘടിപ്പിച്ചു. ആയിരക്കണക്കിന് അധ്യാപകർ പ്രസ്തുത പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. കേന്ദ്രഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഐഫക്ടോ യുടെ നേതൃത്വത്തിൽ പതിനായിരക്കണക്കിനധ്യാപകർ പങ്കെടുത്ത പാർലമെന്റ് മാർച്ചും അറസ്റ്റ്വരിക്കൽ പ്രക്ഷോഭവും സംഘടിപ്പിക്കുകയുണ്ടായി. ഐഫക്ടോ നേതാക്കൾ മാനവവിഭവശേഷിവികസനവകുപ്പ് മന്ത്രിയേയും ധനകാര്യവകുപ്പ് മന്ത്രിയേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും നിരന്തരം കാണുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഇക്കാര്യമുന്നയിച്ചുകൊണ്ട് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഭരണകക്ഷി-പ്രതിപക്ഷ ഭേദമന്യേ എല്ലാ എം.പിമാരേയും കേരളത്തിൽ നിന്നുമുള്ള കേന്ദ്രമന്ത്രിമാരേയും കണ്ട് നിവേദനം നൽകുകയുമുണ്ടായി. 2011 മാർച്ച് മാസത്തിൽ നടന്ന ഇഅആള യോഗത്തിൽ ഗ്രാന്റ് അനുവദിക്കുന്നതിനെ പെൻഷൻപ്രായമുയർത്തുന്ന വിഷയവുമായി ബന്ധപ്പെടുത്തരുതെന്ന് കേരളത്തിലേയും ബംഗാളിലേയും വിദ്യാഭ്യാസമന്ത്രിമാർ ശക്തമായി ആവശ്യപ്പെടുകയുമുണ്ടായി. കേന്ദ്രസർക്കാർ ഉറപ്പുനൽകിയതനുസരിച്ച് ഗ്രാന്റ് നൽകുന്നതിനായി ഉത്തരവിറക്കാത്തതിൽ പ്രതിഷേധിച്ച് 2012 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ ഡൽഹിയിൽ പാർലമെന്റിനുമുന്നിൽ നിരാഹാരസമരമാരംഭിക്കുവാനും ഐഫക്ടോ തീരുമാനിച്ചിരുന്നു. എന്നാൽ നിരവധിയായ ഇത്തരം പ്രക്ഷോഭങ്ങൾക്കൊടുവിൽ കേന്ദ്രമാനവവിഭവശേഷിവികസനവകുപ്പ് ഗ്രാന്റ് അനുവദിക്കുവാൻ തീരുമാനിക്കുകയും ജൂലൈ രണ്ടാം വാരം കൂടിയ കേന്ദ്രമന്ത്രിസഭ ഇതുസംബന്ധിച്ച തീരുമാനമെടുക്കുകയും ചെയ്തിരിക്കയാണ്. മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് സർക്കാർ ഉത്തരവിറക്കിയിട്ടില്ലെങ്കിലും ശമ്പളക്കുടിശ്ശിക ഇതിനിടെ വിതരണം ചെയ്ത സംസ്ഥാനങ്ങൾക്ക് അവർ സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകുമെന്നും അല്ലാത്ത സംസ്ഥാനങ്ങൾ കുടിശ്ശിക വിതരണം ചെയ്യുന്നമുറയ്ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകുമെന്നുമാണ് മന്ത്രിസഭാതീരുമാനം വിവരിച്ചുകൊണ്ടുള്ള പത്രവാർത്തയുണ്ടായിരിക്കുന്നത്. അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ 4 വർഷമായി തടഞ്ഞുവച്ചിരുന്ന 80 ശതമാനം കേന്ദ്രഗ്രാന്റ് അനുവദിക്കാൻ ഇപ്പോൾ കേന്ദ്രസർക്കാർ തയ്യാറായത് അകഎഡഇഠഛ യുടെ നേതൃത്വത്തിൽ നടന്ന നിരവധി സമരങ്ങളുടെ ഫലമാണ്.

# യു. ജി. സി 6 – ാം ശമ്പളപരിഷ്കരണ കുടിശ്ശിക നേടിയെടുക്കാൻ വേണ്ടി നടത്തിയ സമരത്തിൻെറ നാൾവഴികൾ...

## ആറാം ശമ്പളപരിഷ്കരണത്തിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ

| | |
|---|---|
| 2006 മുതൽ 2007 വരെ | നിവേദനങ്ങളും പ്രവർത്തനങ്ങളും |
| 2007 സെപ്തംബർ 5 | കമ്മീഷനെ നിയോഗിക്കാൻ രാജ്യവ്യാപകമായി പ്രതിഷേധ ദിനം |
| 2008 ആഗസ്ററ് 20 | അഖിലേന്ത്യാ പൊതുപണിമുടക്ക് |
| 2008 സെപ്തംബർ 24 | പ്രതിഷേധ ദിനം, ബാഡ്ജ് ധാരണം |
| 2009 ജനുവരി 28 | രാജ്ഭവൻ മാർച്ച് |
| 2009 ഫെബ്രുവരി 23 | പാർലമെൻറ് മാർച്ച് |
| 2009 ആഗസ്ററ് 16 | രാജ്യവ്യാപകമായി പ്രതിഷേധ ധർണ |
| 2009 സെപ്തംബർ 24 | ഏജീസ് ഓഫീസ് മാർച്ച് |
| 2010 ജനുവരി 2 | സെക്രട്ടറിയേററ് മാർച്ച് |
| 2010 ഫെബ്രുവരി 10 മുതൽ 22 ദിവസം | സെക്രട്ടറിയേററ് പടിക്കൽ സത്യാഗ്രഹം |
| 2010 മാർച്ച് മുതൽ | ശമ്പള പരിഷ്കരണം |



# യു. ജി. സി 6 – ാം ശമ്പളപരിഷ്കരണ കുടിശ്ശിക നേടിയെടുക്കാൻ വേണ്ടി നടത്തിയ സമരത്തിൻെറ നാൾവഴികൾ...

| ശമ്പള കുടിശ്ശിക നേടിയെടുക്കാൻ വേണ്ടിയുള്ള സമരങ്ങൾ | |
|---|---|
| 2010 ജൂലായ് 24 | രാജ്ഭവൻ മാർച്ച് |
| 2010 ആഗസ്ററ് 3 | വിദ്യാഭ്യാസ കൂട്ടായ്മകൾ |
| 2011 ജനുവരി മാസം | മന്ത്രിമാർക്കും എല്ലാ എം പി മാർക്കും നിവേദനങ്ങൾ |
| 2011 ഏപ്രിൽ ആദ്യവാരം | പ്രതിഷേധ ധർണ, ടെലഗ്രാം അയക്കൽ സമരം |
| 2011 ജൂലായ് 2 | രാജ്ഭവൻ മാർച്ച് |
| 2011 ആഗസ്ററ് 26 | പാർലമെൻറ് മാർച്ച് |
| 2011 ഒക്ടോബർ 3 | അവകാശദിനാചരണ സമരം |
| 2011 ഫെബ്രുവരി 17 | ബാഡ്ജ് ധാരണം, ധർണ |
| 2012 മാർച്ച് 14 മുതൽ 16 വരെ | ഡൽഹിയിൽ ജയിൽ നിറക്കൽ സമരം, കോളജുകളിൽ പ്രകടനം |
| 2012 മാർച്ച് മുതൽ ജൂലായ് വരെ | തുടർപ്രവർത്തനങ്ങൾ |
| 2012 ജൂലായ് 20 | കുടിശ്ശിക പ്രഖ്യാപനം |
| **പ്രഖ്യാപിക്കപ്പെട്ട മററ് സമരങ്ങൾ** | |
| 2012 ആഗസ്ററ് 18 | സെക്രട്ടേറിയററിനു മുന്നിൽ ധർണ്ണ |
| 2012 ആഗസ്ററ് 25 | സംസ്ഥാന തലസ്ഥാന തലങ്ങളിൽ നിരാഹാര സമരം |
| 2012 ആഗസ്ററ് 28,29,30 | പാർലമെൻറ് മാർച്ച്, റിലേ നിരാഹാരം |



2010 ജൂലായ് 24 … ഉദ്ഘാടനം …

## രാജ്ഭവൻ മാർച്ച്

കേരളം സമർപ്പിച്ച യു.ജി.സി 6-ാം ശമ്പള പരിഷ്കരണ നിർദ്ദേശം അംഗീകരിച്ച് കേന്ദ്ര സർക്കാർ നൽകേണ്ട ഗ്രാന്റ് ഉടൻ അനുവദിക്കണമെന്നും യു.ജി.സി റെഗുലേഷനിലെ അധ്യാപക വിരുദ്ധ നിബന്ധനകൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് സർവ്വകലാശാലാ കോളജ് അധ്യാപക സംയുക്തസമിതിയുടെ ആഭിമുഖ്യത്തിൽ 2010 ജൂലൈ 24 ന് അധ്യാപകർ രാജ്ഭവൻ മാർച്ച് നടത്തി. മാർച്ച് ശ്രീ.എ.സമ്പത്ത് എം.പി. ഉദ്ഘാടനം ചെയ്തു. മാർച്ചിന് ശേഷം സംയുക്ത സമിതി നേതാക്കൾ ഗവർണ്ണർക്ക് നിവേദനം സമർപ്പിച്ചു.

ഒരു ദേശീയ പദ്ധതി എന്ന നിലയിലും കേന്ദ്രസർക്കാർ ഇറക്കിയ ഉത്തരവെന്ന നിലയിലും പദ്ധതി നടപ്പാക്കുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത പൂർണ്ണമായും കേന്ദ്ര-സർക്കാർ വഹിക്കണമെന്നാണ് അധ്യാപക സംഘടനകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും നാലേകാൽ വർഷത്തേക്ക് അധികബാധ്യതയുടെ 80% മാത്രം വഹിക്കുമെന്നാണ് ഉത്തരവിൽ പറഞ്ഞിരുന്നത്. എന്നാൽ ഈയിനത്തിൽ നാളിതുവരെ ഒരു പൈസ പോലും ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും കേന്ദ്രസർക്കാർ അനുവദിച്ചിട്ടില്ല. മാത്രവുമല്ല യു.ജി.സി. റെഗുലേഷന്റെ മറവിൽ അപ്രായോഗിക നിബന്ധനകൾ അടിച്ചേൽപ്പിച്ച് ശമ്പള പരിഷ്കരണം അപ്പാടെ അപ്രസക്തമാക്കാനാണ് നീക്കം. ഈ നടപടി തിരുത്തണമെന്നും ഗ്രാന്റ് ഉടൻ അനുവദിച്ച് ശമ്പള കുടിശ്ശിക ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടാണ് അധ്യാപകർ രാജ് ഭവൻ മാർച്ച് നടത്തിയത്.





ഐഫക്ടോയുടെ തീരുമാനമനുസരിച്ച് ആഗസ്റ്റ് 26-ന് അഖിലേന്ത്യാതലത്തിൽ സർവകലാശാലാ കോളജ് അധ്യാപകരുടെ ഗംഭീര പാർലമെന്റ് മാർച്ച് നടക്കുകയുണ്ടായി. യുജിസി കേന്ദ്രഗ്രാന്റ് ഉടൻ അനുവദിക്കുക, പി.എഫ്.ആർ.ഡി.എ ബിൽ പിൻവലിക്കുക, കേന്ദ്രസർക്കാരിന്റെ ജനദ്രോഹപരവും സ്വകാര്യതാല്പര്യങ്ങളെ സംരക്ഷിക്കുന്നതുമായ ഉന്നത വിദ്യാഭ്യാസ ബില്ലുകൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മാർച്ച് സംഘടിപ്പിച്ചത്. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുമായി ആയിരക്കണക്കിന് അധ്യാപകർ മാർച്ചിലും തുടർന്നു നടന്ന ധർണ്ണയിലും പങ്കെടുത്തു. ജന്തർമന്ദറിൽ നടന്ന ധർണ്ണ എസ്എഫ്ഐയുടെ അഖിലേന്ത്യാ പ്രസിഡന്റും പാർലമെന്റംഗവും എം.എച്ച്.ആർ.ഡി.എ.യുമായി ബന്ധപ്പെട്ട പാർലമെന്ററി കമ്മറ്റി അംഗവുമായ ശ്രീ.പി.കെ. ബിജു എം.പി. ഉദ്ഘാടനം ചെയ്തു.

# ജയിൽ നിറയ്ക്കൽ സമരം

## 2012 മാർച്ച് 14,15,16 ന്യൂഡൽഹി

6-ാം യു.ജി.സി ശമ്പള കുടിശ്ശിക അനുവദിക്കുക. ശമ്പള പരിഷ്ക്കരണ ഉത്തരവിലെയും റഗുലേഷനിലെയും അപാകതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഐഫക്ടോയുടെ നേതൃത്വത്തിൽ സർവ്വകലാശാലകളിലേയും കോളജ് കളിലേയും അദ്ധ്യാപകർ ഡൽഹിയിൽ ജന്തർ മന്ദറിൽ 2012 മാർച്ച് 14, 15,16 തീയതികളിൽ അറസ്റ്റ് വരിക്കൽ സമരം നടത്തുകയുണ്ടായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അധ്യാപകർ ജാഥയായി ജന്തർമന്ദറിൽ എത്തുകയും മുദ്രാവാക്യങ്ങൾ മുഴക്കി ജന്തർ മന്ദറിൽ ധർണ്ണ ഇരിക്കുകയും ചെയ്തു. അധ്യാപകരെ പിന്നീട് പോലീസ് അറസ്റ്റ് ചെയ്യുകയും പോലിസ് കന്റോൺമെന്റിൽ തടഞ്ഞുവയ്ക്കുകയും ചെയ്തു. പതിനായിരക്കണക്കിന് അധ്യാപകരാണ് ഈ സമരത്തിൽ പങ്കെടുത്തത്. കേരളത്തിൽ നിന്ന് 100 ഓളം പേർ പങ്കെടുത്തു. അതിൽ പകുതിയോളം എ. കെ. പി.സി.ടി.എ പ്രവർത്തകരായിരുന്നു. പത്രമാധ്യമങ്ങൾ ഈ സമരം അർഹിക്കുന്ന പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു. കേന്ദ്ര സർക്കാരിന്റെ കണ്ണുതുറപ്പിക്കുവാൻ ഈ സമരം പര്യാപ്തമായി.





# കാലിക്കററ് സർവ്വകലാശാല ദുർഭരണത്തിനെതിരെ പൊതു സമൂഹം അണിനിരക്കണം

സർവ്വകലാശാല മാർച്ചും ധർണ്ണയും, 2012 ജൂലായ് 21

കോഴിക്കോട് സർവ്വകലാശാല ഇന്ന് ഭരണപരമായ ക്രമക്കേടുകളുടെയും, അഴിമതിയുടെയും കേളീരംഗമായി മാറിയിരിക്കുകയാണ് . അതിന്റെ ചില ഉദാഹരണങ്ങൾ;

- രാഷ്ട്രീയ ലാഭത്തിന് വേണ്ടി അധ്യാപകരുടെ നിയമനാംഗീകാരം തടഞ്ഞു വെക്കുന്നു.
- ഡിഗ്രി പരീക്ഷാഫലപ്രസിദ്ധീകരണത്തിലെ കാലതാമസവും അപാകതകളും.
- സർവ്വകലാശാല ഭൂമി സ്വകാര്യ ട്രസ്റ്റുകൾക്ക് കൈമാറാനുള്ള തീരുമാനം
- എഞ്ചിനീയറിങ്ങ് വിദ്യാർത്ഥികൾക്ക് മുൻകാല പ്രാബല്യത്തോടെ മാർക്ക് ദാനം ചെയ്ത തീരുമാനം.
- അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന നിലവാരമില്ലാത്ത സ്വാശ്രയ എഞ്ചിനീയറിങ്ങ് കോളേജുകളെ രക്ഷിക്കാനുള്ള നടപടികൾ.
- പരീക്ഷാ ക്രമക്കേടുകൾ നടത്തിയ വിദ്യാർത്ഥികൾക്ക് ശിക്ഷയിളവ് നൽകി പിഴമാത്രം ഈടാക്കാനുള്ള തീരുമാനം.
- കരുണ മെഡിക്കൽ കോളേജിൽ കൂട്ടകോപ്പിയടി നടത്തിയ വിദ്യാർത്ഥികളുടെ തടഞ്ഞുവെച്ച ഫലം പ്രഖ്യാപിക്കാനുള്ള തീരുമാനം.

പുതുതായി നിയമനം ലഭിച്ച എയ്ഡഡ് കോളേജ് അധ്യാപകർക്ക് നിയമനാംഗീകാരം നൽകുകയെന്നത് സർവ്വകലാശാലയുടെ നിയമപരമായ ബാധ്യതയാണ്. നാളിതു



ധർണ്ണയെ അഭിസംബോധനചെയ്തുകൊണ്ട് പ്രൊഫ. വി. നാരായണൻകുട്ടി, ശ്രീ. കെ.ററി. ജലീൽ എം. എൽ. എ തുടങ്ങിയവർ സംസാരിക്കുന്നു.

വരെ സർവ്വകലാശാല അത് കുറ്റമറ്റ രീതിയിൽ നിർവ്വഹിച്ച് പോന്നിരുന്നു. എന്നാൽ 2011 ൽ നോമിനേറ്റഡ് സിൻഡിക്കേറ്റ് അധികാരം ഏറ്റതോടെ നിയമനാംഗീകാരം നൽകാനുള്ള അധികാരം സ്വന്തം താൽപര്യ സംരക്ഷണത്തിനായി മാത്രം ഉപയോഗിക്കുന്ന ഒരവസ്ഥ സംജാതമായിരിക്കുന്നു. രാഷ്ട്രീയ ലക്ഷ്യം വെച്ച് അധ്യാപകരുടെ നിയമനാംഗീകാരം മാസങ്ങളോളം വെച്ചു താമസിപ്പിക്കുകയും തങ്ങൾക്ക് താൽപര്യമുള്ള അധ്യാപകരുടെ അപ്രൂവൽ ക്രമം തെറ്റിച്ച് ദിവസങ്ങൾക്കുള്ളിൽ നൽകുകയും ചെയ്യുന്നത് ഈ സിൻഡിക്കേറ്റിന്റെ സ്വജന പക്ഷപാതിത്വം വിളിച്ചോതുന്ന നടപടികളിൽ ചിലത് മാത്രമാണ്.

ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച അധ്യാപകരിൽ 1-ാം റാങ്ക് കാരനും 3-ാം റാങ്ക് കാരനും നിയമനാംഗീകാരം നൽകി അവർക്ക് ശമ്പളം ലഭിച്ചു കഴിഞ്ഞിട്ടും 2-ാം റാങ്കാരന് നിയമനാംഗീകാരം നൽകാതെ തടഞ്ഞ് വെച്ചിരിക്കുന്നത് ഉത്തമ ഉദാഹരണമാണ്.

ഡിഗ്രി ഫല പ്രഖ്യാപനത്തിൽ സർവ്വകലാശാല കാണിക്കുന്ന അലംഭാവം കുറ്റകരമായ അനാസ്ഥയായി മാറിയിരിക്കുകയാണ്. ഡിഗ്രി 5-ാം സെമസ്റ്റർ മൂല്യ നിർണ്ണയം ജനുവരി ആദ്യ വാരത്തിലും, 6-ാം സെമസ്റ്ററിന്റേത് ഏപ്രിൽ അവസാനത്തിലും ക്യാമ്പുകളിലൂടെ അധ്യാപകർ പൂർത്തിയാക്കിയതാണ്. എന്നാൽ നാളിതുവരെ പരീക്ഷാ ഫലം പൂർണ്ണമായും പ്രസിദ്ധീകരിച്ചിട്ടില്ല. ഫലം എന്ന് ലഭിക്കുമെന്നുള്ള മറുപടി പോലും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. പ്രസിദ്ധീകരിച്ച ഫലത്തിന്റെ ഗ്രേഡ് ഷീറ്റുകൾ വിതരണം ചെയ്യാത്തതു മൂലം വിദ്യർത്ഥികൾക്ക് പി.ജി. പ്രവേശനത്തിനുള്ള അവസരം നിഷേധിക്കപ്പെട്ടുന്നു. പുനഃപരിശോധനക്ക് വിദ്യർത്ഥികൾക്ക് സർവ്വകലാശാലാ അവസരം നൽകുന്നില്ല. 1-ാം സെമസ്റ്റർ ഫലം കേവലം 5 ആഴ്ച കൊണ്ട് പ്രഖ്യാപിച്ച് മറ്റു സർവ്വകലാശാലകൾക്ക് മാതൃകയായ സർവ്വകലാശാലയുടെ ഇന്നത്തെ അവസ്ഥ ആരേയും വേദനിപ്പിക്കുന്നതാണ്.

ഒരു പരീക്ഷാ കൺട്രോളറുടെ നേതൃത്വത്തിൽ രഹസ്യ സ്വഭാവം കാത്തു സൂക്ഷിച്ച് കൃത്യമായി നടന്നിരുന്ന പരീക്ഷകൾ ഇന്ന് 4 ജോയിന്റ് കൺട്രോളർമാരുടെ ചുമതലയിലാണ് നടക്കുന്നത്. പരീക്ഷാ നടത്തിപ്പ് കുത്തഴിഞ്ഞതായി മാറിയതിന്റെ കാരണങ്ങൾ അന്വേഷിച്ച് കണ്ടെത്തണം. കണ്ണൂർ, എം.ജി സർവ്വകലാശാലകൾ സി.സിഎസ്.എസ് പരീക്ഷാ ഫലം മാതൃകാപരമായി പ്രസ്ദ്ധീകരിച്ചിരിക്കുന്ന ഈ വേളയിൽ കോഴിക്കോട് സർവ്വകലാശാല അതിനെ അട്ടിമറിക്കുകയാണ്. ഇത് അക്കാദമിക് സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

സർവ്വകലാശാല ഭൂമി സ്വകാര്യ ട്രസ്റ്റുകൾക്ക് കൈമാറാനുള്ള തീരുമാനമെടുത്തതിലൂടെ മുഖം നഷ്ടപ്പെട്ട സർവ്വകലാശാല ബിടെക്. പരീക്ഷക്ക് ചട്ട വിരുദ്ധമായി മുൻകാല പ്രാബല്യത്തോടെ മാർക്ക് ദാനം നൽകി പരിഹാസ്യരായി. കൂടാതെ സ്വാശ്രയ മെഡിക്കൽ കോളജിലെ കോപ്പിയടിച്ച വിദ്യാർത്ഥികളുടെ തടഞ്ഞ് വെച്ച പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചതിലൂടെയും, കോപ്പിയടിച്ച വിദ്യാർത്ഥികളിൽ നിന്ന് പിഴമാത്രം ഈടാക്കിയാൽ മതി എന്ന തീരുമാനത്തിലൂടെയും സർവ്വകലാശാലക്ക് തീരാ കളങ്കം ചാർത്തികൊടുത്തു.

ഈ സാഹചര്യത്തിൽ സർവ്വകലാശാലയെ ഇന്നത്തെ അവസ്ഥയിൽ നിന്ന് മോചിപ്പിക്കാനായി പൊതു സമൂഹം ഇടപെടണമെന്ന് എകെപിസിടിഎ. അഭ്യർത്ഥിക്കുന്നു.

ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 21-7-12 ശനിയാഴ്ച രാവിലെ 10 മണിക്ക് കോഴിക്കോട് സർവ്വകലാശാലയിലേക്ക് മാർച്ചും ധർണ്ണയും നടത്തി. ധർണ ശ്രീ. കെ. ടി. ജലീൽ എം. എൽ. എ ഉദ്ഘാടനം ചെയ്തു. എ. കെ. പി.സി.ടി.എ മുൻ പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി, സംസ്ഥാന പ്രസിഡൻറ് പി. മമ്മദ്, ഡോ. കെ.കെ. ബാലചന്ദ്രൻ, ഡോ. ഡി.കെ.ബാബു, ഡോ. കെ.ടി. ശ്രീധരൻ തുടങ്ങിയവർ ധർണയെ അഭിസംബോധനചെയ്ത് സംസാരിച്ചു.

# 2012
# AIFUCTO Goldern Jubilee Year



## സംഘാടകസമിതി രൂപീകരിച്ചു

സർവ്വകലാശാല- കോളജധ്യാപകരുടെ അഖിലേന്ത്യ സംഘടനയായ ഐഫക്ടോയുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾ സംസ്ഥാനത്ത് സമുചിതമായി ആഘോഷിക്കാനുള്ള സംഘാടകസമിതി രൂപീകരിച്ചു. 25-6-2012 ന് യൂണിവേഴ്സിററി കോളജിൽ ചേർന്ന സംഘാടക സമിതി രൂപീകരണയോഗം സി.പി.ഐ (എം) ജില്ലാ സെക്രട്ടറി സ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡോ.എ.ആർ.രാജൻ അധ്യക്ഷതവഹിച്ചയോഗത്തിൽ ഐഫക്ടോ ദേശീയ സെക്രട്ടറി പ്രൊഫ. കെ. ജയകുമാർ സ്വാഗതവും ആശംസിച്ചു. എഫ്.എസ്.ഇ.ടി.ഒ നേതാക്കളായ എം. ഷാജഹാൻ, പി.എച്ച്. എം. ഇസ്മയിൽ, ഐഫക്ടോ സോണൽ സെക്രട്ടറി പി. രഘുനാഥ്, മുൻ വൈസ്പ്രസിഡൻറ് പ്രൊഫ. വി. എൻ. ചന്ദ്രമോഹൻ, ഡോ. വി. രാജേന്ദ്രൻനായർ എന്നിവർ സംസാരിച്ചു. ഡോ. കെ. ശ്രീവത്സൻ നന്ദി പ്രകാശിപ്പിച്ചു.


മുൻ വിദ്യാഭ്യാസമന്ത്രിയും, സി. പി. ഐ (എം) പോളിററ്ബ്യൂറോ അംഗം സ. എം. എ. ബേബി എം. എൽ. എ ചെയർമാനും പ്രൊഫ. കെ. ജയകുമാർ ജനറൽ കൺവീനറായും ഡോ. എ. ആർ. രാജൻ, ഡോ. കെ. ശ്രീവത്സൻ, പ്രൊഫ. പി. രഘുനാഥ് എന്നിവർ കൺവീനർമാരായും 10 പേരുൾപ്പെടുന്ന സ്വാഗതസംഘം രൂപീകരിച്ചു.





# ശ്രീനിവാസ രാമാനുജനും നമ്മുടെ ചിരന്തനഗണിത പൈതൃകവും

**ഡോ.എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*



ലോകോത്തര ഗണിതശാസ്ത്രജ്ഞനായിരുന്ന ഭാരതീയൻ ശ്രീനിവാസരാമാനുജൻെറ 125-ാം ജന്മവാർഷികമായ 2012 ദേശീയഗണിതശാസ്ത്ര വർഷമായി ആചരിക്കുകയാണ്. നമ്മുടെ ഗണിതശാസ്ത്ര പാരമ്പര്യത്തെ സംബന്ധിച്ച ഗൗരവപൂർണ്ണമായ പരിചിന്തനവും തിരിഞ്ഞുനോട്ടവും വിലയിരുത്തലും യഥേഷ്ടം നടക്കുന്ന സന്ദർഭമാണിത്.

ഗണിതശാസ്ത്ര ആശയങ്ങളെ കഴിഞ്ഞ 3000 വർഷങ്ങളായി ഭാരത പ്രജ്ഞ അനുധാവനം ചെയ്യുകയായിരുന്നു. കുറഞ്ഞ പക്ഷം വേദകാലത്തോളമെങ്കിലും നമ്മുടെ ഗണിത പാരമ്പര്യത്തിന് പഴക്കമുണ്ട്. അക്കാലത്തെ സർവസൂത്രങ്ങൾ, പൈതഗോറസ് തിയറം പൈതഗോറിസിന് മുമ്പേ ബി സി നാലാം നൂററാണ്ടിൽ ആവിഷ്കരിച്ചിരുന്നു. ജൈനമത ഗ്രന്ഥങ്ങളും (സൂര്യപ്രജ്ഞാപ്തി, ഗണിതസാരസംഗ്രഹം തുടങ്ങിയവ) ഗണിതം കൈകാര്യം ചെയ്തിരുന്നവയത്രെ. പൂജ്യത്തെ അക്കമായി ഗണിച്ചവയാണ് പുരാതന ഗ്രന്ഥങ്ങൾ. കേരളത്തിലും ഒരു പ്രാചീന ഗണിത സ്കൂൾ നിലനിന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ലോകത്ത് പലേടത്തും ഉയിർക്കൊള്ളുന്നതിന് മുമ്പ് തന്നെ സവിശേഷ ഗണിത ശാസ്ത്ര ആശയങ്ങൾ പിറന്നുവീണ നാടാണ് ഭാരതം എന്ന് നാം മനസ്സിലാക്കണം. വേദകാലഘട്ടത്തിലെ യജ്ഞവേദികളുടെ നിർമ്മാണത്തിന് ജ്യോമട്രി (ജ്യാമിതി) പ്രയോഗിച്ചിരുന്നു . യജ്ഞവേദീ നിർമ്മിതിക്ക് വേണ്ട ജ്യാമിതി നിർദ്ദേശങ്ങൾ അടങ്ങിയ രചനകളാണ് സർവസൂത്രങ്ങൾ. 800 ബി സിയിൽ ആയിരുന്നത്രെ ആദി സർവസൂത്രമായ ബൗദ്ധായന സർവസൂത്രം. പിന്നെയും 793 വർഷങ്ങൾക്ക് ശേഷമാണ് ഗ്രീക്കുകാരുടെ യൂക്ഡീയൻ ജ്യോമിട്രി പ്രത്യക്ഷപ്പെടുന്നത്. ബൗദ്ധായന സർവസൂത്രത്തിന് പിന്നാലെ വന്ന മൂന്ന് മുഖ്യസർവസൂത്രങ്ങളും ആദി ഗ്രന്ഥത്തിന് പരിഷ്കാരവും അവയിലെ ചിന്തകൾക്ക് മുന്നേററവും പകരുന്നതായി കാണാം.

വേദിക് മാത്തമാററിക്സ് എന്നത് ഏറെ പ്രയോഗത്തിലും പരിചയത്തിലുമുള്ള ഒരു സംജ്ഞ ആണ്. ഇതിന് വേദകാലഘട്ടത്തിലെ ഗണിതശാസ്ത്രവുമായി ബന്ധമില്ല, 1965 ൽ ശ്രീ ഭാരതി കൃഷ്ണ തീർത്ഥാജി രചിച്ച അതേ നാമധേയത്തിലുള്ള പുസ്തകമാണ് അതിന് അടിസ്ഥാനം.

ഇന്ത്യൻ ജ്യോതിശാസ്ത്ര സംസ്ഥാപകൻ എന്ന് അറിയപ്പെടുന്ന ആര്യഭട്ടൻെറ രചന ആര്യഭട്ടീയ യിലെ സംഹിതകൾ (499 എ. ഡി) ഗണിതശാസ്ത്രപരമായ ജ്യോതിശാസ്ത്രമാണ്. ആറാം നൂററാണ്ടിലെ വരാഹമിഹിരൻെറയും തുടർന്ന് ഏഴാം നൂററാണ്ടിൽ ഭാസ്കര (I)ൻെറയും ബ്രഹ്മഗുപ്തൻെറയും ഗണിത സംഭാവനകളുടെ തിളക്കം തുടർന്നും അഭംഗുരം നിലനിൽക്കുന്നതായി ചരിത്രം പറയുന്നു. ഒമ്പതാം നൂററാണ്ടിൽ ഗോവിന്ദസ്വാമിയും ശങ്കരനാരായണനും ഈ രംഗത്ത് തിളങ്ങിയെങ്കിൽ ആര്യഭട്ടൻ(II), വിജയനന്ദി

എന്നിവരായിരുന്നു പത്താം നൂറ്റാണ്ടിൽ. പതിനൊന്നാം. നൂറ്റാണ്ടിലെ ഗണിതശാസ്ത്ര സാന്നിദ്ധ്യമായിരുന്നു ശ്രീപതി. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഗണിതശാസ്ത്ര പണ്ഡിതരായിരുന്നു ബ്രഹ്‌മദേവനും ഭാസ്കരനു (II). പതിനാലാം നൂറ്റാണ്ടിൽ നാരായണ പണ്ഡിററും പതിനാറാം നൂറ്റാണ്ടിൽ ഗണേശനും ലോകശ്രദ്ധേയരായി.

ആര്യഭട്ടീയയിലെ പ്രതിപാദ്യം സൈദ്ധാന്തിക ജ്യോതിശാസ്ത്രമാണെങ്കിലും അതിന്റെ 12-ാം മത്തെയും 18-ാം മത്തെയും അദ്ധ്യായങ്ങൾ പൊതുഗണിതശാസ്ത്രമാണ്.

ഒരു സംഖ്യയുടെ സ്ക്വയർ റൂട്ട്, ക്യൂബ് റൂട്ട് എന്നിവയുടെ ദശാംശ സ്ഥാനം വരെ നിർണ്ണയിക്കുന്നതിന് ആര്യഭട്ടീയയിൽ വഴി ഒരുങ്ങി. ജ്യോതിശാസ്ത്ര പഠനങ്ങൾക്ക് ഉപയുക്തമായ മട്ടിൽ വലിയ സംഖ്യകൾ സംഗ്രഹ രൂപത്തിൽ എഴുതാവാൻ അതിൽ സമ്പ്രദായങ്ങൾ രേഖപ്പെടുത്തിയിരുന്നു. ജ്യോതിശാസ്ത്രമാകട്ടെ സൈദ്ധാന്തിക രൂപത്തിലാണ് അവതരിക്കപ്പെട്ടിരുന്നത്. അതിനാൽ സിദ്ധാന്ത ജ്യോതിശാസ്ത്രമെന്ന് അത് അറിയപ്പെട്ടിരുന്നു.

ഏഴാം നൂറ്റാണ്ടിലെ (628 എഡി) ഗണിതശാസ്ത്രതിളക്കമാണ് ബ്രഹ്‌മഗുപ്തന്റെ ബ്രഹ്‌മസ്ഫുടസിദ്ധാന്തം Opening of the Universe എന്ന ഗ്രന്ഥം. 1008 ശ്ലോകങ്ങൾ 25 അദ്ധ്യായങ്ങളിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥത്തിൽ ഗണിതം, ബീജഗണിതം (Algebra) . ജ്യാമിതി, സംഖ്യാപ്രമാണങ്ങൾ എന്നിവ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു അക്കമായി പൂജ്യത്തെ ആദ്യമുപയോഗിച്ചയാൾ ബ്രഹ്‌മ ഗുപ്തൻ ആണ്. *ഖണ്ഡകാദ്ധ്യായം* എന്ന മറ്റൊരു പ്രൗഢഗ്രന്ഥവും അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്.

പന്ത്രണ്ടാം നൂറ്റാണ്ടിലെ ഭാസ്കരൻ(II) ലീലാവതി, ബീജഗണിതം എന്നീ വിലപ്പെട്ട ഗ്രന്ഥങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. ലീലാവതി ഗണിതശാസ്ത്രം ഒരു സുന്ദരിയായ യുവതിക്ക് ചൊല്ലിക്കൊടുക്കുന്ന ശ്ലോകങ്ങളായി എഴുതപ്പെട്ടവ ആണ്. ബീജഗണിതം ഉന്നത നിലവാരമുള്ള ആൾജിബ്ര കൈകാര്യം ചെയ്യുന്നു. ഭാസ്കര (II) രചിച്ച സിദ്ധാന്തശിരോമണി, കരണകുതൂഹല എന്നീ ജ്യോതിശാസ്ത്ര ഗ്രന്ഥങ്ങളിലും ട്രിഗണോമെട്രി, കാൽക്കുലസ് എന്നിവ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ട്.



പേഷവാറിലെ ഒരു നിലയത്തിൽ നിന്ന് ഒരു കൃഷിക്കാരൻ കിളച്ചെടുത്ത ഭക്ഷലി എന്ന കൃതി 8 നും 12 നും ഇടയ്ക്കുള്ള ഒരു നൂറ്റാണ്ടിലേതാണ് എന്ന് പറയപ്പെടുന്നു.

14-ാം നൂറ്റാണ്ടിനും 17 -ാം നൂറ്റാണ്ടിനുമിടയിൽ 200 വർഷക്കാലം നിലനിന്ന ഒരു കേരളീയ ഗണിത വിദ്യാപീഠമുണ്ടായിരുന്നു. കോഴിക്കോടിനും കൊച്ചിക്കും ഇടയിലായിരുന്നു അതിന്റെ ആസ്ഥാനം. ചില കയ്യെഴുത്തു രേഖകളിൽ നിന്നത്രെ ഇതു നിലനിന്നതിനെ സംബന്ധിച്ച തെളിവുകൾ ലഭിച്ചത്. മാധവ, നീലകണ്ഠസോമയാജി എന്നിവരായിരുന്നു അവിടുത്തെ പ്രമുഖർ. ഗണിതയുക്തിഭാഷ എന്ന കൃതി മലയാളത്തിൽ ജ്യേഷ്ഠദേവ രചിച്ചത് ഈ വിദ്യാപീഠവുമായി ബന്ധപ്പെട്ടാണ്.

ഈ വിധം സമ്പുഷ്ടമായ ഒരു ഭാരതീയ പാരമ്പര്യമാണ് ശ്രീനിവാസ രാമാനുജന് ലഭിച്ചത്

## ശ്രീനിവാസരാമാനുജൻ

ദക്ഷിണ ഗംഗയായ കാവേരിയുടെ തീരം രാമാനുജന് ബാല്യമൊരുക്കി. അച്ഛൻ ശ്രീനിവാസൻ, അമ്മ കോമളത്തമ്മാൾ. കുട്ടിക്കാലത്തു തന്നെ പ്രതിഭയുടെ പിണർമിന്നിയ വ്യക്തിത്വമായിരുന്നു രാമന്റേത്. ആറാം ക്ലാസ്സിൽ യൂക്ലിഡിയൻ ജ്യോമട്രി പഠിക്കാനുണ്ടായിരുന്നു. ആ പ്രായത്തിൽ രാമനൊഴികെ മററാർക്കും അത് പിടികിട്ടിയിരുന്നുമില്ല.

ദുസ്സഹമായിരുന്നു വീട്ടിലെ ദാരിദ്ര്യം. കണക്കിനോടുള്ള അടങ്ങാത്ത ആവേശം കൊണ്ട്, പഴയ ഉടഞ്ഞ ഒരു സ്ലേററിൽ കണക്ക് ചെയ്യും. തുടയ്ക്കും. പിന്നെയും പുതിയത് എഴുതും. മൗലികമായ അന്വേഷണവും അന്വേഷണഫലങ്ങളും കൊണ്ട് നിബിഡമായവ ആയിരുന്നു രാമാനുജന്റെ നോട്ടുബുക്കുകൾ.

ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ അങ്കഗണിതം പഠിപ്പിച്ചു കൊണ്ടിരുന്ന ഗുരുനാഥൻ പറഞ്ഞു. മൂന്ന് പഴമുണ്ട് അവ മൂന്നു പേർക്ക് വീതിച്ചു കൊടുത്താൽ ഒരാൾക്ക് ഒരു പഴം കിട്ടു. പത്തെണ്ണം പത്തു പേർക്ക് വീതിച്ചാലും ആൾ ഒന്നിന് ഓരോ പഴം കിട്ടും ആയിരം എണ്ണം ആയിരം പേർക്ക് പങ്കിട്ടാലും ഒരാൾക്ക് ഒരുപഴം കിട്ടും എന്നു പറഞ്ഞാൽ ഏതു സംഖ്യയേയും അതേ സംഖ്യ കൊണ്ട് ഹരിച്ചാൽ ഒന്നു തന്നെ കിട്ടും.

ക്ലാസ് ശ്രദ്ധിച്ചിരുന്ന രാമാനുജൻ ചോദിച്ചു, സാർ പൂജ്യം പഴം പൂജ്യം പേർക്ക് വീതിച്ചാൽ ഓരോ പഴം ലഭിക്കുമോ? പ്രഗത്ഭനായ ആ ഗണിതാദ്ധ്യാപകൻ ഞെട്ടിപ്പോയി.

വിലപ്പെട്ട നോട്ടുബുക്കുകൾ രചിക്കുവാൻ പേപ്പർ തികയാതെ വന്നപ്പോൾ രാമൻ തെരുവിലൂടെ പാറ്റി ചവറുകൾക്കിടയിൽ എഴുതാൻ കൊള്ളാവുന്ന കടലാസു കഷണങ്ങൾ പരതുമായിരുന്നു. ദാരി

ദ്രത്തിന്റെ മൂധേവി കൂടിയിരുന്ന രാമന്റെ ഭവനത്തിൽ പട്ടിണിയുണ്ടായിരുന്നു. അതിനാൽ അനാരോഗ്യം രാമനെ വിട്ടുമാറിയില്ല പക്ഷെ ആ ജീവിത ശൈലിയിൽ സഫലമായ നിമിഷങ്ങൾ സമ്മാനിക്കാൻ രാമന് രക്തത്തിൽ ഗണിതമെന്ന ത്വരകമുണ്ടായിരുന്നു.

കണക്കൊഴികെയുള്ള വിഷയങ്ങളിൽ രാമൻ മാർക്കു വാങ്ങിയില്ല. ഇൻറർ മീഡിയററിന് ( എഫ് എ) കണക്കൊഴികെയുള്ള വിഷയങ്ങളിൽ മാർക്ക് മോശമാകുകയും തോൽവി സംഭവിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്കൂളിൽ പഠിക്കുന്ന കാലത്തു തന്നെ കോളജ് ലെവലിൽ പഠിക്കുന്ന സുഹൃത്തുക്കളുടെ ഗണിത പ്രശ്നങ്ങൾ നിഷ്പ്രയാസം രാമൻ പരിഹരിച്ചിരുന്നു. ബീജഗണിതത്തിലെയും, ത്രികോണമിതിയിലെയും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ അധ്യാപകർ അവലംബിച്ചിരുന്ന ദീർഘമാർഗ്ഗങ്ങളില്ലാതെ രാമൻ സ്വന്തം കുറുക്കു വഴികളിലൂടെ ഉത്തരം കണ്ടെത്തിയിരുന്നു.

ആദ്യം രാമാനുജന് അക്കൗണ്ട്സ് ജനറൽസ് ഓഫീസിൽ ഗുമസ്ഥനായി ജോലി ലഭിച്ചുവെങ്കിലും ശമ്പളം കുറവായതിനാൽ അവിടെ നിന്ന് മാറി മദ്രാസ് പോർട്ട് ട്രസ്റ്റ് ഓഫീസിൽ ചെന്നു. അവിടെ ഗുമസ്ഥനായി ജോലി ലഭിച്ചു. അതിന് ഒരു വർഷ് മുമ്പേ രാമൻ ജാനകീദേവിയെ വിവാഹം ചെയ്തിരുന്നു. അവർക്ക് കുട്ടികളില്ലായിരുന്നു.

അക്കാലത്ത് രാമന്റെ അഭ്യുദയകാംക്ഷികളുടെ നിർദ്ദേശപ്രകാരം കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ജി എച്ച് ഹാർഡിക്ക് കത്തെഴുതി രാമൻ എഴുതിക്കൂട്ടിയ മൗലിക സ്വഭാവമുള്ള ഗണിതശാസ്ത്ര കണ്ടെത്തലുകൾ ഹാർഡിക്ക് അയച്ചു കൊടുത്തു. അതേ സുഹൃത്തുക്കളുടെ പ്രേരണയും സഹായവും നിമിത്തം മദ്രാസ് സർവ്വകലാശാലയിൽ ഗവേഷണത്തിന് രാമൻ ചേരുകയും ചെയ്തിരുന്നു.



ഹാർഡിക്ക് ലഭിച്ച ആ കത്തിലൂടെ രാമന്റെ പ്രതിഭയെ അളക്കുവാൻ ഹാർഡിക്ക് കഴിഞ്ഞു. അങ്ങനെ രാമനെ കേംബ്രിഡ്ജിലേക്ക് ക്ഷണിച്ച് എത്തിച്ചത് ഹാർഡിയല്ലാതെ മററാരുമല്ല. അങ്ങനെ കേംബ്രിഡ്ജിലെ വിസ്മയ വിജ്ഞാന ഭൂമികയിലേക്ക് അത്യപൂർവ്വ പ്രതിഭയായ രാമൻ എത്തി.

ഹാർഡി- രാമാനുജൻ കൂട്ടുകെട്ടിൽ ലോകോത്തരമായ അഞ്ച് പ്രബന്ധങ്ങൾ രൂപം പൂണ്ടു. ഗണിതലോകത്തെ മൗലികതകളിലേക്ക് മുപ്പത്തി രണ്ട് പ്രബന്ധങ്ങളാണ് രാമാനുജനിൽ നിന്ന് ഉയിർക്കൊണ്ടത്. ഇൻഫിനിററ് സീരിസ്, രാമൻസ് തീററാഫങ്ഷൻ, മോക്ക്, എലിപ്ററിക്കൽ ഫങ്ഷൻ, മോഡുലാർ ഇക്വേഷൻസ് മുതലായ രാമന്റെ കണ്ടെത്തലുകൾ ഇന്നത്തെ ആധുനിക കമ്പ്യൂട്ടർ പ്രവർത്തനങ്ങൾക്കും, അണുനിലയങ്ങളുടെ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുന്നു. മുവ്വായിരത്തോളം ഗണിത സിദ്ധാന്തങ്ങൾ രാമാനുജൻ സംഭാവന ചെയ്തിട്ടുണ്ട്.

1918 ൽ കേംബ്രിഡ്ജ് സർവ്വകലാശാല അദ്ദേഹത്തിന് ഡോക്ടറേററ് നൽകി. ഫെലോ ഓഫ് ട്രിനിററി കോളജ്, കേംബ്രിഡ്ജ് എന്ന പരമോന്നത ബഹുമതിയും അദ്ദേഹം നേടി.

ഇംഗ്ളണ്ടിൽ താമസിക്കുന്ന കാലത്തും സസ്യാഹാരമല്ലാതെ രാമാനുജൻ മററൊന്നും കഴിച്ചിരുന്നില്ല. ഇംഗ്ളണ്ടിലെ തണുപ്പു കാലാവസ്ഥയും അലക്ഷ്യമായ ആഹാരക്രമവും അവിശ്രമ ശ്രമശൈലിയും രാമാനുജനെ രോഗിയാക്കി. രോഗകാലത്തും കണക്കിന്റെ ലോകത്തു തന്നെയായിരുന്നു അദ്ദേഹം. 1920 ഏപ്രിൽ 20 ന് തന്റെ 33-ാംമത്തെ വയസ്സിൽ രാമാനുജൻ ഈ ലോകത്തോട് വിടപറഞ്ഞു

## രാമാനുജൻ സംഖ്യ

രാമാനുജൻ ഇംഗ്ളണ്ടിൽ ആശുപത്രിയിൽ ശയ്യാവലംബിയായിരിക്കുമ്പോൾ ജി എച്ച് ഹാർഡി കാണാൻ ചെന്നു. ഹാർഡി ചെന്നത് 1729 എന്ന നമ്പറുള്ള കാറിലായിരുന്നു. അതൊരു നല്ല നമ്പർ അല്ല എന്ന് ഹാർഡി അഭിപ്രായപ്പെട്ടു. രാമാനുജൻ വിയോജിച്ചു കൊണ്ടു പറഞ്ഞു രണ്ട് ക്യൂബുകളുടെ തുകയായി രണ്ട് തരത്തിൽ എഴുതാവുന്ന ഏററവും ചെറിയ സംഖ്യയാണിത്... അതായത്

$10^3 + 9^3 += 1000+729=1729$

$12^3 + 1^3 = 1728+1=1729$

ക്യൂബിന് അപ്പുറം നാലാം ഘട്ടത്തിൽ ഇത്തരം സംഖ്യകൾ ഉണ്ടോ? ഹാർഡി ഉടൻ ചോദിച്ചു. രാമാനുജൻ താമസം വിനാ പറഞ്ഞു.

ഉണ്ടല്ലൊ,

$158^4 + 59^4 = 635318657$

$134^4 + 133^4 = 635318657$

1729 പിൽക്കാലത്ത് *രാമാനുജൻ സംഖ്യ* എന്ന് അഭിപ്രായപ്പെട്ടു.

**രാമാനുജന്റെ ഇഷ്ട സംഖ്യകൾ**

നാല് സംഖ്യകളായിരുന്നു രാമാനുജന്റെ ഇഷ്ടസംഖ്യകൾ, അവ നാലും അവയിലെ ഓരോ അക്കത്തിന്റെയും ക്യൂബുകൾ കൂട്ടിക്കിട്ടുന്നവ തന്നെ ആയിരുന്നു.

$153=1^3+5^3+3^3$

$370= 3^3+7^3+0^3$

$371= 3^3+7^3+1^3$

$407= 4^3+0^3+7^3$

കടപ്പാട്:*The Man who knew Infinity Robert Kanigel (Washington Squre Press)*

*2. Resonance March 2012.*



# Logistics Performance Index

## India slips to 46th Rank

Dr. P.S. Mohanakumar



Logistics cost in India is at 13-14 per cent of the gross domestic product compared to 7-8 per cent in developed countries . India's logistics performance index reflects some weaknesses in the logistics system. In 2012, India was ranked 46th compared to 39th five years ago The Logistics performance index: Overall (1=low to 5=high) in India was 3.12 in 2009, according to a World Bank report, published in 2010. Logistics Performance Index overall score reflects perceptions of a country's logistics based on efficiency of customs clearance process, quality of trade- and transport-related infrastructure, ease of arranging competitively priced shipments, quality of logistics services, ability to track and trace consignments, and frequency with which shipments reach the consignee within the scheduled time.

| Country | LPI Rank |
|---|---|
| Singapore | 1 |
| Hong Kong, China | 2 |
| Finland | 3 |
| Germany | 4 |
| Netherlands | 5 |
| Denmark | 6 |
| Belgium | 7 |
| Japan | 8 |
| United States | 9 |
| United Kingdom | 10 |
| India | 46 |

## Repo Rate, Reverse Repo and Bank Rate

Though they appear similar there is a basic difference between them. Repo rate or repurchase rate is the rate at which banks borrow money from the central bank (read RBI for India) for short period by selling their securities (financial assets) to the central bank with an agreement to repurchase it at a future date at predetermined price. It is similar to borrowing money from a money-lender by selling him something, and later buying it back at a pre-fixed price. Reserve Bank of India has been undertaking repos (through auctions) since December 1992. The repos were described to be in the form of sale of dated government securities by the RBI for very short periods with a confirmed buy-back provision. Initially, repos were conducted

for one, two or three days covering Fridays in a weekly cycle. This was later replaced by a 14 day cycle covering the reserve make up periods. **Reverse Repo** rate is the rate at which banks park their short-term excess liquidity with the RBI. The RBI uses this tool when it feels there is too much money floating in the banking system. An increase in the reverse repo rate means that the RBI will borrow money from the banks at a higher rate of interest. As a result, banks would prefer to keep their money with the RBI.


Today ,**Bank Rate** acts as the penal rate charged on banks for shortfalls in meeting their reserve requirements . (cash reserve ratio and statutory liquidity ratio). The Bank Rate is also used by several other organisations as a reference rate for indexation purposes.Section 49 of the Reserve Bank of India Act, 1934 requires the Reserve Bank to make public (from time to time) the standard rate at which it is prepared to buy or re-discount bills of exchange or other commercial paper eligible for purchase under that Act. Being the discount rate, the Bank Rate should technically be higher than the policy repo rate. The present rates are given below

| | |
|---|---|
| Bank Rate | 9.0% |
| Repo Rate | 8.0% |
| Reverse Repo | 7.0% |
| CRR | 4.75% |
| SLR | 24% |

## "Will India Be The First BRIC Fallen Angel?"

Standard & Poor's (S&P) berated all the BRICs members(which also comprise Brazil, Russia, and China), but reserved the severest sentence for India, maintaining its 'negative outlook'.The credit rating agency's 'indictment' and "warning" is not based on any deep analysis of national economies.GDP growth, government finances, capacity for reforms and economic success measured by free market, minimalist-government policies: India has defaulted on all of these criteria.The negative outlook also reflects the risk that Indian authorities may be unable to react to economic shocks quickly and decisively enough to maintain the country's current creditworthinessMost Indians wouldn't care a fig what Moody's thought of the country's ability to raise funds in global markets.India's government has already displayed its inability to meet "economic shocks."The 'BBB-' long-term sovereign credit rating on India is currently one notch above speculative grade.However, it is a problematic whose outcomes are far more profound than S&P's warning that India could *"become the first 'fallen angel' among BRIC nations."*


എ.കെ.പി.സി.ടി.എ
പ്രവർത്തക ക്യാമ്പ്
2012 സെപ്ററംബർ 22,23
വൈ.എം.സി.എ ഹാൾ, ആലുവ



## 114-ാമത്തെയും 116-ാമത്തെയും

# മൂലകങ്ങളുടെ പേര് സ്ഥിരീകരിച്ചു

**ഡോ.എം.ആർ.സുദർശനകുമാർ**
*എം.ജി.കോളജ്, തിരുവനന്തപുരം*



ആവർത്തന പട്ടികയിലെ രണ്ട് മൂലകങ്ങൾക്കുകൂടി മെയ് 31 ന് ഔദ്യോഗികമായി പേരു നൽകി. 114-ാമത്തെ മൂലകത്തിന് flerovium (f) എന്നും 116-ാമത്തെ മൂലകത്തിന് livermorium (Lv) എന്നുമാണ് പേര് നൽകിയിരിക്കുന്നത്. Russia യിലെ Dubna യിലുള്ള Flerov Laboratory യുടെയും കാലിഫോർണിയയിലെ Lawrence Livermore National Laboratory യുടേയും സ്മരണാർത്ഥമാണ് ഈ പേരുകൾ നൽകിയത്. ഈ ലാബോറട്ടറികളിലാണ് ഈ മൂലകങ്ങൾ ആദ്യമായി സൃഷ്ടിച്ചത്.

ഈ രണ്ടു സ്ഥാപനങ്ങളിലേയും ശാസ്ത്രജ്ഞർ സഹകരിച്ചാണ് ഈ മൂലകങ്ങൾ സൃഷ്ടിച്ചത്. 20 പ്രോട്ടോണുകളുള്ള കാൽസിയം 96 പ്രോട്ടോണുകളുള്ള Curium ത്തിൽ ഇടിപ്പിച്ചാണ് 116 പ്രോട്ടോണുകളുള്ള പുതിയ മൂലകം സൃഷ്ടിച്ചത്. അസ്ഥിരമായ ഈ മൂലകം 114 പ്രോട്ടോണുകളുള്ള മൂലകമായി രൂപാന്തരപ്പെടും. 96 പ്രോട്ടോണുകളും curium ത്തിനുപകരം 94 പ്രോട്ടോണുകളുള്ള plutonium ഉപയോഗിച്ചും ശാസ്ത്രജ്ഞർ ഈ മൂലകം നിർമ്മിച്ചു.

പത്തു വർഷം മുമ്പാണ് ഈ മൂലകങ്ങൾ സൃഷ്ടിച്ചത്. International Union of Pure and Applied Chemistry (IUPAC) ഇപ്പോഴാണ് ഈ മൂലകങ്ങളുടെ പേരുകൾ ഔദ്യോഗികമായി അംഗീകരിച്ചത്.

റഷ്യൻ ശാസ്ത്രജ്ഞനായ Georgiy Flerov ന്റെ സ്മരണാർത്ഥമുള്ള Flerov Laboratory യിലേയും അമേരിക്കൻ ശാസ്ത്രജ്ഞനായ E.O Lawrence ന്റെ സ്മരാണാർത്ഥമുള്ള ലോറൻസ് Lawrence Livermore Laboratory യിലേയും ശാസ്ത്രജ്ഞരാണ് 113,115,117,118 എന്നീ ആറ്റോമിക സംഖ്യയുള്ള മൂലകങ്ങളും നിർമ്മിച്ചത്. ഈ മൂലകങ്ങൾ Ununtrium (113), Ununpentium (115), Ununseptium (117), Ununoctium (118) എന്നീ താല്ക്കാലിക പേരുകളിലാണ് അറിയപ്പെടുന്നത്. 110,111,112 എന്നീ മൂലകങ്ങൾക്ക് darmstadtium (Ds),Roentgenium (Rg), copernicium (Cn) എന്നീ പേരുകൾ നൽകിയത്. ജർമ്മൻ നഗരമായ Darnstadt, Wilhelm Conard Roentgen, Nicolas Copernicusന്റേയും സ്മരണാർത്ഥമാണ് ഈ പേരുകൾ 2011 IUPAC ഔദ്യോഗികമായി നൽകിയത്.

Joint Institute for Nuclear Research ൽ 1957 ലാണ് Flerov Laboratory സ്ഥാപിച്ചത്. G.N Flerov ആയിരുന്നു സ്ഥാപകനും ആദ്യഡയറക്ടറും. മുപ്പതു വർഷം അദ്ദേഹം ലാബിന്റെ ഡയറക്ടറായിരുന്നു. 1952 ലാണ് Lawrence Livermore National Laboratory ആരംഭിച്ചത്. Edward Teller ഉം E.O Lawrence മാണ് ഈ ലാബിന്റെ സ്ഥാപകർ.

1913 ലാണ് G.N Flerov ജനിച്ചത്. Leningnad Polytechnic ൽ നിന്നും Thermal Physics ലും Nuclear Physics ലും ബിരുദം നേടി. 1957 Flero v Lab സ്ഥാപിച്ച അദ്ദേഹം 1989 വരെ ലാബിന്റെ ഡയറക്ടറായിരുന്നു. 1990 ൽ അന്തരിച്ചു.

1901 ലാണ് E.O Lawrence ജനിച്ചത്. Berkeley യിലെ കാലിഫോർണിയ സർവകലാശാലയിൽ പ്രൊഫസറായിരുന്നു. Cyclotron വികസിപ്പിച്ചതിന് 1939 ലെ ഭൗതിക നൊബേൽ സമ്മാന ജേതാവായി. 103-ാമത്തെ മൂലകത്തിന് lawrencium എന്ന പേരു നൽകിയത് അദ്ദേഹത്തിന്റെ സ്മരണാർത്ഥമാണ്. 1958 ൽ അന്തരിച്ചു.

KERALA PRIVATE
COLLEGE TEACHER



# സദാചാരത്തിനും ദുരാചാരത്തിനുമിടയിൽ സംഭവിക്കുന്നത്

**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*



സദാചാര മെന്നാൽ സത് ആചാരവും സജ്ജനങ്ങളുടെ ആചാരവു മെന്നു നമ്മുടെ നിഘണ്ടുക്കൾ ആണയിടുമ്പോൾ സായിപ്പിന്റെ ഞ്ജ്മഹ ശ്യേ യിൽ നീതിയ്ക്കും സദ്വിചാരത്തിനുമൊപ്പം ചാരിത്രശുദ്ധി കൂടി

കൂട്ടിച്ചേർക്കപ്പെടുന്നു. ജീവിതത്തിലെ നല്ല ആചാരങ്ങൾ എന്ന ലളിത സമവാക്യം പോലും കാലത്തിനും ദേശത്തിനും സംസ്കാരത്തിനുമനുസരിച്ച് ഭിന്നമായിരിക്കെ എങ്ങനെയാണ് സദാചാര ത്തെ നിർവ്വചിക്കുക എന്നതും സംശയം. വാക്കുകൾക്ക് അർത്ഥലോപവും അർത്ഥവികാസവും സംഭവിക്കുക സ്വാഭാവികം. പക്ഷേ ഇവിടിപ്പോൾ, സദാചാരത്തിനു ഒരൊറ്റ അർത്ഥം മാത്രം. സ്ത്രീ-പുരുഷബന്ധസംബന്ധിയായ അർത്ഥം മാത്രം. ഒപ്പം സദാചാര സംബന്ധിയായി പുതിയ വാക്കുകൾ നിർമ്മിക്കപ്പെടുന്നു; വിതരണം ചെയ്യപ്പെടുന്നു. അത്തരത്തിൽ ഇന്ന് മാധ്യമ വിപണിയിൽ സുലഭമായ വാക്കുകളിലൊന്നാണ് സദാചാരപോലീസ് (ങ്ിമ്ൃമഹ ു്ീഹശരല). ഭാഷയുടെ വികാസത്തിനു പുതിയ വാക്കുകൾ ഉണ്ടാകുന്നതു നല്ലതുതന്നെ. പക്ഷേ ഒരു വാക്ക്, അതു നിർമ്മിക്കപ്പെടുന്ന സാംസ്ക്കാരിക കാലാവസ്ഥയെക്കൂടി അട്ടിമറിക്കുന്നത് അത്രകണ്ട് ഭൂഷണമല്ല.

സദാചാരപ്പോലീസ് എന്ന വാക്ക് ഒരുപക്ഷേ, ഈ നിലപാടിനെ അപഹസിച്ചാണ് ഉണ്ടായതെങ്കിലും ആ പദത്തിൽത്തന്നെ ഒരു അട്ടിമറിയുണ്ട്. പോലീസിംഗ് എന്നത് സാമൂഹ്യ നീതിയുടെയും സംരക്ഷണത്തിന്റെയും നിർവ്വഹണത്തെയാണ് അഭിസംബോധന ചെയ്യുന്നത്. ഇവിടെ കാട്ടുനീതിയെപ്പോലും നാണിപ്പിക്കുന്ന ആഭാസങ്ങളാണ് സദാചാര

പോലീസിംഗിന്റെ പേരിൽ നടക്കുന്നത്. അതിൽ സദാചാരവുമില്ല, പോലീസിംഗുമില്ല. അപരന്റെ സ്വാതന്ത്ര്യത്തിൽ ഇടപെടുക എന്ന ഏറ്റവും അരാഷ്ട്രീയവും ജനാധിപത്യവിരുദ്ധവുമായ ഒരു നിലപാടാണ് ഇതിന്റെ പിന്നിലുള്ളത്. അത് തീർത്തും അധോലോകപ്രവർത്തനമാണ്. അതിന്റെ ഫലവും പ്രയോജനവും പ്രയോഗവുമെല്ലാം സൂചിപ്പിക്കുന്നത് അക്രമത്തെത്തന്നെയാണ്. വാസ്തവത്തിൽ സാമൂഹ്യവിരുദ്ധതയുടേയും അധാർമ്മികതയുടേയും അരാഷ്ട്രീയതയുടേയും ഒരു ചേർച്ച (യഹലിറ) യാണ് പ്രകടമാകുന്നത്. സംസ്കാരത്തിന്റെ എല്ലാ ഈടുവെയ്പ്പുകളും കാടത്തത്തിന്റെ കുടി

സാക്ഷ്യങ്ങളാണെന്നു നമുക്കറിയാം. പക്ഷേ കാടത്തത്തെയും കാട്ടുനീതിയെയും ലജ്ജിപ്പിക്കുന്ന പുതിയൊരു നീതിബോധം രൂപം കൊള്ളുന്നത് അപകടകരം തന്നെ. സാമൂഹ്യനീതിയിലോ സദാചാരസംഹിതയിലോ നിഷ്ഠയുള്ളവരല്ല ഇതിനു നേതൃത്വം കൊടുക്കുന്നത്. തികഞ്ഞ സദാചാര വിരുദ്ധതയുടെ വക്താക്കളായി കായബലം കൊണ്ടും കയ്യൂക്കു കൊണ്ടും അപരജീവിതങ്ങൾക്കുമേൽ മെക്കിട്ടുകയറുന്ന അരാജകവാദികളാണ് ഇതിനുപിന്നിൽ. ലിംഗനീതിക്കും, ലിംഗജനാധിപത്യത്തിനുമെതിരെയുള്ള ഇത്തരം കടന്നാക്രമണങ്ങൾക്ക് മാധ്യമങ്ങൾ അ




റിഞ്ഞോ അറിയാതെയോ കൊടുക്കുന്ന പ്രചാരവും വിപരീതഫലമാണ് ഉണ്ടാക്കുന്നത്.

ഫലത്തിൽ സ്ത്രീയെയും പുരുഷനെയും ശത്രുപക്ഷത്തു നിർത്തിക്കൊണ്ടുള്ള ഈ വിചാരണയും ദ്വന്ദീകരണവും ദുരാചാരപരമാണ്. അതു രൂപം കൊള്ളുന്നത് വികലമനസ്സുകളിലുമാണ്. ഒരർഥത്തിൽ അമിതതാൽപര്യവും അസൂയയും ഇത്തരം വികല ചിന്തകൾക്കടിസ്ഥാനമെന്നു മനഃശാസ്ത്രം. ആരോഗ്യകരമായ സത്രീ-പുരുഷ സൗഹൃദങ്ങളെപ്പോലും ദുർവ്യാഖ്യാനം ചെയ്തു തൃപ്തിയടയുന്ന വികലമനസ്സുകളുടെ വികടകലാവ്യാപാരമായി നമുക്കിതിനെ തള്ളിക്കളയാനാകാത്തവിധം സമൂഹ ശരീരത്തിൽ ആഴമുള്ള മുറിവുകളുണ്ടാക്കുന്നുവെന്നതാണ് ഇതിന്റെ യാഥാർഥ്യം.

ഇന്ത്യൻ മൊറാലിറ്റിയിലൊരിടത്തും ആൺ-പെൺ ദ്വന്ദ്വകൽപ്പന ഇപ്രകാരമായിരുന്നില്ല. വിക്ടോറിയൻ സദാചാര സങ്കൽപ്പങ്ങളുടെ സ്വാംശീകരണത്തോടുകൂടിയാണ് പുണ്യ പാപ, നൻമ തിൻമ, ശ്ലീല അശ്ലീല ദ്വന്ദ്വീകരണങ്ങൾ സാധിതമായത്. മനുഷ്യബന്ധങ്ങളിൽ വച്ച് ഏറ്റവും സാർഥകവും ഊർജ്ജദായകവും സ്നേഹപൂർണ്ണവുമായ ആൺ-പെൺ ബന്ധത്തിന്റെ പാരസ്പര്യവും പൂരകത്വവും തിരിച്ചറിയാനാകാത്ത, അരാഷ്ട്രീയ മനസ്സുകളിൽ രൂപം കൊള്ളുന്ന ഇത്തരം കപടനീതികൾക്ക് ഉപരിപ്ലവമായെങ്കിലും സ്വീകാര്യത കൈവരുന്നത് അപകടകരമാണ്. ഇന്ന് അതിനുപിന്നിൽ മതമൗലികവാദികളും കമ്പോളനീതിശാസ്ത്രകാരന്മാരും അണിനിരക്കുന്നു, മാത്രമല്ല പെണ്ണിന്റെ മാനം കാക്കാൻ അരയും തലയും മുറുക്കിയിറങ്ങിയിട്ടുള്ള അഭിനവ ദുശ്ശാസനന്മാർ അരങ്ങുവാഴു


**ലെനിൻ പറയുന്നു: സ്ത്രീപുരുഷ ബന്ധമെന്നത് സമുദായത്തിന്റെ ധനശാസ്ത്രവും കായികാവശ്യവും തമ്മിലുള്ള ഒരു പകിടകളി മാത്രമല്ല. … . അത് സ്നേഹത്തിന്റേയും പാരസ്പര്യത്തിന്റേയും രാഷ്ട്രീയ ബന്ധംകൂടിയാണ്.**

മ്പോൾ നമ്മൾ കുറേക്കൂടി ജാഗ്രത പുലർത്തുകയാണ് വേണ്ടത്.

കാലം മുന്നോട്ടാണു പോകുന്നത്. ഓരോ സമൂഹവും വളർച്ചയിലേക്കും. ഒരു സമൂഹം യാഥാസ്ഥിതികമാകുമ്പോൾ കാലത്തെ പിന്നോട്ടടിപ്പിക്കുന്ന ഇത്തരം പ്രവണതകൾ തലപൊക്കാറുണ്ട്. പ്രായപൂർത്തിയായ സ്ത്രീപുരുഷൻമാർ ഒന്നിച്ചിരിക്കുന്നതിനെ ഭരണഘടനയോ, നിയമങ്ങളോ വിലക്കാത്ത ഒരു സമൂഹത്തിൽ, സദാചാരത്തിന്റെ കാവലാളുകൾ രംഗത്തെത്തുന്നത് അഭികാമ്യമല്ല. വ്യക്തിമനസ്സിന്റെ വൈകല്യങ്ങൾ സമൂഹമനസ്സിന്റെ വൈകല്യമാകുന്നത് അപകടവും. പഴയ ഒരു സെൻ കഥയാണ് ഇപ്പോൾ ഓർമ്മയിൽ; നദി കടക്കാൻ പ്രയാസപ്പെടുന്ന ഒരു സ്ത്രീയെ, അതിനു സഹായിക്കാൻ തയ്യാറാകാതെ ബ്രഹ്മചാരി കളായ ശിഷ്യന്മാർ മടിച്ചുനിൽക്കെ, ഗുരു അതിനു തയ്യാറാവുകയും നദി കടത്തിവിട്ടതിനു ശേഷം അവരോടു യാത്ര പറയുകയും ചെയ്തു. പിറ്റേന്നു ഗുരുവിനോട് ശിഷ്യൻ, സ്ത്രീയെ തോളിലേറ്റിയതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഗുരു ചിരിച്ചുകൊണ്ട് പറഞ്ഞ മറുപടി ഇങ്ങനെ: ഞാൻ ഇന്നലെത്തന്നെ അവരെ തോളിൽ നിന്നും ഇറക്കിവിട്ടു, നീയിപ്പോഴും അവരെ മനസ്സിൽത്തന്നെ ഏറ്റിയിരിക്കുന്നു . ഈയൊരു മനോഭാവമാണ് സദാചാരത്തെ സംബന്ധിച്ച് ശരാശരി മലയാളി വച്ചുപുലർത്തുന്നത്.

വേണ്ടത്, സ്ത്രീപുരുഷബന്ധത്തെ സംബന്ധിച്ച രാഷ്ട്രീയബോധമാണ്. രാഷ്ട്രീയബോധമെന്നത് ഒരു സുപ്രഭാതത്തിൽ പൊടുന്നനെ മുളപൊട്ടുന്ന ഒന്നല്ല. അത് സൂക്ഷ്മചിന്തയുടേയും, സൂക്ഷ്മവിശകലനത്തിന്റേയും വെളിച്ചത്തിൽ സ്വാംശീകരിക്കപ്പെടുന്ന ഒന്നാണ്. വ്യക്തിബോധത്തിന്റേയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും ഉയർന്നതലങ്ങളിൽ മാത്രം രൂപപ്പെടുന്ന ഒന്ന്. ഇക്കാര്യത്തിലും മലയാളി ഇനിയും കാതങ്ങൾ പിന്നിടേണ്ടതുണ്ട്.


ലെനിൻ പറയുന്നു: സ്ത്രീപുരുഷബന്ധമെന്നത് സമുദായത്തിന്റെ ധനശാസ്ത്രവും കായികാവശ്യവും തമ്മിലുള്ള ഒരു പകിടകളി മാത്രമല്ല.... . അത് സ്നേഹത്തിന്റേയും പാരസ്പര്യത്തിന്റേയും രാഷ്ട്രീയബന്ധംകൂടിയാണ്.





# ഗ്വാണ്ടനാമോ അധിനിവേശ മർദ്ദനത്തിൻെറ രാജ്യാന്തര രൂപകം

**പ്രമോദ് വെള്ളച്ചാൽ**
എം.ജി.കോളേജ്, ഇരിട്ടി



ഗ്വാണ്ടനാമോ ഒരു രൂപകമാണ്. രക്തം ഘനീഭവിച്ച രൂപകം. അധിനിവേശ അധികാര ശക്തികൾ നടത്തുന്ന രാജ്യാന്തര മർദ്ദക രീതികളുടെ ആവർത്തിക്കപ്പെടുന്ന ഭീതിതമായ യാഥാർത്ഥ്യമാണ് ഗ്വാണ്ടനാമോ. ഭൂമിശാസ്ത്രപരമായ അധിനിവേശങ്ങളും മാനസികമായ അധിനിവേശങ്ങളും, ശാരീരികമായ അധിനിവേശങ്ങളും തരവും തക്കവും നോക്കി നഖമുനകളിളക്കുന്ന കാലത്ത് പീഡനങ്ങളുടെ നരക നിലവിളികളാണ് ഗ്വാണ്ടനാമോകൾ സൃഷ്ടിക്കുന്നത്.

ജർമൻ നോവലിസ്റ്റ്, സാഹിത്യവിമർശക, പ്രബന്ധകാരി എന്നീ നിലകളിൽ പ്രശസ്തയായ ഡോറോറിയ ഡീക്ക്മാൻ എഴുതിയ ലോകോത്തര നോവലാണ് *ഗ്വാണ്ടനാമോ.* ജീവിതം ഇരുണ്ട തടവറയും ഉത്തരമില്ലാത്ത പ്രഹേളികയുമാകുമ്പോൾ എങ്ങിനെയാണ് ഗ്വാണ്ടനാമോകൾ ഉണ്ടാകുന്നതെന്ന് ഈ നോവലിലൂടെ ഡൊറോത്തിയ ഡീക്ക്മാൻ ചിത്രീകരിക്കുന്നു. ഗ്വാണ്ടനാമോബേ തടവ് സങ്കേതം വിവാദപരമായ ഒരനുഭവമാക്കി മാററിത്തീർത്തത് അധിനിവേശ മൂലധനശക്തികളുടെ പ്രത്യക്ഷ മർദ്ദനാശക്തികൾ തന്നെയാണ്. ക്യൂബയിലെ പ്രസ്തുത തടവ് കേന്ദ്രം 2002 ൽ ബുഷ് ഭരണകൂടം സ്ഥാപിക്കുമ്പോൾ അതിൻെറ പിറകിൽ രക്ത ദാഹികളായ അധികാരികളുടെ ഹീനവും നിന്ദ്യവുമായ കാട്ടാളത്തം തന്നെയാണ് ഒളിഞ്ഞിരുന്നത്. അഫ്ഗാനിസ്ഥാനിലെയും പിന്നീട് ഇറാഖിലെയും തടവിൽ പിടിക്കപ്പെട്ടവർക്ക് ജീവിതത്തിലെ നരകമെന്തെന്ന് ഗ്വാണ്ടനാമോ കാട്ടിക്കൊടുക്കുകയായിരുന്നു.

നിരപരാധികളായ മനുഷ്യർ ഭരണകൂടങ്ങളുടെ ആസുരതക്കു മുന്നിൽ നിരാലംബരും പീഡിതരുമാക്കപ്പെടുന്ന ചരിത്രത്തിൻെറ ദുരവസ്ഥകളിലെല്ലാം തന്നെ. ഗ്വാണ്ടനാമോകൾ ആവർത്തിച്ചുകൊണ്ടേയിരിക്കും ഈ ആപത്ക്കരമായ സൂചനകളാണ് ഡൊറോത്തിയ ഡീക്ക്മാൻ ഈ നോവലിലൂടെ തരുന്നത്. അത് ഇറാനിലോ, സുഡനിലോ. ചിലിയിലോ, സാൽവഡോറിലോ, അഫ്ഗാനിസ്ഥാനിലോ, ജർമ്മനിയിലോ, റഷ്യയിലോ, ചൈനയിലോ ആകാമെന്ന് പറയുമ്പോൾ ഒരു പക്ഷെ നമുക്ക് വലിയ ഞെട്ടൽ ഉണ്ടാവണമെന്നില്ല. പക്ഷെ അത് ഇന്ത്യയിൽ തന്നെ കാശ്മീരിലോ, മണിപ്പൂരിലോ ഛത്തീസ്ഗഡിലോ, ഗുജറാത്തിലോ ആകാമെന്നറിയുമ്പോൾ നമ്മൾ ഞെട്ടിയേ തീരൂ. അതിനുള്ള കേവലമായ ഒരു ദേശീയ ബോധമെങ്കിലും ഉണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കാം.

പിതാവ് ഇന്ത്യക്കാരനും മാതാവ് ജർമ്മൻകാരിയുമായ റഷീദ എന്ന് പറയുന്ന ഇരുപതുകാരൻ മുത്തശ്ശിയെ കാണാൻ ജർമ്മനിയിൽ നിന്നും ഇന്ത്യയിലേക്ക് വരുന്ന വഴികളിൽ സംഭവിക്കുന്ന വിധിവൈപരീത്യങ്ങളുടെ കഥയാണ് *ഗ്വാണ്ടനാമോ* എന്ന നോവലിലൂടെ ഡൊറോത്തിയ സീക്ക്മാൻ പകർത്തിവെക്കുന്നത്. മുസ്ലീമായ പിതാവിനും ക്രിസ്ത്യാനിയായ മാതാവിനുമിടയിൽ വിശ്വാസവും ആരാധനകളും ദൈവവുമില്ലാതെ വളർന്ന റഷീദ് എന്ന ചെറുപ്പക്കാരൻെറ ദുരന്തമാണ് ഈ നോവലിലെ പ്രതിപാദ്യം. മുത്തശ്ശിയുടെ അവകാശത്തിൽ നിന്നും കിട്ടുന്ന തുക കൊണ്ട് ജർമ്മനിയിൽ ചെറിയ ബിസിനസ്സ് തുടങ്ങാനായിരുന്ന റഷീദിൻെറ ഉദ്ദേശ്യം. ഡൽഹിയിൽ മുത്തശ്ശിയുടെ കൂടെ താമസിക്കുമ്പോൾ സമയം ചെലവഴിക്കാനായാ

ണ് റഷീദ് നേപ്പാളിലേക്ക് പോയത്. അവിടെ വെച്ച് പരിചയപ്പെട്ട അഫ്ഗാൻ ബാലൻെറ കൂടെ പെഷവാറിലേക്ക് പോകുന്നതോടു കൂടി റഷിദിൻെറ ജീവിതം കലങ്ങി മറിയുകയാണ്. അഫ്ഗാൻ യുദ്ധം അവസാനിച്ചതുകൊണ്ട് പെഷവാറിൽ അഭയാർത്ഥികളായി കഴിയുന്ന തൻെറ ബന്ധുക്കളെ കാണാനാണ് മിർഗുൻ എന്ന ബാലൻ റഷിദിനെയും കൂട്ടി പെഷവാറിലെത്തിയത്. മനുഷ്യ ജീവിതം ഇപ്പോഴും ഓർക്കപുറത്തെത്തുന്ന സംഭവങ്ങളാൽ മാററിയെഴുതപ്പെടുന്ന ഒരൽഭുതമാണ്. തെന്നിത്തെറിച്ചു വീണ് തഴുകിപ്പരന്നുകന്നു പോകുന്ന മഴത്തുള്ളികൾ പോലെ ചിലപ്പോൾ പ്രവചനാതീതമാകും ജീവിതം. റഷീദ് എന്ന നിഷ്കളങ്കനായ ചെറുപ്പക്കാരനും സംഭവിച്ചത് അതുതന്നെയായിരുന്നു. പെഷവാർ തെരുവുകളിൽ അലയടിച്ചുയർന്ന അമേരിക്കാ വിരുദ്ധസമര കോലാഹലങ്ങളിൽ അകപ്പെട്ടു പോയ റഷീദിനെ ഭീകരവാദിയെന്ന് മുദ്രകുത്തി അമേരിക്കൻ സൈന്യം പീഡിപ്പിക്കുകയും പിന്നീട് വിമാനത്തിൽ കുപ്രസിദ്ധമായ ഗ്വാണ്ടനാമോ തടങ്കൽപ്പാളയത്തിലേക്ക് കൊണ്ടു പോവുകയും ചെയ്തു.

ഭീകരവാദികളായി മുദ്രകുത്തപ്പെട്ട അനേകം മനുഷ്യരുടെ കൂടെ നരകനിലവിളികളിൽ വെന്തുരുകി സമയഘടികാരങ്ങളിലെ രാപ്പകലുകളറിയാതെ റഷീദ് ജീവിതമെന്ന കനലിൽ പിടയുകയായിരുന്നു. ശാരീരികമായ മർദ്ധനങ്ങളേക്കാൾ മാനസിക മർദ്ധനത്തിനു വിധേയമായ റഷീദ്, തൻെറ ഹൃദയചിന്തകൾ മററു സെല്ലുകളിൽ കഴിയുന്ന സഹതടവുകാരുമായി നിശ്ശബ്ദം പങ്കുവെക്കുന്ന രീതിയിലുള്ള ആഖ്യാനമാണ് ഈ നോവലിൽ ഡൊറോത്തിയ നിർവ്വഹിച്ചിരിക്കുന്നത്.

ഹെൻറി ജയിംസും ജെയിംസ് ജോയിസും വെർജീനിയവുൾഫും പരീഷിച്ചു വിജയിപ്പിച്ച ബോധധാരാ രചനാസങ്കേതമാണ് ഈ നോവലിൽ ഉപയോഗിച്ചിരിക്കുന്നത്. ഒരു ചലച്ചിത്രത്തിലെന്ന പോലെ, തകർന്നു തരിപ്പണമായ മനസ്സും ശരീരവുമായി തടവിൽ കഴിയുന്ന റഷീദിൻെറ മുന്നിൽ അരിച്ചെത്തുന്ന വെളിച്ചത്തിലും നിഴലിലുമാണ് പലനിറത്തിലുള്ള ജീവിതച്ചിത്രങ്ങൾ മാറിമാറിയെത്തുന്നത്. ചിതറിയ ചിന്തകളുടെയിടയിൽ ജർമ്മനിയിൽ മാതാപിതാക്കളുടെ കൂടെ കഴിയുന്ന കാലവും മററും തെളിഞ്ഞു വരുന്നുണ്ടായിരുന്നു. വിദ്യാഭ്യാസ കാലവും യാത്രകളുമെല്ലാം ചോരകിനിയുന്ന ഓർമ്മകളായി വന്നു പോയിക്കൊണ്ടിരിക്കുന്നു. ആകസ്മികമായി സെല്ലിൽ വിതരണം ചെയ്ത ഭഷണത്തിനിടയിൽ കിട്ടിയ കാർബോഡ് പെട്ടി ജെന്നി എന്ന സഹോദരിയെക്കുറിച്ചുള്ള ഓർമ്മകൾ വെളിവാക്കുന്നു.




*യാത്ര ഇവിടെ അവസാനിക്കുന്നു എവിടയോഭൂമുഖത്ത് ഒരിടത്ത് അതുമാത്രമേ അറിയൂ. വെളിച്ചമില്ല. ശബ്ദങ്ങളും നിലച്ചിരിക്കുന്നു. ഒന്നും ചലിക്കുന്നില്ല നിശ്ചലമാണ്. സമയം പോലും.... എങ്ങനെ ഇവിടെയെത്തി വിമാനത്തിൽ നിന്നും ഈ ഭാണ്ഡം ആരെടുത്തെറിഞ്ഞു. ബന്ധനത്തിലാണ് ചങ്ങലയിട്ടിട്ടുണ്ട്. കണ്ണിലും കാതിലും പശക്കടലാസ് ഒട്ടിച്ചിരിക്കുന്നു. തലമുടിയിട്ടിട്ടുണ്ട്. കൈകൾ കൂട്ടിക്കെട്ടിയ നിലയിൽ. വായും മൂക്കും മറച്ചിരിക്കുന്നു. ഒരു വികൃത മാംസപിണ്ഡം* ഡോറോത്തിയ നോവൽ ആരംഭിക്കുന്നത് റഷീദ് എന്ന ചെറുപ്പക്കാരൻെറ ദയനീയമായ ഈ ചിന്തകളിൽ കൂടിയാണ്. ഒരിക്കലും പുറത്ത് കടക്കാനാവാത്ത ഗ്വാണ്ടനാമോ ജയിലറകളിലേക്കുള്ള അഭിശപ്ത യാത്രയായിരുന്നു അത്. കാൽമുട്ടിൽ ഇഴയുന്ന പുതിയൊരു ജീവിതം.

പ്രത്യേകം സംവിധാനം ചെയ്ത വിചാരണ ക്യാമ്പുകൾക്ക് നിരപരാധികളായ മനുഷ്യരെ കൊടും ഭീകരവാദികളായി ചിത്രീകരിക്കാനാവുമെന്നത് താത്ക്കാലികമാണെങ്കിലും ഒരു വസ്തുതയാണ്. ശാരീരിക മാനസിക പീഡനങ്ങളുടെ അസഹനീയമായ ചില നേരങ്ങളിൽ റഷീദുമാരും താരിഖുമാരും അബ്ദുള്ളമാരും സുലൈമാൻമാരും ജമാൽമാരും തങ്ങളുടെ ലക്ഷ്യം *ജിഹാദ്* ആണെന്നും അമേരിക്കാവിരുദ്ധ പ്രവർത്തനങ്ങളിലൂടെ അത് സാധിച്ചെടുക്കുമെന്നും സമ്മതിക്കേണ്ടി വന്നിട്ടുമുണ്ടാകും. അങ്ങനെ വിശ്വാസമില്ലാത്ത റഷീദ വിശ്വാസിയായി മാറിത്തീർന്നിട്ടുണ്ടാവാം. ഇതാണ് മർദ്ദനത്തിൻെറയും പീഡനത്തിൻെറയും മന:ശാസ്ത്രം. കേട്ടു കേൾവി പോലുമില്ലാത്ത പലതും സമ്മതിക്കേണ്ടി വരുന്ന മനുഷ്യരുടെ നിയോഗങ്ങൾ സമകാലിക ജീവിതത്തിന് അന്യമായ ഒന്നല്ല. അതുകൊണ്ട് തന്നെ പറഞ്ഞു പഠിപ്പിച്ചതെല്ലാം ഏററുപറയേണ്ടി വരുന്ന ഒരു യാന്ത്രിക മാനസികാവസ്ഥ വന്നു ചേരുന്നു. ആത്മഹത്യാശ്രമം പോലും പാളിപ്പോവുകയും സ്വയം മെരുങ്ങലിൻെറ അനുസരണ പാഠങ്ങൾ ശീലിക്കേണ്ടി വരുകയും ചെയ്യുന്ന നിസ്സഹായതകൾ വായനക്കാരിൽ നിലക്കാത്ത ഒരു തേങ്ങൽ അവശേഷിപ്പിക്കുന്നുണ്ട്.

ഭരണകൂടങ്ങളുടെ മർദ്ദനോപകരണങ്ങൾക്ക് ഒരാളെ കുററവാളിയും ഭീകരവാദിയുമാനിത്തീർക്കാമെന്നതിൻെറ വളരെ കൃത്യമായ ഒരു ഉദാഹരണമാണ് റഷീദ്. അമേരിക്കൻ സാമ്രാജ്യത്വം മാത്രമല്ല, താഴെക്കിടയിലുള്ള വിചാരണ രീതികളും താത്പര്യങ്ങളും മറച്ചു കെട്ടലില്ലാതെ പിൻപററുന്നത് തീർത്തും നൈമിക/ ധാർമ്മിക വിരുദ്ധമായ രീതി ശാസ്ത്രങ്ങളുടെ നിഴൽകുത്തുകളാണെന്ന് ചരിത്രം പഠിപ്പിക്കുന്നുണ്ട്. അതേ സമയം ഗ്വാണ്ടനാമോ ജോയിൻറ് മിലിട്ടറി ടാസ്ക് ഫോഴ്സിൻെറ മുദ്രാവാക്യം *സ്വാതന്ത്ര്യം സംരക്ഷിക്കാൻ അഭിമാനം ബാധ്യസ്ഥമാണ്* എന്നതായിരുന്നു എന്നും നാമോർക്കണം. ചരിത്രത്തിലെ വൻതമാശകളിലൊന്ന് ഹിററ്ലറുടെ പാർട്ടി ജർമ്മൻ സോഷ്യലിസ്ററ് പാർട്ടിയായിരുന്നു എന്നതാണ്. അതുകൊണ്ട് ആരുടെ സ്വാതന്ത്ര്യം? ആരുടെ സോഷ്യലിസമെന്നൊക്കെ ഇടക്കെങ്കിലും ചോദിച്ചു കൊണ്ടിരുന്നില്ലെങ്കിൽ ലോകം മുഴുവനും ഗ്വാണ്ടനാമോവിൻെറ അതിരുകളായി തീരുന്ന കാലം അനതിവിദൂരമല്ല.

# സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ

**കെ.എസ്.ജയചന്ദ്രൻ**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



1. പെൻഷൻ ലഭിക്കുന്നതിന് ചുരുങ്ങിയത് 10 വർഷം സർവ്വീസ് വേണം ( 9 വർഷവും 1 ദിവസമെന്നത് 10 വർഷമായി കണക്കാക്കും)
2. പൂർണ്ണ പെൻഷൻ ലഭിക്കുന്നതിന് 30 വർഷം സർവ്വീസ് വേണം (29 വർഷവും 1 ദിവസമെന്നത് 30 വർഷമായി കണക്കാക്കും)
3. 20 വർഷം സർവ്വീസുണ്ടെങ്കിൽ സ്വമേധയാ വിരമിക്കാവുന്നതാണ്.
4. ഒരു സർവ്വീസിൽ നിന്ന് രാജി വെച്ചാൽ പെൻഷൻ ലഭിക്കുകയില്ല ( എന്നാൽ മററൊരു ജോലിക്ക് വേണ്ടിയാണ് രാജി വെച്ചതെങ്കിൽ പ്രസ്തുത സർവ്വീസ് പെൻഷന് പരിഗണിക്കും)
5. സർവ്വീസിൻെറ അവസാനത്തെ 10 മാസത്തെ അടിസ്ഥാന ശമ്പളത്തിൻെറ ശരാശരിയുടെ പകുതിയാണ് അടിസ്ഥാന പെൻഷൻ
6. ഇപ്പോഴത്തെ നിലയിൽ പരമാവധി അടിസ്ഥാന പെൻഷൻ 29920 രൂപയാണ്
7. 30 വർഷം സർവ്വീസില്ലാത്തവർക്ക് അടിസ്ഥാന പെൻഷനിൽ ആനുപാതികമായ കുറവുണ്ടായിരിക്കും.
8. അടിസ്ഥാന പെൻഷനോടൊപ്പം അതതു കാലത്തെ ക്ഷാമാശ്വാസവും ലഭിക്കും.
9. സർവ്വീസിൻെറ അവസാന മാസത്തിൽ വാങ്ങിച്ച അടിസ്ഥാന ശമ്പളത്തിൻെറ 30 ശതമാനമാണ് കുടുംബ പെൻഷൻ
10. അടിസ്ഥാന ശമ്പളത്തിൻെറ 40 ശതമാനം വരുന്ന തുക കമ്യൂട്ട് ചെയ്യാവുന്നതാണ്.
11. 56 വയസ്സിൽ റിട്ടയർ ചെയ്യുന്നവരുടെ കമ്മ്യൂട്ടേഷൻ ഫാക്ടർ 11.10 ആണ്.
12. അടിസ്ഥാന പെൻഷൻെറ 40 ശതമാനം വരുന്ന തുകയെ കമ്മ്യൂട്ടേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയുടെ 12 ഇരട്ടിയാണ് കമ്മ്യൂട്ട് ചെയ്യുമ്പോൾ ലഭിക്കുന്ന ആകെ തുക.
13. ഒരോ വർഷത്തെ സർവ്വീസിനും 15 ദിവസത്തെ ശമ്പളമെന്ന നിരക്കിൽ ഗ്രാററുവിററി ലഭിക്കും.
14. ഇപ്പോഴത്തെ നിരക്കിൽ പരമാവധി ഗ്രാററുവിററി 7 ലക്ഷം രൂപയാണ്.

## 6 – ാം യു. ജി സി സ്കീം പ്രൊമോഷൻ സമയത്ത് വീണ്ടും ഓപ്ഷൻ

27.3.2010 ലെ യു ജി സി ഉത്തരവ് നടപ്പാക്കിയ സമയത്ത് പ്രൊമോഷനുമായി ബന്ധപ്പെട്ട് അനോമലി നിലനിന്നിരുന്നു. പ്രൊമോഷൻ കഴിഞ്ഞ് അടുത്ത ഇൻക്രിമെൻറ് നൽകുന്നത് സംബന്ധിച്ചാണ് അനോമലി ഉണ്ടായത്. എല്ലാവർക്കും ജൂലൈ 1 ന് ആയിരിക്കും ഇൻക്രിമെൻറ് തീയതി. ജൂലൈ 1 ന് 6 മാസമോ അതിൽ കൂടുതൽ കാലമോ പുതുക്കിയ ശമ്പളഘടനയിൽ നിന്നാൽ അടുത്ത ഇൻക്രിമെൻറ് ലഭിക്കും. ഈ രണ്ട് നിബന്ധനകളാണ് അനോമലിക്ക് കാരണമായത്. ജനുവരി 1 നും ജൂൺ 30 നും ഇടയിൽ പ്രൊമോഷൻ വരുന്നവർക്ക് അത് ലഭിച്ചതിന് ശേഷം അതിനടുത്ത വർഷത്തെ ജൂലൈ 1 ന് മാത്രമേ അടുത്ത ഇൻക്രിമെൻറ് ലഭിക്കുകയുള്ളൂ. എന്നാൽ അതേ വർഷം ജൂലൈ 1 നും ഡിസംബർ 31 നും ഇടയിൽ പ്രൊമോഷനാ

വുന്നവർക്കും അടുത്ത ഇൻക്രിമെൻറ് മേൽ പറഞ്ഞ ജൂലൈ 1 ന് തന്നെ ലഭിക്കും. രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നവർക്ക് ആ വർഷം ജൂലൈ 1 ന് ലഭിച്ച ഇൻക്രിമെൻറ് കൂടി കണക്കിലെടുത്തിട്ടാണ് പ്രൊമോഷൻ ലഭിക്കുന്നത്. അതുകൊണ്ട് അടുത്ത ഇൻക്രിമെൻറ് തിയതിക്ക് ഇവർക്ക് ആദ്യ വിഭാഗത്തിൽപ്പെട്ടവരേക്കാൾ ഇൻക്രിമെൻറ് അധികം ലഭിക്കുന്നു. ഇത് പ്രകടമായൊരു അനോമലി ആയിരുന്നു. അത് പരിഹരിക്കാൻ കേന്ദ്ര ഗവൺമെൻറ് കൊണ്ടു വന്ന മാർഗ്ഗം സംസ്ഥാനത്തും നടപ്പാക്കിക്കൊണ്ട് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ജി ഒ (പി) നം. 234/12/H. Edn തീയതി 28.6.2012

ഇത് പ്രകാരം ഒരു എ ജി പിയിൽ നിന്ന് മററൊരു എ ജി പിയിലേക്ക് പ്രൊമോഷൻ ലഭിക്കുന്ന സമയത്ത് ശമ്പള നിർണ്ണയത്തിന് അധ്യാപകർക്ക് ഒരു ഓപ്ഷനും കൂടിയുള്ള അവസരമുണ്ടാകുന്നു ഒന്നുകിൽ പ്രമോഷൻ തീയതിക്കോ അല്ലെങ്കിൽ അടുത്ത ഇൻക്രിമെൻറ് തീയതിക്കോ (ജൂലൈ 1) പ്രൊമോഷൻെറ ശമ്പള നിർണ്ണയത്തിന് ഓപ്ഷൻ കൊടുക്കാം. അടുത്ത ഇൻക്രിമെൻറ് തിയതിയാണ് ഓപ്ഷൻ കൊടുക്കുന്നതെങ്കിൽ.പ്രൊമോഷൻ തീയതിയിൽ പേബാൻറിലെ ശമ്പളത്തിന് മാററമില്ലാതെ തുടരുകയും എ ജി പി ഉയർത്തിക്കൊടുക്കുകയും ചെയ്യും. അടുത്ത ഇൻക്രിമെൻറ് തിയതിയായ ജൂലൈ 1 ന് രണ്ട് ഇൻക്രിമെൻറുകൾ കൂടി ലഭിക്കും. പ്രൊമോഷൻ സമയത്ത് ലഭിക്കുന്ന നോഷണൻ ഇൻക്രിമെൻറും ജൂലൈ 1 ന് ലഭിക്കേണ്ട വാർഷിക ഇൻക്രിമെൻറും. പ്രൊമോഷൻ നടക്കുന്നതിന് തൊട്ടു മുമ്പുള്ള അടിസ്ഥാന ശമ്പളത്തിൻെറ അടിസ്ഥാനത്തിലായിരിക്കും ഈ രണ്ട് ഇൻക്രിമെൻറുകളും ലഭിക്കുന്നത്. ഈ രണ്ട് ഇൻക്രിമെൻറുകളും കോംപൗണ്ടിംഗ് രീതിയിലാണ് ലഭിക്കുന്നത്. അതായത് ഒരിൻക്രിമെൻറ് ലഭിച്ചതിന് ശേഷം അതിൻെറ അടിസ്ഥാനത്തിൽ അടുത്ത ഇൻക്രിമെൻറ് ലഭിക്കും. 27.3.2010 ലെ യു ജി സി ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന ഓപ്ഷൻ ഫോം ഇതിനും ഉപയോഗിക്കാവുന്നതാണ്. 1.1.2006 ന് ശേഷം സീനിയർ സെയിൽ/ സെലക്ഷൻ ഗ്രേഡ് പ്രൊമോഷൻ ലഭിച്ച നിരവധി അധ്യാപകർക്ക് ഇതിൻെറ പ്രയോജനം ലഭിക്കും എന്നാൽ, 1.1. 2006 ന് ശേഷം അസ്സോസ്സിയേററ് പ്രൊഫസ്സർമാരാകുന്നവർക്ക് മേൽപറഞ്ഞ ഓപ്ഷൻ വഴി അധിക പ്രയോജനമൊന്നും ലഭിക്കുകയില്ല. അവിടെ പ്രൊമോഷൻ സമയത്തെ നോഷണൽ ഇൻക്രിമെൻറ് നൽകാൻ പാടില്ല എന്നും 27.3. 2010 ലെ യു ജി സി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ചോദ്യം: ഞാൻ 2013 മാർച്ച് 31 ന് റിട്ടയർ ചെയ്യുകയാണ് എനിക്ക് 56 വയസ്സ് തികയുന്നത് 2012 സെപ്തംബർ മാസത്തിലാണ്. ഈ വർഷം എനിക്ക് കമ്യൂട്ടഡ് ലീവ് എടുക്കുന്നതിന് തടസ്സമുണ്ടോ? എന്നു വരെ ലീവ് എടുക്കാം.

ഉത്തരം. സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം 56 വയസ്സായതിനെത്തുടർന്ന് 1.4.2009 മുതൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന വിരമിക്കൽ തിയതി ഏകീകരണം അവസാനിച്ചിരിക്കുകയാണ്. വിരമിക്കൽ തിയതി ഏകീകരണം നിലനിന്നിരുന്ന സമയത്ത് എല്ലാവർക്കും സൂപ്പർ ആന്വേഷൻ തിയതി മാർച്ച് 31 ആയിരുന്നു. എന്നാൽ ഇപ്പോൾ സൂപ്പർ ആന്വേഷൻ തിയതി 56 വയസ്സ് തികയുന്ന മാസത്തിൻെറ അവസാനത്തെ ദിവസമാണ്. സൂപ്പർ ആന്വേഷൻ തിയതിക്ക് ശേഷം ഒരുതരത്തിലുള്ള അവധിയും ( കാഷൽ ലീവ് ഒഴികെ) എടുക്കാൻ പാടില്ല എന്ന് സർവ്വീസ് ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. 56വയസ്സ് തികയുന്നതിന് മുമ്പ് ലീവിൽ പ്രവേശിച്ചാൽ, റിട്ടയർമെൻറ് തിയതിക്ക് മുമ്പ് സർവ്വീസിൽ തിരികെ പ്രവേശിക്കാം എന്ന സൗകര്യവും ഗവൺമെൻറ് നിർത്തലാക്കിയിരുന്നു . അതുകൊണ്ട് 56 വയസ്സ് തികയുന്ന തീയതിക്ക് ശേഷം ഒരുതരത്തിലുള്ള ലീവ് എടുക്കാനോ അല്ലെങ്കിൽ ലീവിൽ തുടരാനോ ചട്ടങ്ങൾ അനുവദിക്കുന്നില്ല. എന്നിരുന്നാലും കാഷൽ അവധിയും ഡ്യൂട്ടിലീവും എടുക്കുന്നതിന് തടസ്സമില്ല.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971, 9447308697

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

2012 -13 വർഷത്തെ മെമ്പർഷിപ്പ് തുക
2012 ആഗസ്റ്റ് 31 നു മുമ്പ് സംസ്ഥാന ട്രഷററെ നേരിട്ടോ
തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ
എത്തിക്കേണ്ടതാണ്.

ട്രഷററുടെ മേൽവിലാസം
**പ്രൊഫ. ആർ.മോഹനകൃഷ്ണൻ**
ടി.സി.10/1967 (2), കെ.ആർ.ഡബ്ള്യു.എ -70
ശിവാരം, വട്ടിയൂർക്കാവ്, തിരുവനന്തപുരം -695013
**മൊബൈൽ: 9497592458**

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature,

Fiction, Drama, Cinema, Journalism, Poetry,

Philosophy, Psychology, Sociology, Politics,

History, Economics, Commerce, Mathematics,

Botany, Zoology, Chemistry, Physics, Medical,

Computer, Engineering, Law, Electronics,

Mechanical, Civil, Chemical Engineering,

Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818




# പ്രതിഷേധകൂട്ടായ്മയും യാത്രയയപ്പ് സമ്മേളനവും

വിവിധ എൻ എസ്സ് എസ്സ് കോളജുകളിൽ നിന്നും വിരമിച്ച അദ്ധ്യാപകർക്ക് യാത്ര അയപ്പ് നൽകാൻ, എൻ എസ്സ് എസ്സ് ൻെറ കോളജുകളിൽ അനുവാദം നൽകാത്ത മാനേജ്മെൻറിൻെറ നടപടിയിൽ പ്രതിഷേധിച്ച് എൻ എസ്സ് എസ്സ് കോ ഓർഡിനേഷൻെറ ആഭിമുഖ്യത്തിൽ, പ്രതിഷേധ കൂട്ടായ്മയും വിരമിച്ച അദ്ധ്യാപകർക്കു യാത്രഅയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. പെരുന്ന പ്രൈവററ് ബസ്സ്ഡറററൻറ് മൈതാനത്ത് നടന്ന യോഗം എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറി ഡോ. കെ ശ്രീവത്സൻ ഉൽഘാടനം ചെയ്തു. എ കെ പി സി ററി എ പ്രസിഡൻറ് പ്രൊഫ. പി മമ്മദ് വിരമിച്ച അദ്ധ്യാപകർക്ക് ഉപഹാരം നൽകി. കോ ഓർഡിനേഷൻ പ്രസിഡൻറ് പ്രൊഫ. പി ജി സുകുമാരൻ നായർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, എ കെ പി സി ററി എ മുൻ ജനറൽ സെക്രട്ടറിമാരായ പ്രൊഫ. കെ സദാശിവൻ നായർ, പ്രൊഫ. വി എൻ മുരളി, പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ എന്നിവർ അഭിവാദ്യം ചെയ്തു സംസാരിച്ചു. യോഗം അലങ്കോലപ്പെടുത്താൻ മാനേജ്മെൻറ്, പോലീസിനെയും മുനിസിപ്പൽ അധികൃതരെയും ഉപയോഗിക്കാൻ ശ്രമിച്ചെങ്കിലും സംഘടന ആ ശ്രമങ്ങളെ പരാജയപ്പെടുത്തി. വിരമിക്കുന്ന അധ്യാപകർക്ക് യാത്രഅയപ്പ് നൽകാൻ, എൻ എസ്സ് എസ്സ് കോളജുകൾ അനുവദിക്കാത്തതിൽ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഈ നയം തുടർന്നാൽ മാനേജ്മെൻറിനെതിരെ ശക്തമായ സമരപരിപാടികൾ നടത്താൻ സംഘടന നിബന്ധിതമാകുമെന്ന് യോഗം മുന്നറിയിപ്പ് നൽകി. എ കെ പി സി ടി എ വൈസ് പ്രസിഡൻറ് ഡോ. കെ പി സുകുമാരൻ നായർ സമ്മേളനത്തിനു സ്വാഗതവും പ്രൊഫ. ആർ മോഹനകൃഷ്ണൻ നന്ദിയും രേഖപ്പെടുത്തി.



# Dalit

Vinodkumar Edachery
RSM Sndp Yogam College, Koyilandy



There was an Ekalavya
A Nishada prince
To check the pride of Arjuna
The stark archer.

He saw a Guru in Drona
Practised archery before his statue
When genius found no access to his bosom
And dearly paid its price.

Drona fell from honour
Like Adam from heaven
So, too Arjuna
And the whole vain lot
That caste- pride had possessed.

Kiratha killed the boar
In a lightning speed
Before Arjuna's arrow
And danced in a frenzy
Over the victory

The all- knowing Chandala
Stood in the way of haughtiness
Before sankara's ego
To teach him the great lessons
Of Advaita.

Ezhuthachan was no Dalit
But the issue of a Brahmin- they cried
And crushed the rising heads in alarm
Poured molten lead in ear.

At Aruvippuram, Narayana Guru picked up
A stone from near by river
Installed an idol of Siva
And Silenced the caste- Hindus
Saying it was Ezhava Siva.

Edalavya lost his thumb
Kiratha and Chandala were Elevated
into Siva's disguise.

*FOR TOP QUALITY BOOKS ...*

**SOBA PUBLICATIONS**

*Changanasserry, Kottayam,Kerala 686101*

*... wings of wisdom*

*Our prestigeous books which you can confidently follow ...*

- **Taxation, Kerala VAT and CST** *(ISBN 978-81-920969-0-1) ₹120*
- **Income Tax** *(For B. Com / B.B.A) (ISBN 978-81-920969-0-2) ₹190*
- **Direct taxes - Law and Practice** *(For M. Com / MBA / CA/ ICWA) (ISBN 978-81-920969-0-3) ₹ 390*
- **Principles of Insurance** *(ISBN 978-81-920969-0-4) ₹100*
- **Capital Market** *(For B. Com.) (ISBN 978-81-920969-0-5) ₹100*
- **Value Added Tax - Concepts and Practices** *(ISBN 978-81-920969-0-6) ₹110*
- **Indian Financial Markets** *(ISBN 978-81-920969-0-7) ₹100*
- **Capital Market and Investment Management** *(ISBN 978-81-920969-0-8) ₹100*
- **Indian Financial System** *(ISBN 978-81-920969-0-9) ₹100*

*Attention Authors and Eminent Professors ...*

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**SOBA PUBLICATIONS**

The Manager
175, Manamel, Boat Jetty Road
Changanasserry, Kottayam (Dist) Pin-686 101
Ph. 9496752663 / 9446223651
Website : www.sobapublications.com

# എ.കെ.പി.സി.ടി.എ പ്രവർത്തകസമിതി തീരുമാനങ്ങൾ

**2012 മെയ് 22**
**സംസ്ഥാന കമ്മിററി ഓഫീസ്**

1. കേരള സർവ്വകലാശാല അക്കാഡമിക് കൗൺസിൽ മിനിറ്റ്സ്, വി സി തിരുത്തിയതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.
   പ്രൊഫ.പി.രഘുനാഥ് (എം.എസ്.എം കോളജ് കായംകുളം), ഡോ.വി.രാജേന്ദ്രൻനായർ (എം.ജി കോളജ് തിരുവനന്തപുരം), ഡോ.ടി.കെ.ശ്രീധരൻ (ഇ.എം.എസ് കോളജ് പൊന്നാനി). എന്നിവരെ പ്രവർത്തക സമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു.
2. വനിത സബ്കമ്മിറ്റി കൺവീനറായി ഡോ.എ.ജി.ഒലീന (വി.റ്റി.എം. എൻ.എസ്.എസ് കോളജ് ധനുവച്ചപുരം). ജേർണൽ ചീഫ് എഡിറ്ററായി ഡോ.എസ്.ജയരാജ്കുമാർ (എസ്.എൻ.കോളജ് ചെമ്പഴന്തി), അക്കാഡമിക് കമ്മിറ്റി ചെയർമാനായി ഡോ.യു.ഹേമന്ത്കുമാർ (എസ്.എൻ.ജി.കോളജ് ചേളനൂർ), സർവ്വീസ് സെൽ കൺവീനറായി പ്രൊഫ.കെ.എസ്. ജയചന്ദ്രൻ (എസ്.വി.കോളജ് കുന്നംകുളം) എന്നിവരെ നോമിനേറ്റ് ചെയ്യാനും തീരുമാനിച്ചു.
3. സെബാസ്റ്റ്യൻ കെ.ആന്റണിക്ക് അനുകൂലമായ കോടതിവിധി ലഭിച്ചതും അത് നടപ്പിലാക്കാൻ മാനേജ്മെന്റ് മടികാണിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വിശദീകരിച്ച് സംഘടന നോട്ടീസ് തയ്യാറാക്കി ബ്രാഞ്ചുകളിലെത്തിക്കാൻ തീരുമാനിച്ചു.
4. കോഴിക്കോട് സർവ്വകലാശാലയിൽ രാഷ്ട്രീയ പരിഗണനയിൽ അധ്യാപകർക്ക് അപ്രൂവൽ നിഷേധിക്കുന്നതിനെതിരെ വിസിക്ക് നിവേദനം നൽകുവാൻ തീരുമാനിച്ചു. മെയ് മാസം 31ന് മുൻപ് ഇതിനുവേണ്ട വിവരങ്ങൾ ബ്രാഞ്ചുകളിൽ നിന്നും ശേഖരിക്കാൻ എല്ലാ ജില്ലാ സെക്രട്ടറിമാരെയും ചുമതലപ്പെടുത്തി
5. FUTAയിൽ അംഗങ്ങളായ അധ്യാപകർ കേരള സർവ്വകലാശാലയിൽ അക്കാഡമിക് കൗൺസിൽ മിനിറ്റ്സ് തിരുത്തുന്നതിന് വി സിയെ സഹായിക്കുന്ന നിലപാടെടുത്തതിൽ AKPCTA ശക്തമായ പ്രതിഷേധം FUTA നേതാക്കളെ അറിയിക്കാൻ തീരുമാനിച്ചു.

**2012 ജൂൺ 10**
**സംസ്ഥാന കമ്മിററി ഓഫീസ്**

1. വിവിധ കമ്മിററിയിലേക്കുള്ള നോമിനേഷനുകൾ നടത്തി. പ്രൊഫ.എം.ജെ.മാത്യു (എം.ഇ.എസ് കോളേജ് നെടുങ്കണ്ടം, ഇടുക്കി ജില്ല) വിനെ സംസ്ഥാന കമ്മിററിയിലേക്ക് നോമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു.
2. സംസ്ഥാന കമ്മിററി 30.6.12ന് സംസ്ഥാന കമ്മിററി ഓഫീസിൽ വച്ചു നടത്താൻ തീരുമാനിച്ചു.
3. ജേർണൽ കമ്മിററി കൂടി ജൂലൈ മുതൽ ജേർണൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.
4. അക്കാഡമിക് കമ്മിററി ജൂലൈ ഒന്നിന് തിരുവനന്തപുരത്ത് സ്റേററ് കമ്മിററി ഓഫീസിൽ കൂടി. സി ബി സി എസ് എസ്െൻെറ പ്രശ്നങ്ങളെക്കുറിച്ചും, എ.കെ.പി.സി.ടി.എ ചരിത്ര രചന എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.
5. കോഴിക്കോട് സർവ്വകലാശാല

യിൽ അധ്യാപകരുടെ അപ്രൂവൽ പ്രശ്നത്തിൽ സമരപരിപാടികൾ ആവിഷ്കരിക്കുന്നതിന് മേഖലയിലെ പ്രവർത്തക സമിതി അംഗങ്ങളെ ചുമതലപ്പെടുത്തി.

6. ററി.കെ.എം എൻജിനിയറിംഗ് കോളജിലെ പ്രൊഫ. കെ.ചാണ്ടപിള്ള പണിക്കരെ മാററി നിർത്തി ജൂനിയരായ അദ്ധ്യാപകനെ എച്ച്. ഒ. ഡി ആക്കിയ നടപടിയിൽ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി

**2012 ജൂലായ് 13**
**എറണാകുളം ശിക്ഷക്‌സദൻ**

1. കോഴിക്കോട് സർവ്വകലാശാലയിൽ നടക്കുന്ന അധ്യാപകദ്രോഹത്തിനും ദുർഭരണത്തിനുമെതിരായി യൂണിവേഴ്സിററിയിലേക്ക് 21.07.12 ൽ മാർച്ചും ധർണ്ണയും നടത്താൻ തീരുമാനിച്ചു.
2. സംസ്ഥാന പ്രവർത്തക ക്യാമ്പ് സെപ്ററംബർ 22, 23 തിയതികളിൽ ആലുവ വൈ എം സി എയിൽ വച്ചു നടത്താൻ തീരുമാനിച്ചു. ഓരോ കോളജിൽ നിന്നും ഏററവും കുഞ്ഞത് രണ്ട് അംഗങ്ങളെ പങ്കെടുപ്പിക്കണം. പുതിയ മെമ്പർമാർക്കും വനിതകൾക്കും മുൻഗണന കൊടുക്കണം. ഓരോ അംഗത്തിനും രജിസ്ട്രേഷൻ ഫീസ് 300 രൂപയായി നിശ്ചയിച്ചു . രജിസ്ട്രേഷൻ തുകയായി 600 രൂപയായി നൽകണമെന്നും തീരുമാനിച്ചു.
3. ഓരോ ബ്രാഞ്ചിൽ നിന്നും ജേർണലിന്, കുറഞ്ഞത് 1500 രൂപയുടെയെങ്കിലും പരസ്യം ശേഖരിച്ചു നൽകണം.
4. ഓരോ വനിത സബ്കമ്മിററി ഉണ്ടാക്കണം. വനിതാ സബ്കമ്മിററിയുടെ നേതൃത്വത്തിൽ അധ്യാപികമാരും വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന സാംസ്കാരിക കൂട്ടായ്മകൾ കോളജുകളിൽ സംഘടിപ്പിക്കണം.
5. ഫെബ്രുവരി മാസത്തെ ജേർണൽ വനിതാ പതിപ്പ് ആണ് പരമാവധി രചനകൾ അധ്യാപികമാരിൽ നിന്നും ശേഖരിച്ചു നൽകണം.
6. നിർദ്ദിഷ്ട സമയത്തിനുള്ളിൽ റിഫ്രഷൻ കോഴ്സ് പൂർത്തീകരിക്കാനാവാത്ത ( പ്ലേസ്മെൻറ് വൈകിയ ) അധ്യാപകരുടെ ലിസ്ററ് ബ്രാഞ്ചുകളിൽ നിന്നും എത്രയും പെട്ടെന്ന് ജില്ലാ സെക്രട്ടറിമാരെ ഏൽപിക്കണം

## എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മിററി 2012 ജൂൺ 30

2012 ജൂൺ 30 ന് സംസ്ഥാന കമ്മിററി ഓഫീസിൽ കൂടിയ. സംസ്ഥാന കമ്മിററിയിൽ 39 അംഗങ്ങൾ പങ്കെടുത്തു സർവ്വകലാശാലാ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സമയമായെന്നും അതിന് സംഘടന മുൻകൈയെടുക്കണമെന്നും തീരുമാനിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ നടക്കുന്ന ദുർഭരണത്തിനെതിരെ എത്രയും പെട്ടെന്ന് സമരപരിപാടികൾ ആവിഷ്കരിക്കണം ഡപ്യൂട്ടി ഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലെ സംഘടന ശക്തമായി ഇടപെടണം. എന്നിവയാണ് പ്രധാനമായും സംസ്ഥാന കമ്മിററിയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

**എ. കെ.പി.സി.ടി.എ സംസ്ഥാന കൗൺസിൽ എറണാകുളം ശിക്ഷക്‌സദൻ 2012 ജൂലായ് 14**

സംസ്ഥാന കൗൺസിലിൽ 118 അംഗങ്ങൾ പങ്കെടുത്തു. കോഴിക്കോട് സർവ്വകലാശാലയിൽ നടക്കുന്ന അഴിമതിയ്ക്കും അരാജകത്വത്തിനുമെതിരെ യൂണിവേഴ്സിറ്റിയിലേക്ക് 2012 ജൂലായ് 21ന് മാർച്ചും ധർണ്ണയും നടത്താൻ തീരുമാനിച്ചു. യു.ജി.സി ഉത്തരവും റഗുലേഷനും വന്നിട്ടും ശേഷവും അധ്യാപകർക്ക് ലഭിക്കേണ്ട ശമ്പളകുടിശ്ശിക നൽകാത്തതിലും പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെൻറ് നൽകാത്തതിലും പ്ലേസ്മെൻറ് നൽകാത്തതിലും യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. പ്രസ്തുത ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ശക്തമായ സമരപരിപാടികൾ ആരംഭിക്കാനും തീരുമാനിച്ചു.

## ആദരാഞ്ജലികൾ



ആലപ്പുഴ എസ്. ഡി കോളജ് കൊമേഴ്സ് വിഭാഗം അദ്ധ്യാപകൻ **ഡോ.എ.സുബ്രഹ്മണ്യം** അന്തരിച്ചു.
**എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ**

# Filing of Income Tax Return

## For the Assessment Year 2012-13

**Tomichan Joseph**
KE College, Mannanam
AKPCTA, District Secretary, Kottayam



Every individual whose total income without deducting 80C to 80U exceeds the maximum amount which is not chargeable to income tax (Rs.180000, 190000, 250000, 500000 as the case may be) shall file the return of income.

**Exemptions from filing a return of income**

Employees fulfilling the following conditions are not required to furnish the return of income for the AY 2012-13.

a. Total income of the employee is not more than Rs 500000.
b. The employee has only two incomes – (i) Salary and (ii) interest from savings bank account, not exceeding Rs.10000.
c. Employee has reported his PAN to the employer.
d. Employee has informed interest income to the employer.
e. Employee has received TDS certificate in Form No, 16 from the employer.
f. The employee has no claim for refund.
g. The employee has received salary from only one employer.

**Note** - Those who are claiming interest on housing loan as deduction should file the return of income irrespective of their total income

**MANNER OF FURNISHING THE RETURN OF INCOME**

1. In a paper form
2. Electronically and thereafter submitting the verification of the return in form ITR V

An individual, if the total income exceeds Rs. 1000000, should compulsorily furnish the return of income electronically – (e filing).

**Procedure for e filing**

Only after registration with the Income Tax Department an assessee can file his return electronically. For the purpose visit the official site of income tax department (www. Incometaxindiaefiling.gov.in) and get registered and activate the registration. After completing the registration process and logging in, the user may download the software tools (ITR 1 - SAHAJ) from there. Based on all the relevant information, the required ITR Form should be filled using the software provided. The software would generate the XML format of the return which the same should be uploaded on this website. On successful transmission of the return a receipt will be generated in the form of a provisional acknowledgement (ITR V). After obtaining the print out of the ITR V, copy of the same, signed by the assessee, should be sent by ordinary post or speed post, within 120 days, to Post Bag No.1, Electronic City Office, Bangaluru – 560100.

**Due Date for Filing IT Return**

The normal due date for filing the return for the AY 2012-13 was 31 July 2012, but extended to 31 August 2012.

With best compliments from

# AKPCTA Branch

## N.A.M.College

Kallikandi
Kannur

# NEHASIL SCIENTIFIC

**Suppliers of All Glassware Apparatus & Lab Equipment**

Madappally College P.O.,
Vadakara
Kozhikode - 673102

(1)

## GOVERNMENT OF KERALA

### Abstract

**Higher Education- 6th UGC Scheme -Revision of Pay Scales-Formula for fixation of Pay in the Revised Scales- Para.7 of Appendix 1 in GO(P)No.58/2010/H/Edn.dated 27.3.2010. -Modified-Orders issued.**

### HIGHER EDUCATION (C) DEPARTMENT

**G.O. (P.) No: 234/2012/H.Edn** **Dated, Thiruvananthapuram, 28.06.2012**

*Read*:-1. GO(P)No.58/2010/H/Edn.dated 27.3.2010.

2. OM FNo.1/1/2008-IC dated 13.9.2008 from Department of Expenditure (Implementation cell), Ministry of Finance, Government of India

### ORDER

In the Government Order read above, Government have issued orders on revision of scale of pay of Teachers in Universities, Affiliated Colleges, Teachers in Law Colleges and Engineering Colleges and Kerala Agricultural University and Teachers in Physical Education and Qualified Librarians.

Para 7 of Appendix I, of G.O.(P)No.58/10/H.Edn. dated 27.3.2010, states that "there will be a uniform date of annual increment, namely Ist July of every year. Teachers completing 6 months and above in the revised pay structure as on Ist of July will be eligible to be granted the increment.".

G.O.(P)No.58/2010/H.Edn.dated 27.3.2010 is issued based on the 6th Central Government Pay Revision Order and the Notification of the MHRD dated 31.12.2008, read as papers (1) (2) respectively in the UGC order. Certain anomalies were noticed in the Central Pay Revision Order including the one mentioned in the letter No.LF/KNR-2/173/2010 dated 6.1.2011 of the Joint Director, Local Fund Audit, Kannur University Audit. The Central Government has also issued clarification on September 13,2008 (OM No.1/1/2008I C dated 13.9.2008) rectifying the anomaly pointed out in the letter of the Joint Director of Local Fund Audit. The method of fixation of pay on promotion after 1.1.2006 is detailed 'under clarification 2' of the OM No.1/1/2008 ICdated 13.9.2008.

Government have examined the matter in detail are pleased to order as follows:

On placement/promotion from one academic grade pay to another, the incumbents shall be given an option to get his/her pay fixed in the higher post either from the date of placement/promotion, or from date of next increment, viz Ist July of the year. The pay will be fixed in the following manner in the revised pay structure:-

a) In case the Government servant opts to get his pay fixed from his date of next increment, then, on the date of promotion, pay in the pay band shall continue unchanged, but the grade pay of the higher post will be granted. Further re-fixation will be done on the date of his next increment i.e. Ist July. On that day, he will be granted two increments; one annual increment and the second on account of promotion. While computing these two increments, basic pay prior to the date of promotion shall be taken into account. To illustrate, if the basic pay prior to the date of promotion was 100 and the second on Rs.103/-

In case the Government servant opts to get his pay fixed in the higher grade from the date of his promotion, he shall get his first increment in the higher grade on the next Ist July if he was promoted between 2nd July and Ist January. However, if he was promoted between 2nd January and 30th June of a particular year, he shall get his increment on Ist July of next year. The Government Order read above stands modified to this extent.

(By order of the Governor)
Dr.K.M Abraham
Principal Secretary to Government

(2)

GOVERNMENT OF KERALA

**Abstract**

**DEARNESS ALLOWANCE ARREARS - CREDITING TO PROVIDENT FUND ACCOUNTS - TIME LIMIT EXTENDED -ORDERS ISSUED.**

**FINANCE (PAY RESEARCH UNIT) DEPARTMENT**

**G.O.(P)No. 420/2012/Fin** **.Dated, Thiruvananthapuram, 28th July 2012.**

Read:- 1. G.O.(P) No.220/2008/Fin", da Led 22.05.2008

2. G.O.(P) No.38/2009/Fin, dated 17.01.2009

3. G.O.(P) No.2U/2009/Fin, dated 02.0(>.2009

4. G.O.(P) No.512/2009/Fin, dated 18.11.2009

5. G.O.(P) No.362/2010/Fm, dated 03.07.2010

6. G.O.(P) No.37/20 11 /Fin, dated 18.01.2011

7. G.O.(P) No.180/2011/Fin, dated 11/4/2011.

8. G.O.IPJ No. 535/201 1 /Pin, dated 14/ I 1/2011

9. G.O.(P) No.364/201 1/Fin,dated 25/08/2011.

**ORDER**

The time limit for crediting arrears of DA l.o the PF Account of the employee s sanctioned as per GO read as 1st, 2 nd, 3rd, 4th, 5 th and 6th papers above, were extended vide GO read as 9th paper above and the extended time limit expired on 29th February 2012. Similarly the arrears of DA sanctioned as per G.O read as 7th and 8th paper above can be drawn and credited lo the PF account of the employee; along with the salary bill only upto October 201 1 and May 2012 respectively.

Several requests are being received from various Heads of Institutions and individuals seeking extension of time for crediting the arrears of DA to the PF account for the period from 01.01.2008 onwards. Government have examined the requests and are pleased to order that the time limit for crediting the arrears of DA sanctioned from 01 /01/2008, 01/07/2008, 01/01/2009, 01/07/2009, 01/01/2010, 01/07/10, 1/1/2011 & 1/7/2011 to the PF Account of employees will be extended for 6 months. The DA arrears can be claimed in the salary bill upto 31st January 2013 and credited lo PF Account without fail. Further chance for crediting the arrears of Dearness Allowance sanctioned upto 0 I /07/20U8 will not he allowed.

All controlling officers will adhere lo the time schedule invariably.

Bv Order of the Governor,
GEORGE JOHN
Additional Secretary (Finance)

(3)

ABSTRACT

**Higher Education Department - Private Aided Colleges -Fixation of workload/teaching staff in aided colleges- Uniform norms fixed- Orders issued.**

HIGHER EDUCATION (D) DEPARTMENT

G.O (Ms) No. 87/2012/H.Edn Dated. Thiruvananthapuram 12.3.2012

Read:- Letter No. 51/KSHEC/Govt/2010 dated 30.12.2010 from the Member Secretary, Kerala State Higher Education Council.

ORDER

Government have observed that there are some-discrepancies between the norms followed by the Government and the Universities for the fixation of workload/teaching staff of aided colleges, after the implementation of the UGC scheme in the State. This is because the University Statutes and Ordinances which govern the conditions cf service and norms of workload of teachers have not been modified in accordance with the UGC regulations. This in turn results in difference in the allocation of number of permissible teaching staff* to various departments in aided colleges at Government and University level. This also leads to a large number of litigations between the College Managements and the Government. Besides it also paves the way for imprudent and wasteful public expenditure. Therefore it is highly necessary that all the Universities in the State should follow uniform norms consistent with Government's decisions in this matter of fixation of workload/teaching staff in Aided colleges.

Government have consulted the State Higher Education Council in the matter. They in turn have submitted a detailed report incorporating suggestions with regard to uniform norms be followed for the fixation of workload/teaching staff of aided colleges as per the letter read above. Government have examined the matter in detail and taking into account the CJGC regulations and the suggestions put forwarded by the Kerala State Higher Education Council, decided to fix the following norms for the fixation of workload/teaching staff in Aided colleges.

| | |
|---|---|
| Assistant Professor | 16 hrs (Under graduate level) |
| Associate Professor & Professor | 14hrs ( Under graduate level) |
| (One hour of PG teaching would be treated as equivalent to 1.5 hrs of UG Teaching) | |
| Maximum number of period for direct teaching for Principal of PG/UG College | 3 to 5 hrs per week |
| Minimum number of hours required for single faculty full time teaching post | 6 hrs per week |
| Minimum number of hours required for additional post in a subject | 9 hrs per week |

(In cases where a teacher has to engage more than IS hrs a week, the post of a part time lecturer may be created if the additional workload is less than 9 hrs)

The above norms shall be strictly adhered to and the existing provision in the respective Statutes/Ordinances may be amended incorporating these norms.

[BY ORDER OF THE GOVERNOR]

Dr. K M Abraham Principal Secretary to Government To

# എംജി സർവകലാശാല അധ്യാപകരുടെ വിരമിക്കൽ തീയതി ഏപ്രിൽ 30

സ്വന്തം ലേഖകൻ

കോട്ടയം ● എംജി യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന ആർട്സ് ആൻഡ് സയൻസ് കോളജുകളിലെ അധ്യാപകർക്ക് 56 വയസ്സു പൂർത്തിയാകുന്ന വർഷം മാർച്ച് 31നു പകരം ഏപ്രിൽ 30 വരെ സർവീസിൽ തുടരാം.

എംജി യൂണിവേഴ്സിറ്റി സെനറ്റ് അംഗവും പാലാ സെന്റ് തോമസ് കോളജ് അധ്യാപകനുമായ പ്രഫ. ജോജി അലക്സിന് വിവരാവകാശ നിയമപ്രകാരം സംസ്ഥാന ധനവകുപ്പിൽനിന്നു ലഭിച്ച മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

യുജിസി നിർദേശപ്രകാരം സിബിസിഎസ്എസ് പരിഷ്കാരം ബിരുദതലത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സർവകലാശാലകൾ തങ്ങളുടെ അക്കാദമിക് റഗുലേഷൻസ് ഭേദഗതി ചെയ്ത് വെക്കേഷൻ ഏപ്രിൽ, മേയ് മാസങ്ങൾക്കു പകരം നവംബർ, മേയ് ആയി സെമസ്റ്റർ ബ്രേക്ക് ക്രമീകരിച്ചുവെങ്കിലും എംജി യൂണിവേഴ്സിറ്റി മാത്രമാണ് ഇതു സംബന്ധിച്ച് ഓർഡിനൻസ് ഭേദഗതി കൊണ്ടുവന്നു ചാൻസലറുടെ അനുമതി തേടിയത്.

യൂണിവേഴ്സിറ്റി പരീക്ഷകൾക്കുശേഷം വിദ്യാർഥികൾക്ക് ഒരു മാസം വിശ്രമം നൽകാനും സിലബസിന്റെ ഭാഗമായുള്ള പ്രോജക്ട് തയാറാക്കൽ, വിവരശേഖരണം എന്നിവ നടത്താനും അധ്യാപകർക്കു മൂല്യനിർണയ ക്യാംപുകളിൽ ക്ലാസുകൾ നഷ്ടപ്പെടാതെ പങ്കെടുക്കാനും ഇതുമൂലം സാധിക്കും.

എംജിയിലെ മിക്ക കോളജുകളിലും എൻഎസ്എസ്, എൻസിസി ക്യാംപുകൾ, സ്പോർട്സ് കോച്ചിങ് ക്യാംപുകൾ, സ്റ്റഡി ടൂർ, കലോത്സവത്തിനുള്ള ഒരുക്കം എന്നിവ വിദ്യാർഥികൾക്ക് അധ്യയനദിവസം നഷ്ടപ്പെടാതെ ക്രമീകരിക്കുന്നതും നവംബറിലാണ്.

കേന്ദ്രസർക്കാരിന്റെ പ്ലാനിങ് കമ്മിഷൻ തങ്ങളുടെ അക്കാദമിക് ക്രെഡിറ്റ് സർവേയിൽ എംജി യൂണിവേഴ്സിറ്റിയിലെ അക്കാദമിക് പരിഷ്കാരങ്ങളെക്കുറിച്ചു പ്രത്യേകം പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഒരു മാസത്തെ ശമ്പളം കൂടുതലായി ലഭിക്കുന്നതു കൂടാതെ മറ്റു പല ആനുകൂല്യങ്ങളും എംജിയിലെ അധ്യാപകർക്ക് ഇതര സർവകലാശാലകളിലെ അധ്യാപകരെക്കാൾ കൂടുതലായി ലഭിച്ചേക്കും. ബജറ്റിനുശേഷം സർക്കാർ ജീവനക്കാർക്കു പുതിയ സാമ്പത്തിക വർഷം കൂടുതലായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾക്കും ഇവർ അർഹത നേടിയേക്കും.

**GOVERNMENT OF KERALA HIGHER EDUCATION (B) DEPARTMENT**

**No. 8622/B2/12/H.Edn**

**Thiruvananthapuram**
**Dated' 31,07.2012**

From

The Principal Secretary to Government

To

The Vice Chancellor, Mahatma Gandhi University.

Sir.

**Sub:- Date of retirement of Teachers of Government and Aided Arts & Science Colleges consequent on the unification of retirement date - Reg**

**Ref:- Your letter No.VC 501/135/2012 dated 01.03.2012**

I am directed to invite your attention to the reference cited and to inform you that since the GO dated 24/04/2009 has no relevance after withdrawing the unification of retirement, the teachers in the credit semester system may be allowed to continue till 30th April on the basis of Rule 60(c) Part I KSRs wherein it is stated that the teaching staff of all educational institutions who complete the age of 56 years during the course of an academic year shall continue in service till the last day of the month in which the academic year ends. Hence teachers can continue in service till 30th April.

Yours faithfully

**Ajikumaran S**

Additional Secretary to Government (For The Principal Secretary to Government)

## ഡോക്ടറേറ്റ്



കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും സ്റ്റാറ്റിസ്റ്റിക്സിൽ ഡോക്ടറേറ്റ് നേടിയ കോഴിക്കോട് സെൻറ് ജോസഫ്സ് കോളജ് അദ്ധ്യാപകൻ **ജോബി കെ.ജോസ്.** കാലിക്കറ്റ് സർവ്വകലാശാലയിലെ ഡോക്ടർ എം. മനോഹരൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവ്വകലാശാലയിൽ നിന്നും മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ കൊല്ലം എസ്. എൻ. കോളജ് അദ്ധ്യാപകൻ **ആർ. സുനിൽ കുമാർ.** *രാഷ്ട്രീയാവബോധം ആധുനിക മലയാള കവിതയിൽ* എന്ന വിഷയത്തിൽ ഡോ. എം. മുകുന്ദൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

# പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കാനുള്ള കേരള സർക്കാരിൻെറ തീരുമാനം പിൻവലിക്കുക

## 2012 ആഗസ്റ്റ് 21–ാം തീയതി കേരളത്തിലെ മുഴുവൻ ജീവനക്കാരും അധ്യാപകരും പണിമുടക്കുന്നു.



# ആഗസ്റ്റ് 21ലെ പണിമുടക്ക് വിജയിപ്പിക്കുക.

## സംയുക്തസമിതി

## AKPCTA Zindabad
## AIFUCTO Zindabad

R.No. 36025/81
No. 235
KERALA PRIVATE COLLEGE TEACHER
Registered No. KL/TV (N)35/2012-2014
Rs. 11/-
AUGUST 2012




AKPCTA
Wayanad District Committee

**ST. MARY'S COLLEGE**
Sulthanbathery

**PAZHASSI RAJA COLLEGE**
Pulpalli

**MARY MATHA COLLEGE**
Mananthavady

**W.M.O COLLEGE**
Muttil

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar